159 6
M.S
214

~~201~~
No. ~~214~~
266
214

അഭിനവ

സംഗീതനൈഷധം

(ഭാഷാനാടകം)

പ്രസാധകൻ
പള്ളത്ത് ഇക്കോരൻകുട്ടൻ.

(കോപ്പി 1100)

തൃശ്ശിവപേരൂർ
കേരളചിന്താമണി അച്ചുക്കൂട്ടത്തിൽ അച്ചടിച്ചതു.

(Copy Right Reserved)

1090.

Price 8 as. വില ൮ ണ.

സംഗീത

നൈഷധം.

ഭാഷാനാടകം.

ഒന്നാമങ്കം.

ഹരിഃ ശ്രീഗണപതയെ നമഃ

നീരിത്താരമ്പനെത്തൻനിടിലദഹനനിൽ
ചുട്ടുപൊട്ടിച്ചുവന്നുൾ-
ത്താരിൽസംസാരചിന്താമദലഹരിപിടി-
പ്പിച്ചുകഷ്ടപ്പെടുത്തി
നേരിട്ടീശാഖ്യകായംനെടിയവിരുതൊടും
തീവ്രവാങ്ങിത്തിളങ്ങും
ഗൌരിപ്പെണ്ണിൻകടാക്ഷക്കളികളനുദിനം
നിങ്ങളെത്താങ്ങിടട്ടേ!

(നാന്ദ്യന്തത്തിൽ സൂത്രധാരൻ പ്രവേശിച്ചു അണിയറക്കു നേരെ നോക്കീട്ടു)

സരസനടനവിദ്യാസാരസർവ്വസ്വമാകും
സരസിജമിഴിയാളേ! മൽപ്രിയപ്രാണനാഥേ!
പരമരസികരാകുംമാന്യസാമാജികന്മാ-
ക്കുളകപരിതോഷംവന്നുനീവന്ദനീയേ!

നടി—(പ്രവേശിക്കുന്നു) ആര്യ്യ! ഞാൻ ഇതാ തെയ്യാറായി വന്നിരിക്കുന്നു. ഞാൻ എന്താണിവിടെ ചെയ്യേണ്ടതായിട്ടുള്ളതു?

സൂത്രധാരൻ—(നാടകാഭിനയം കാണ്മാനായി ഇരച്ചു വന്നിട്ടുള്ള സഭ്യന്മാരെ ചൂണ്ടിക്കാണിച്ച്)

'കാമനോ സോമനോ'—എന്ന മട്ടു.

ചരണങ്ങൾ.

1. കണ്ടുവോ വണ്ടണിവേണി! പണ്ടിതുപോലൊരു യോഗം
ഇണ്ടലെല്ലാമകന്നകത്തണ്ടലർ വികസിക്കുന്നു
പണ്ഡിതന്മാർ പണക്കാരും മുന്നിമാർ കന്നിമാർ സാധു-
പുണ്യവാന്മാരുടെ ചാരുമണ്ഡലവുമൊത്തുവന്നു. കണ്ടു

2. നാടകനവരസത്തിൻ ഗൂഢമർമ്മം ധരിക്കുവാൻ
പാടവമേറും ബുധന്മാർ കേടകന്നു വിളങ്ങുന്നു
മുത്തണിസ്തനി യിവർക്കുമുത്തണയ്ക്കുവാൻ വിശേഷ
സംഗീതങ്ങളെയിപ്പോളത്തലെന്ന്യേ തുടങ്ങേണം. കണ്ടു

അതിനാൽ ഏതു നാടകം അഭിനയിച്ചാണ് ഈ സഭാവാസികളെ സന്തോഷിപ്പിക്കേണ്ടതു എന്നു ഭവതി തന്നെ ആലോചിച്ചു പറയൂ.

നടി—(വണക്കത്തോടു കൂടി)

'ആറുമുഖവടിവേലവനേ'—എന്ന മട്ടു.

കണ്ണികൾ.

1. വല്ലഭനോതുന്നപോലെ നടക്കുകയല്ലാതെയോർത്തുകണ്ടാൽ
വല്ലതും ചൊല്ലുവാൻ വല്ലഭയുണ്ടാമോ? മല്ലമിഴിനിവഹേ.
2. കല്യാശയന്മാരിരിക്കുന്നതു കാൺകെ സോല്ലാസമിസ്സഭയിൽ
സല്ലാപം നിർത്തിനാം ഉല്ലാസപൂർവ്വകമെല്ലാം നടത്തീടുക.
3. സംഗീതനാടകം മോടിയിലാടുവാനിംഗിതമുണ്ടു മമ
എങ്ങിനെ വേണമെന്നാജ്ഞാപിച്ചീടുക സാംഗതികാന്ത! ഭവാൻ.
4. നാടകകാര്യനവരസാഭിജ്ഞന്മാർ കൂടുമിസ്സംഘത്തിനെ
ആടിയും പാടിയുമാകർഷണം ചെയ്ക ചാടുവാ ചാരുമുഖ!

സൂത്ര—(ആലോചിച്ചിട്ടു) ആര്യെ! ഇയ്യിടെ 'ബാലകൃഷ്ണൻ' എന്ന സംജ്ഞയാൽ പ്രസിദ്ധമായി അറിയപ്പെടുന്ന ഗായകകവിയാൽ

പരിഷ്കരിച്ചുണ്ടാക്കപ്പെട്ട 'സംഗീതനൈഷധം' എന്ന പ്രസി
ദ്ധ നാടകത്തെ ഭവതി ഓൎക്കുന്നില്ലയൊ?

നടി—ഓ ശരി തന്നെ. ഈ നാടകം നമ്മൾ അഭ്യസിക്കയും ഉ
ണ്ടായിട്ടുണ്ടല്ലൊ.

സൂത്ര—എന്നാൽ അതു തന്നെയാകട്ടെ. ഭവതി ഈ മാന്യസഭ്യ
ന്മാരുടെ മനോല്ലാസത്തിന്നായി ഈ വസന്തകാലത്തെക്കുറിച്ചു
മംഗളമായി കുറഞ്ഞൊരു ഗാനം ആരംഭിച്ചാലും.

നടി—കല്പനപോലെ (പാടുന്നു)

'കാവടിചിന്തു' 'പച്ചമാവിലചോലൈ'—എന്ന മട്ടു.

സൂ—മല്ലമല്ലിക ചമ്പകാദികൾ നല്ലമാലതി തൊട്ടുവല്ലികൾ
പല്ലവങ്ങളിണങ്ങിനില്ക്കുമുപവനം—കാണ്ക—
മല്ലമാധുരിലോചനേ! ബഹു പാവനം.

നടി—കണ്ടുകണ്ടുമരന്ദമാധുരിയുണ്ടുതെണ്ടിനടന്നിടും വരി-
വണ്ടിനങ്ങളിണങ്ങിയിങ്ങതിഭാസുരം—ഓൎക്ക—
മിണ്ടൽതീൎക്കുമീവസന്തവാസരം.

സൂത്ര—അളികളും പൈങ്കിളികളും വൻകുളിൎക്കുള്ളിലതാ—ചിത്ര-
മിളകുന്നു കളിക്കുന്നു കാന്തിയിൽ—കാന്തേ
വിളിക്കുന്നു തളിർകാട്ടിപന്തിയിൽ.

നടി. മലയപവനനിലലയമിലകളമരിയപരിമളപടവിമധുമധു
നിലകളകതളിരതിനുകതുകപ്രദായകം—കാമ—
കളികളറിയുന്നസരസർക്കിതുസുഖദായകം.

സൂത്ര—ആൎയ്യേ! പാട്ടു വളരെ വിശേഷമായി. എന്നാൽ വിവ
രങ്ങൾ നടന്മാൎക്ക വേഗത്തിൽ അറിവു കൊടുക്കുക.

നടി—ഭവാന്റെ കല്പന പോലെ (എന്നു പോയി)

സൂത്ര—(ചുററി നടന്നു അണിയറക്കു നേരെ നോക്കിയിട്ടു) അല്ല
യൊ നടന്മാരെ! നിങ്ങൾ എന്താണിത്ര ഉദാസീനന്മാരായി
കാണപ്പെടുന്നതു? സമയം വല്ലാതെ അതിക്രമിക്കുന്നു.

നടൻ—(പ്രവേശിച്ചു) ഇതാ ഗാനം ആരംഭിക്കുന്നു. എന്നാൽ,

നാടകമേതാടേണം
പാടവമേറുംഭവാൻപറഞ്ഞാലും!
സൂത്ര— മോടിയെഴുന്നൊരുനൈഷധ-
മാടിരസിപ്പിക്കഗാനസങ്കലിതം.

നടൻ-ഭവാൻെറ ആലോചന വളരെ നന്നായി. എന്തെന്നാൽ അഭിനവങ്ങളായ നാടകങ്ങൾ ഒന്നാമതായി ആടേണ്ടതു ഇങ്ങിനെയുള്ള സജ്ജന സദസ്സിൽവെച്ചു തന്നെയാണു.

(അണിയറയിൽ)

തോഴർ ഇതിലെ, ഇതിലെ.

നടൻ-ആര്യ്യ! ഇതെന്തൊരു കഥയാണു?

സൂത്ര-(തിരിഞ്ഞു നോക്കി) കഷ്ടം! കഷ്ടം!! താൻ ഈ കാഴ്ച കാണുന്നില്ലേ? ഇതാ നൈഷധമഹാരാജാവു.

കല്യാണി-ആദിതാളം

പല്ലവി

നിഷധാധിപനേകാണുക! മാമകപ്രിയേ!

അനുപല്ലവി

യോഷാമണികൾക്കെല്ലാംഭൂഷണമാകുംഭൈമീ
സുഷമാവിലാസവിശേഷാദികളേസ്മരിക്കും നിഷധാ

ചരണം

മാനോന്നതനാംനൃപൻ-മന്മഥമഥിതനായി
മാനസേഖേദംപൂണ്ടുമാഢവ്യനോടുംകൂടി
അന്നരാജൻതിരിച്ചുവരുംമാർഗ്ഗവുംദർശിച്ചു
സന്നതാംഗിയേസ്മരിച്ചുദ്യാനത്തിൽകാത്തിരിക്കും നിഷ

(എന്നു രണ്ടാളും പോയി)

പ്രസ്താവന കഴിഞ്ഞു.

(അനന്തരം അത്യധികമായ ഉദ്വേഗത്തോടുകൂടി രാജാവും വഴി കാണിച്ചുകൊണ്ടു വിദൂഷകനും പ്രവേശിക്കുന്നു)

വിദൂഷകൻ-തോഴർ ഇതിലെ, ഇതിലെ.

രാജാവു—സഖെ! സുവൎണ്ണ നോക്ക, നോക്ക. ഈ ആരാമം എ
ല്ലാ പ്രകാരത്തിലും എന്റെ തല്ക്കാല അവസ്ഥക്ക അനുകരി
ച്ചു തന്നെയിരിക്കുന്നു. എന്തെന്നാൽ,

'സീമയകന്നൊരു കോമളിമാവ്'—എന്നമട്ട

1. കോമളവല്ലികൾപൂമഹനീയകൾമാമരപങ്ക്തികളും
ആമയമേററിഹമാമകമട്ടിലിതാമരുവുന്നിവിടെ
കാററത്താടാതേവല്ലികൾ-കാടിതിൽനില്ക്കുന്നു.
2. അല്ലിലുറങ്ങിടാതല്ലലണഞ്ഞൊരുകൈരവനിരയെല്ലാം
നല്ലൊരുകാമിയെപ്പോലവേ-കൂമ്പുവാൻമെല്ലവെമുതിരുന്നു
ഇല്ലാമച്ചിത്തേതോഴ!ഉല്ലാസാവേശം.
3. തങ്കനിറപ്രഭതങ്കിവരുന്നൊരുബാലദിവാകരനെ
പങ്കജമുണ്ടിതാപാൎത്തുവസിക്കുന്നുസങ്കടമകലാനായ്
അന്നത്തേക്കാത്തുനില്ക്കു-മെന്നെപ്പോൽതന്നെ.

വിദൂഷകൻ—ഇതാ തോഴരെ! ഉദ്യാനമണ്ഡപം സമീപിച്ചുവ
ല്ലൊ. കുസുമതരു നിരകളിൽ മന്ദമാരുതൻ തട്ടി പുറപ്പെടുന്ന
സൌരഭ്യമുള്ള തണുത്ത കാററുകൊണ്ടു ക്ഷീണം തീൎക്കാം.

രാജാവു—എന്നാൽ അങ്ങിനെയാവട്ടെ! നടക്ക!

വിദൂഷകൻ—തിരുമനസ്സുകൊണ്ടു എഴുന്നള്ളാം.

(രണ്ടാളും ചുററി നടന്നു പുഷ്പവാടിയിൽ ചെന്നിരിക്കുന്നു.)

രാജാവു—വയസ്യ! കോവിലകത്തു ഇരിക്കുന്നതായിരുന്നു ആ
ശ്വാസം. ഈ ഉദ്യാനത്തിൽ വന്നതു വലിയ ദുൎഘടമായി.
എന്തെന്നാൽ ഈ നില്ക്കുന്ന അശോകവൃക്ഷവും ഇന്നത്തെ പ്ര
ഭാതവും കാണുമ്പോൾ ആഹംസശ്രേഷ്ഠനെ പിടികൂടിയ പൂ
ൎവ്വകഥ എന്റെ മനസ്സിൽ വേദനയെ ഉണ്ടാക്കുന്നു. ആ സാ
ധു പക്ഷി വരന്റെ ഉദ്യമം എന്തായി എന്നറിയാതെ എ
ന്റെ മനസ്സിനു ഒരു സമാധാനമില്ലാതായിരിക്കുന്നു.

വിദൂഷകൻ—തോഴരെ! എന്താ ഇങ്ങിനെ പരിഭ്രമിക്കുന്നതു? ഇ
ന്നലെയല്ലെ ആഹംസം യാത്ര പറഞ്ഞു പിരിഞ്ഞതു? ഇ

തിന്റെ അൎത്ഥം എനിയ്ക്കു മനസ്സിലാകുന്നില്ലല്ലൊ?

രാജാവു—വയസ്യ!ക്ഷമിക്ക. അങ്ങിനെയല്ല.

'പിയ്യാമോരിമൈന്തൻ'—എന്നമട്ടു.

മയ്യൽക്കണ്ണിയാളേരമെകിട്ടിടുമോ?
മഞ്ജുളക്കാറണിമുടിക്കെട്ടുതൊട്ടിടാമൊ?
നരന്മാരോ-നാലഞ്ചുഃദേവന്മാരോ-
അവളുടെകൈത്താരോ—മനിച്ചിടുന്നു? മയ്യൽകണ്ണി

വിദൂഷകൻ—തോഴർ വ്യസനിച്ചിട്ടാവശ്യമില്ല. ഇത്ര സൌഭാഗ്യമുള്ള ഭവാനെ ഉപേക്ഷിച്ചു അന്യനിൽ അവൾക്ക മനസ്സു ചെല്ലുകയില്ല. അഥവാ അവൾക്ക മറിച്ചു തോന്നുന്നപക്ഷം ഗുണദോഷങ്ങളൊന്നമില്ലാത്ത ഒരു സ്ത്രീയെ കുറിച്ചു അവിടുന്നു ഇത്രയൊക്കെ ചഞ്ചലപ്പെട്ടിട്ടു യാതൊരു ആവശ്യവുമില്ല. ഇതിനൊന്നും ഇടവരികയില്ല. ആഹംസം ഭവാന്റെ ചിത്രപടം കൂടി കൊണ്ടു പോയിട്ടുണ്ടല്ലൊ!

രാജാവു—വയസ്യ! അങ്ങിനെ വിചാരിപ്പാനും പാടില്ലാതെയാണു ഇരിക്കുന്നതു. എന്തെന്നാൻ

'മൃദുമൃഗമേനിയിൽ'—എന്നമട്ടു.

1. മതിമുഖിയാളുടെമതിഗതിയെങ്ങിനെ
മാനസമേ!ഭവാനോൎത്തുകൊണ്ടീടുന്നു.

2. പൂന്തനുവാകുമാട്ടാന്തസഹോദരി
കാന്തയായീടുവാൻകാലമുണ്ടോമമ. മതിമുഖി

3. യാമിനീശാസ്യയാംകാമിനിയാളന്യ
ഭൂമിപനേമനംകൊണ്ടുവരിച്ചുവൊ? മതിമുഖി

4. അങ്ങിനെയാവുകിലെങ്ങിനെപിന്നെഞാ
നിങ്ങുനരകതയാക്കീടുമമ്പാലയെ. മതിമുഖി

വിദൂഷകൻ—തോഴർ ക്ഷമിക്കുക; ഞാൻ ഒന്നു പരീക്ഷിക്കട്ടെ. (ആലോചന നടിച്ചു കൈവിരൽ മടക്കി എണ്ണുന്നു.) തോഴരെ! എന്നെക്കൊണ്ടു കഴിയുന്ന വിധത്തിൽ ആലോചിച്ചു തീച്ചയാക്കിയിരിക്കുന്നു. എന്നിട്ടു ലക്ഷണം കൊണ്ടു ഇങ്ങിനെയാണു കാണുന്നതു.

രാജാവു— എങ്ങിനെ?

വിദൂഷകൻ—ഭവാന്റെ സൌന്ദൎയ്യാദി ഗുണങ്ങളെ പലരും വൎണ്ണിച്ചു പറയുന്നതു കേട്ടിട്ടു ഒരു സമയം ദൈമി തോഴരെ തന്നെ മനസ്സുകൊണ്ടു വരിച്ചിരിക്കണം. ഇല്ലെങ്കിൽ മററു വല്ലവരേയും....

രാജാവു—വയസ്യ! കളി വചനങ്ങൾ കളയു. എലിക്കു പ്രാണവേദന പൂച്ചക്കു കളിവിളയാട്ടം എന്ന പോലെയിരിക്കുന്നുവല്ലൊ! യാതൊരു സമാധാനവുമില്ലാതിരിക്കുന്ന എന്റെ മനസ്സിനെ സന്തോഷിപ്പിപ്പാൻ എന്തു ചെയ്യണമെന്നു പറയു.

വിദൂഷകൻ—അതൊ സമാധാനത്തിന്നു നല്ല ഒരു മാൎഗ്ഗം ഞാൻ ആലോചിക്കട്ടയൊ?

രാജാവു—ആലോചിക്കുക.

വിദൂഷകൻ—(വലിയ ആലോചനഭാവം നടിക്കുന്നു.)

രാജാവു—(ആകാശത്തിൽ നോക്കി) ആത്മമിത്രമായ അന്നമെ! അങ്ങുന്നു ഇപ്പോൾ ഏതു സ്ഥിതിയിലിരിക്കുന്നു!

കണ്ടിക്കാറണിവേണീയാകുമവളെ
കാണ്മാൻതരംവന്നിതോ
കണ്ടിട്ടായവൾപിന്തിരിഞ്ഞുസഖിമാ-
രോന്നിച്ചുടൻപോയിതോ
കണ്ടാൽനല്ലഴകുള്ളഹംസവരനെ
കൌതുഹലംകൊണ്ടു,ഞാൻ
തണ്ടാർപ്പൊയ്കയിൽവെച്ചുചെയ്തവിധമി-
ന്നാരോപിടിച്ചെന്നതൊ?

വിദൂഷകൻ—തോഴരെ! ആശ്വാസത്തിന്നു നല്ലതായ ഒരു സൂത്രം ഞാൻ കണ്ടു പിടിച്ചിട്ടുണ്ടു.

രാജാവു—(ധൃതിയോടെ) അതെന്തെന്നു പറഞ്ഞാലും!

വിദൂഷകൻ—അല്ലയൊ തോഴരെ! ആ കളഹംസം ഭീമനന്ദിനിയെ അവയവം പ്രതി അന്നു വൎണ്ണന ചെയ്കയുണ്ടായില്ലേ?

രാജാ—ഉവ്വ്. അതുകൊണ്ടെന്താണു?

വിദൂഷകൻ—ആ വൎണ്ണനാമൃതത്തെ ആസ്വാദിച്ചു അങ്ങുന്നു ആനന്ദം അനുഭവിച്ചാലും.

രാജാ—പ്രിയ മാഢവ്യ! അക്കാൎയ്യമെല്ലാം ചിന്തിക്കുന്നതായാൽ കുറെ ദുൎഘടമാണു. എന്തെന്നാൽ,

കാമശ്രീദമയന്തിതൻമൃദുലമാമംഗങ്ങളോരോന്നുമാം-
പ്രേമത്തോടിവനിന്നുവൎണ്ണനകഴിച്ചീടാൻതുടങ്ങീടുകിൽ
ധൂമംപൊങ്ങിയെരിഞ്ഞുകൂടുന്നകഠിനച്ചെന്തീയ്യിൽനെയ്‌വീഴ്ത്തിടു-
ന്നാമട്ടെൻമതിമാലതീവിശിഖനാൽമാഢവ്യ!വാടീടുമേ.

വിദൂഷകൻ—എന്നാൽ എനിയ്ക്കു ഊഹബലം നന്നെ കുറവാണു.

രാജാ—വയസ്യ! താൻ എന്റെ ആത്മമിത്രമായിരുന്നിട്ടും കൂടി എന്റെ കഠിന സന്താപത്തിൽ മനസ്സലിയാത്തതു എന്തു കൊണ്ടാണു? തനിയ്ക്കു ഈ വക വിഷയങ്ങളിൽ മനസ്സിനു ഒരു വികാരവും ഉണ്ടാവാറില്ലേ?

വിദൂഷകൻ—തോഴരേ! എന്റെ ജീവിതകാലത്തിന്നിടക്കു എനിയ്ക്കു ഇതിലും എത്രയൊ മനോവേദനകൾ സഹിക്കുവാൻ സംഗതി വന്നിട്ടുണ്ടു. എന്തെന്നാൽ,

'അന്നനടയാളെയെന്തൻ—എന്ന മട്ടു.'

1. മുന്നമൊരുനാളുഞാനുംമഞ്ജുളാംഗിയാകുമെന്റെ
കന്നൽമിഴിയാളുമായികലഹമേററംകൂത്തടിച്ചു.
2. കൊണ്ടൽവേണിതന്നെവിട്ടുംകൊണ്ടുഞാനുംപോന്നുമെ
രണ്ടുനാലുനാളുകോപംപൂണ്ടിവൎണ്ണംവാണിരിക്കെ. [ല്ലെ
3. പഞ്ചസാരവാണിയെന്നെക്കൊഞ്ചിവിളിപ്പിച്ചമൂലം
ചഞ്ചലങ്ങൾതീൎന്നുഞങ്ങൾകൊഞ്ചിവിളയാടിപാരം
4. അന്നുതൊട്ടുഞാനുമെന്റെകന്നൽമിഴിമൌലിയാളു-
മൊന്നുകൊണ്ടുംവൈരമില്ലാതിന്നുവരെവാണിടുന്നു.

രാജാ—തന്റെ വിനോദങ്ങളെല്ലാം മതി. തനിയ്ക്കു എപ്പോഴും കരുപോലെയാണു.

വി—(ആകാശത്തേക്കു നോക്കിയിട്ടു) അഹോ! മിന്നൽ പിണർ പോലെ എന്തൊ ഒന്നു ആകാശത്തിൽ നിന്നു ഇതാ ഇറങ്ങി

വരുന്നു. തോഴരേ! കാണും തോറും എനിയ്ക്കു മനസ്സിൽ അധികമായ ഭയം ഉണ്ടാകുന്നുവല്ലോ.

രാജാ--(ഉന്മുഖനായി) ഹാ! ഹാ!

വിണ്ണിലനാണമണയ്ക്കും
കുണ്ഡിനമാകുംപുരത്തിലെത്തിയിതാ!
തിണ്ണമണഞ്ഞിടുന്നു
കണ്ണിണകുളിരേകിടുന്നകളഹംസം.

(അനന്തരം ഹംസം പ്രവേശിക്കുന്നു.)

രാജാ—പ്രിയ മിത്രമേ! സമീപത്തു വരൂ!

ഹംസം—(അരികെ ചെന്നു) അങ്ങു ആനന്ദിച്ചാലും! ആശ്വസിച്ചാലും!

രാജാ—ഉദ്ദിഷ്ടകാര്യം ഫലപ്രദമായോ എന്നു അറിയാതെ എന്റെ ഹൃദയം വല്ലാതെ ചലിക്കുന്നു.

ഹംസം—അങ്ങുന്നു ശ്രവിച്ചാലും! ഞാൻ ഇവിടെ നിന്നു പുറപ്പെട്ട്,

'ത്യാഗരാജരാജരാജ'—എന്ന മട്ടു.

1. കൊണ്ടൽവേണിഭൈമിയെഞാൻകണ്ടുഭൂപതേ!
തണ്ടാരിൽമാതിന്റെരണ്ടാംപിറപ്പുപോൽകോമളയാകും.
കൊണ്ടൽ

2. ആളികളൊത്തവൾകാളിമകചയാൾ
കേളികൾചെയ്തിടും-
അളവതിൽകളമധു വിളമൊഴിയൊടുഞാനത-
നളതവകഥചൊന്നേൻ

3. നളപദശ്രവണത്താൽകളമൊഴിദമയന്തി-
പുളകിതതനുവായി
നാഥ!പിന്നെഞാനോതിടേണമൊ
നളിനായതനയന- നളി- നളി- കൊണ്ടൽ

രാജാ—അല്ലയൊ കളഹംസമേ! ആ ദമയന്തി എനിക്കു തന്നെ

വശംവദയാകുമൊ? അഥവാ അന്യപുരുഷനിൽ അനുരക്ത യായി വരുമൊ?

ഹംസം—ഹേ നൈഷധ! അങ്ങ് ദമയന്തീലാഭത്തെ കുറിച്ചൊട്ടും തന്നെ സംശയഗ്രസ്തനാകേണ്ട. എന്തെന്നാൽ,

തേനോലും മൊഴിയായഭിമതനായേ!
നീ ചൊന്നതെല്ലാം ദൃഢം
താനോ ഭേദമുദിക്കുമോ? ചപലനെ-
ന്നെന്നോ ദുഷിപ്പിക്കുമോ?
ഞാനോരോന്നിതുപോൽ മനസ്സറിയുവാൻ
ചോദിക്കവേ ചൊല്ലിനാൾ:—
മാനോല്ലാസിനളൻ മദീയവരനാ-
ണല്ലെങ്കിലില്ലെന്നു ഞാൻ.

രാജാ—ആയ്യ് ദമയന്തി ഇങ്ങിനെ പ്രതിജ്ഞ കൂടി ചെയ്തതിനാൽ എന്റെ സംശയങ്ങളെല്ലാം അസ്തമിച്ചു പോയി.

ഹംസം—ഇത്രയുമല്ല, ദമയന്തിക്കു ഭവാനിൽ നിർവ്യാജമായ അനുരാഗമുണ്ടെന്നും പലപ്പോഴും അങ്ങയുടെ ഗുണഗണങ്ങളെ വർണ്ണിക്കാറുണ്ടെന്നും ആളികൾ മുഖേന ഞാൻ ധരിച്ചിരിക്കുന്നു.

രാജാ—പ്രിയ ഹംസമേ!

'അയ്യോ ഞാനറിയാത്ത്' — എന്ന മട്ട.

1. പൊന്നണിനിറമുള്ളോരന്നമേ മമസഖേ!
എന്നരികിൽ നീ വാ വാ ഉന്നതഗുണരാശേ. പൊന്നണി
2. ദാന്തസോദരിതന്റെ സ്വാന്തം മല്ലരമാക്കും
ബന്ധുതക്കുപകാരമെന്തു ഞാൻ ചെയ്യേണ്ടൂ. പൊന്നണി
3. ധാതാവല്ലയോ നിന്റെ നേതാവെൻ ഭഗവീര!
ഓതാനെന്തുള്ളു പിന്നെ നീ താനല്ലയോ ധന്യൻ? പൊന്നണി
4. ആവിലം വിനാ ചിരം ജീവിയായ് ഭവിച്ചാലും
ഭാവിമംഗളം തവ ദൈവമേകിടും നൂനം. പൊന്നണി

ഹംസം—അങ്ങുന്നു അപ്രകാരം അരുളിച്ചെയ്യരുതു. എന്തെന്നാൽ,

ചേതോഹര! നിന്മുന്നം
യാതൊന്നുംചെയ്യ്ടാതെവിട്ടതിനായ്
ജാതോല്ലാസംഞാനി-
ച്ചെയ്തോരുപകാരമെത്രനിസ്സാരം.

രാജാ—ഹേ! മരാളശ്രേഷ്ഠ! ഭവാൻ എനിയ്ക്കു ഇതിലും അധികമായ സഹായം ഒന്നും ചെയ്യാനില്ല.

ഹംസം—നൃപോത്തമ! ഭവാൻ എന്നെ പോകുവാൻ അനുവദിച്ചാലും! പരിണയശേഷം ഞാൻ ഇവിടെ വന്നു കണ്ടുകൊള്ളാം.

രാജാ—ഇത്ര ക്ഷണം ഇവിടെ നിന്നു ഗമിക്കുകയോ?

ഹംസം—ഇനിക്കും ഭവാനെ പിരിഞ്ഞു പോകുന്നതിൽ അനല്പമായ പരിതാപമുണ്ടു. എന്തു ചെയ്യാം. ഇത്രകാലമായിട്ടും ഞാൻതിരിച്ചുവരാഞ്ഞതുനിമിത്തം ഒരു സമയം

ശിഷ്ടർമൽപ്രിയവല്ലഭനുശിവനേ!
വല്ലേടവുംവെച്ചഹാ!
കഷ്ടം!മൃത്യുഭവിച്ചുവെന്നുനിരൂപി-
ച്ചാഹന്ത!മോഹാന്ധയായ്
ഇഷ്ടപ്രേയസി,യെന്തിനാണുതനിയേ
വാഴുന്നതെന്നോർത്തുടൻ
പുഷ്ടക്ലേശമൊട്ടൊഴിവാസവുമപേ-
ക്ഷിച്ചെന്നുവന്നീടുമെ.

രാജാ—എന്നാൽ അങ്ങിനെയാവട്ടേ.

ഹംസം—സുവർണ്ണ! പിന്നെ കാണാം (എന്നു പോയി)

രാജാ—ഹേ! സുവർണ്ണ! പ്രിയ ഹംസം പോയപ്പോൾ എന്റെ ധൈര്യവും പോയി.

വിദൂഷകൻ—ഇതെന്തു കഥയാണു! പ്രിയഭൈമിയെ കാണുന്നതിനു പകരം ആ രാജഹംസത്തെ ദർശിച്ചാൽ മതിയെന്നോ?

രാജാ—പ്രിയമാണവക! താനെന്തറിഞ്ഞിരിക്കുന്നു! ആ ഹംസമില്ലെങ്കിൽ ദമയന്തിയുണ്ടോ എനിയ്ക്കു അധീനയാകുന്നു?

വിദൂഷകൻ—ശരി തന്നെ! ആ പക്ഷിശ്രേഷ്ഠൻ ഇത്രയൊക്കെ ധൈൎയ്യമായി പറഞ്ഞിട്ടുള്ള സ്ഥിതിക്ക് ഭൈമി ഒരിക്കലും അന്യാധീനയായി വരുമെന്നു സംശയിപ്പാനില്ല.

(തവണക്കാരൻ പ്രവേശിച്ചു) സ്വാമിൻ! ജയിച്ചാലും! തിരുമനസ്സിലെ മുഖം കാണ്മാനായി കുണ്ഡിനപുരത്തിൽ നിന്നു ഒരു ദൂതൻ വന്നു അവസരം നോക്കി നില്ക്കുന്നു.

രാജാ—കുണ്ഡിനത്തിൽ നിന്നൊ?

തവണ—സ്വാമി.

രാജാ—എന്നാൽ ഉടനെ വരുവാൻ പറയൂ?

തവണ—ആജ്ഞപോലെ (എന്നു പോയി)

ദൂതൻ (പ്രവേശിച്ചു) സ്വാമിൻ! സൎവ്വോൽക്കൎഷേണ വൎത്തിച്ചാലും! തിരുമനസ്സിലേക്കു ഭീമമഹാരാജാവു ഒരു തിരുവെഴുത്തു തന്നയച്ചിട്ടുണ്ടു.

രാജാ—നോക്കട്ടെ! (എന്നു വാങ്ങി വായിച്ചിട്ട്) എടൊ ദൂത! പൊയ്ക്കോളു.

ദൂതൻ—സ്വാമിൻ! ദീൎഘായുസ്സായി ഭവിച്ചാലും! (എന്നു പോയി)

വിദൂഷകൻ—തോഴരെ! തിരുവെഴുത്തു സ്വകാൎയ്യമല്ലാത്ത പക്ഷം ഒന്നു വായിച്ചു കേട്ടാൽ കൊള്ളാം.

രാജാ—വായിക്കാം! ശ്രദ്ധിക്കൂ! (എന്നു വായിക്കുന്നു)

ശ്രീ

ശ്രീമൻ!നൈഷധഭൂപതേ!മഹിതരാ-
യിട്ടുംമഹീപാലരുമ-
പ്രേമത്തോടരുളുംമഹാസഭയിൽവെ-
ച്ചിന്നേയ്ക്കുമൂന്നാംദിനം
൧ കാമൽദ്ദാനതസഹോദരീചരിണ്ണയം
കൊണ്ടാടുമന്നിങ്ങുവ-

നാമംഗല്യമഹോത്സവംപ്രിയഭവാൻ
ഭംഗ്യാനടത്തേണമെ!
സീമയററഗുണോല്ക്കൃഷ്
ധാമനാംനളഭൂപന്
ഭീമഭൂപാലകൻപുത്രി.
പ്രേമപൂർവ്വമയപ്പത്.

രാജാ—(പുഞ്ചിരിക്കൊണ്ടു) എടോ! താനും കൂടി പോരുന്നുവോ?

വിദൂഷകൻ—ഇല്ല. ഇല്ല. ഞാൻ വരുന്നില്ല.

രാജാ—കാരണം?

വി—ദമയന്തിലാഭത്തെ കാമിച്ചു അനേകം നൃപാലന്മാർ നിറഞ്ഞിരിക്കുന്ന ആ സ്വയംവരമണ്ഡപത്തിൽ വെച്ചു, ഭൈമി തോഴരെ തന്നെ മാലയിടും. തൻമൂലം ആ അവസരത്തിൽ പല കലഹങ്ങളും സംഭവിച്ചേക്കാം.

രാജാ—എടോ! താൻ ഇത്ര ഭീരുവാണെങ്കിൽ പോരേണ്ട.

വി—(വിചാരിച്ചു) ദമയന്തി ഭവാനെ മാലയിടുമ്പോൾ തോഴികളിൽ ആരെങ്കിലും എന്നെയും വരിച്ചാലൊ?

രാജാ—വയസ്യ! താൻ സഭാഗ്യനാണല്ലോ.

വി— ഇല്ല. ഞാൻ വരണമെന്നു വിചാരിക്കുന്നില്ല.

(അണിയറയിൽ)

സ്വാമിൻ! സർവ്വോൽകൎഷേണ വർത്തിച്ചാലും.

ചൂടേറീടുന്നമൂലംപഥികജനമുടൻ
പാഞ്ഞിതാവന്തരത്തിൻ
ചോടേപറ്റുന്നനേരംപവനനപഹരി-
ക്കുന്നഹോ!സ്വേദഹാരം
പാടേപത്രങ്ങൾവാടുന്നിതു;പറവകളും
പാട്ടുകൈവിട്ടുകൂട.
ക്കൂടേവെള്ളത്തിൽമുങ്ങിച്ചിറകടിതുടരു-
ന്നുണ്ടുപോലഞ്ഞുമിക്കും.

വി—വൈതാളികൻ മദ്ധ്യാഹ്നത്തെ സൂചിപ്പിക്കുന്നു. അതിനാൽ നമുക്ക മദ്ധ്യാഹ്നകർമ്മങ്ങൾക്കായി പോവുക.

(എന്നു രണ്ടാളും പോയി)

സംഗീത

നൈഷധം.

ഭാഷാനാടകം.

രണ്ടാമങ്കം.

(സിംഹാസനാരൂഢനായി ദേവേന്ദ്രൻ പ്രവേശിക്കുന്നു.)

ഇന്ദ്രൻ—(ആത്മഗതം) പ്രിയ മിത്രങ്ങളായ യമാദികൾ ഇതുവരെ എത്തിയില്ലല്ലൊ. ഇങ്ങാകട്ടെ!

'താപസന്മാർ'—എന്ന പോലെ.

1. സോമബിംബാനനയാകുംരാമമാർമണിതൻവൃത്താ
   മാമുനിയാംനാരദർതാൻആമയംവിട്ടോതിയപ്പോൾ. സോ
2. മാനസമംഗജൻതൻറസൂനബാണംഭയപ്പെട്ടോ
   ആനളിനമിഴിതന്നിൽലീനമായിട്ടിരിക്കുന്നു. സോമ
3. മന്നിലുള്ളമാന്മിഴിമാർമണ്ഡനത്തെമോഹിക്കയാൽ
   പുണ്ഡരീകപത്രഷാസ്ത്രം എന്നുമില്ലാതേറവുതോറവ. സോമ

ഏതായാലും അവരുടെ ആഗമനത്തെ പ്രതീക്ഷിച്ചു കുറച്ചു സമയം കൂടി ഇവിടെ താമസിക്ക തന്നെ.

(അങ്ങിനെ ചെയ്യുന്നു.)

(കാലൻ, വഹ്നി, വരുണൻ എന്നിവർ പ്രവേശിച്ചു അന്യോന്യം ഉപചാരങ്ങൾ ചെയ്തു പീഠങ്ങളിൽ ഉപവേശിക്കുന്നു.)

കാലൻ— ഹേ! വലാന്തക! ഞങ്ങളെ ഇത്ര ദ്രുതിയായി ഇവിടെ വരുത്തിയതിൻെറ കാരണം അറിവാൻ ഞങ്ങൾ ഉൽക്കണ്ഠി

തന്മാരായിരിക്കുന്നു.

ഇന്ദ്രൻ— (പുഞ്ചിരിയിട്ട്)

'ആറുമുഖവടിവേലവനേ കല്ലിയാണവും'—എന്ന മട്ടു.

കണ്ണികൾ.

1. ദണ്ഡധര! പാശപാണേ! കൃശാനോ! യെ
ന്നൊന്നുകൾ കേട്ടിടുക—നമ്മൾ-
വിണ്ണിൽനിന്നിട്ടൊന്നുമണ്ണിലോളം പോയി.
ദണ്ഡം സഹിക്കമാറായ്.

2. കുണ്ഡിനം തന്നിലൊരുണ്ണിമാർകണ്ണിയാം
പെണ്ണുവിളങ്ങീടുന്നു
കണ്ണുകൾക്കുണ്ണുവാൻ വണ്ണം വരഗുണ
പൂർണ്ണയാണാസ്സുദതീ.

3. താർമിഴിത്തയ്യലാൾക്കുള്ളൊരു ചാരുവാം
പേർമയന്തിയല്ലോ—കരി-
ങ്കാർകുഴലാകുമപ്പോർമുലത്തയ്യലെ
യാർവരിച്ചീടുവേനോ?

4. ഉണ്ടോവിരോധമക്കണ്ടിവാർകേശിയെ
ക്കൊണ്ടിങ്ങുപോന്നീടുവാൻ
അണ്ടർകോനെങ്കിലുമിണ്ടലുണ്ടാക്കുന്നു
തണ്ടലർസായകൻമേ.

കാലൻ— സ്വാമിൻ! അങ്ങയുടെ അഭിപ്രായങ്ങൾ ഞങ്ങൾക്കു കേവലം ആജ്ഞാരൂപങ്ങളായിരിക്കെ ഞങ്ങളോടു ഇത്ര ആലോചന ചെയ്യുവാനില്ലെന്നാണു തോന്നുന്നതു.

ഇന്ദ്രൻ—എന്നാൽ വേഗം ഗമിക്കുകയല്ലെ?

കാലാദികൾ—അങ്ങിനെയാവാം.

(ഇന്ദ്രാദികൾ എഴുനീററു നടക്കുന്നു)

ഇന്ദ്രൻ—ഇതാ! മഹീതലം നമുക്കു പ്രത്യക്ഷപ്പെടുന്നു! നോക്കു!

ആകമ്രപ്രഭാപൂർണ്ണസസ്യനിരയാം
പൂഞ്ചോലചാലേധരി-

ച്ഛാകത്തിങ്ങിവളന്വയന്നമലയാം
പോർകൊങ്കകാട്ടിപ്പുരം
നാകത്തേൻമൊഴിയാൾക്കുനാണമുളവാ-
ക്കീടുന്നമട്ടിന്നുഭൂ-
ലോകപ്പെണ്മണികണ്ണിന്നെസ്സുവല്യതാ-
മാനന്ദമേകുന്നിതാ!

കാലൻ—നാം ഇത്ര വേഗം നരലോകത്തിൽ എത്തിയല്ലൊ.

വരുണൻ—അത്രയുമല്ല. നാം കുണ്ഡിനാലയത്തിന്റെ സമീപത്താണു വന്നിറങ്ങിയതെന്നും തോന്നുന്നു.

വഹ്നി—ദമയന്തിയെ നാം തന്നെ ഒന്നാമതായി ചെന്നു കാണുന്നതു അനുചിതമാണു. ദൂതമുഖേന അവളുടെ ഹിതം അറിയുകയാണു വേണ്ടതു?

കാലൻ—(അണിയറയിലേക്കു ദൃഷ്ടി പതിപ്പിച്ചു) ഹാ! ഇതാ ഒരു മഹീപാലൻ പരിവാരസമേതം ഗജാരൂഢനായി പോകുന്നു. നമ്മുടെ ഉദ്ദേശനിർവ്വഹണത്തിന്നായി ഇയാളെ ദൂതനായി വിളിച്ചയച്ചാലോ?

ഇന്ദ്രൻ—(അണിയറയിലേക്കു നോക്കി ഉച്ചസ്വരത്തിൽ) ഹേ! ഭൂപാലോത്തമ! ഭവാൻ ആരാണു! എങ്ങോട്ടാണു പ്രയാണം ചെയ്യുന്നതു?

(അണിയറയിൽ) ഞാൻ സോമകുല ജാതനായ വൈരസേനിയാണു. ഭൈമീസ്വയംവരത്തിന്നായിട്ടാണു പോകുന്നതു.

ഇന്ദ്രൻ—ഇവിടത്തോളം ഒന്നു വന്നാൽ കൊള്ളാം. (അണിയറയിൽ) അധികം വൈകിക്കാതെ അയക്കുമല്ലൊ.

ഇന്ദ്രൻ—താമസിക്കണമെന്നില്ല, സൈന്യങ്ങളെ അവിടെ നിൎത്തി തനിച്ചു വന്നാൽ മതി.

രാജാ—(പ്രവേശിച്ചു) ദിവ്യന്മാരായ ഭവാന്മാർ ആരെല്ലാമാണെന്നു വിചാരിച്ചാണു ഞാൻ അഭിവാദ്യം ചെയ്യേണ്ടതു?

ഇന്ദ്രൻ—

ആദിമൂലാഖിലേശ്വരാനമോ'—എന്ന മട്ടു.

കന്നഡകാംബോജി

1. സാവധാനചിത്തനായ് ശ്രവിക്കു നൈഷധ!

ദേവനാടകേശനെന്നറിഞ്ഞുകൊൾകമാം.

2. ഭൂതലാധിനാഥവീര!കേട്ടുകൊള്ളുക
പ്രേതരാജനാണിവൻഭയപ്പെടായ്കെടോ.

3. ആശ്രിതൎക്കുദൈവമാമ്പാശിയാണിവൻ
ആശ്രയാശനാണുമറ്റേതോൎക്കനൈഷധ!

രാജാ—(വിനയബഹുമാനങ്ങളോടു കൂടി) ദിവ്യന്മാരായ ഭവാന്മാൎക്കു വിനയപൂൎവ്വം നമസ്കാരം.

ഇന്ദ്രൻ—ഭവാൻ ദീൎഘായുസ്സായി ഭവിക്കട്ടെ!

രാജാ—ഭവാന്മാരുടെ എന്തൊരു കല്പനയെയാണു അടിയൻ നിൎവ്വഹിക്കേണ്ടതു എന്നു മനസ്സിലാവുന്നില്ല.

ഇന്ദ്രൻ—പറയാം. ആയതു സാധിപ്പിക്കാമെന്നു രിച്ചു പറയാമൊ?

രാജാ—ദിക്പാലന്മാരായ ഭവാന്മാൎക്കു ദുസ്സാദ്ധ്യമായിട്ടുള്ളതു കേവലം നിസ്സാരനായ അടിയനാൽ സുസാദ്ധ്യമാണെന്നു വരുന്നതല്ല. എങ്കിലും ഭവാന്മാരുടെ ആജ്ഞയെ നിൎവ്വഹിപ്പാൻ ഞാൻ ഒരുക്കമാണു.

ഇന്ദ്രൻ—

'ബജായിമൈദിൻപേറഫോനാസേ'—എന്ന മട്ടു്

സ്വരാജാക്കന്മാരെന്നീകണ്ടിതില്ലേ?
ഒരുകൃത്യമുണ്ടുതടവായ്നീമിണ്ടല്ലേ
മാനവ!കണ്ഠനത്തിൽമന്ദമന്ദംചൊല്ലേണം
വാനവൎക്കുള്ളാശാസമഗ്രമായ്ചൊല്ലേണം
സൂനമധുരാകൃതിയാളീവാനവരെവേൾക്കേണം
സുന്ദരിയാളെനീയോജിപ്പിക്കേണം
സ്വരാജസമ്മാനംനീവാങ്ങേണം.

രാജാ—(മനസ്താപത്തോടെ വിചാരം) ഹാ! ഞാൻ വലിയ വൈഷമ്യത്തിലായി. എന്റെ ഉദ്ദേശ്യത്തെ ഗോപനം ചെയ്തു ഞാൻ എപ്രകാരമാണു ദൈമിയോടു പരകാൎയ്യത്തെപ്പററി സം

സാരിക്കേണ്ടതു? എന്തു ചെയ്യാം. (ആലോചന നടിച്ചു) എന്തായാലും എന്റെ അഭിപ്രായം തുറന്നു പറയുക തന്നെ. (പ്രകാശം) അല്ലയൊ ദിക്പാലന്മാരെ! ഭവാന്മാർ പ്രസന്നന്മാരായി ഭവിക്കേണമെ!

അംഗനയാളാം ഭൈമിയി-
ലംഗജവിശിഖാത്തിപൂണ്ടവൻ ഞാനും
എങ്ങനെ നൂതനീദൃത്യം
മംഗലമായ് ചിന്നനിവ്വഹിക്കുന്നു?

കാലൻ—(ദേഷ്യത്താൽ ദന്തങ്ങൾ കടിച്ചിട്ടു)

'പൂന്തിങ്കൾ പതിരബിംബമോ'—എന്ന മട്ട്.

മാനുഷാധമ! നൈഷധ!
അന്തകന്റെമഹിമാനമെന്തറിഞ്ഞിരിക്കുന്നെടാ

ചരണങ്ങൾ.

1. എന്തെങ്കിലും പാപം ചെയ്യുംജന്തുക്കളെക്കൂട്ടിക്കെട്ടി
യന്തം ചേക്കുമെന്റെവാക്യമന്തരംവിനാനിയിപ്പോൾ
വഹനി— [മാനുഷാ

2. മന്നവനാണെങ്കിലും നീ കന്നൽമിഴിമണിയാളെ
യെന്നിലനുരക്തയാക്ക വഹനിഞാനെന്നോമ്മവേണം
വചനാർ— [മാനുഷാ

3. വെള്ളത്താമരമിഴിയെ കള്ളത്താൽനീവരിച്ചെന്നാൽ
ഉള്ളത്തിലോക്കനിൻരാജ്യം വെള്ളത്താലേമുക്കുമിഞാൻ
[മാനുഷാ

രാജാ—(ഭയവിഹ്വലനായിട്ടു) ദേവന്മാർ പ്രസാദിച്ചാലും! പ്രസാദിച്ചാലും!

അടിയൻ കേവലം സ്വാത്ഥതല്പരതയാൽ പ്രവത്തിച്ച അപരാധത്തെ വാത്സല്യപൂവ്വം ക്ഷമിച്ചരുളേണമേ!

ഇന്ദ്രൻ-എന്നാൽ ഞങ്ങളുടെ ദൂത്യത്തെ സസന്തോഷം കയ്ക്കൊണ്ടാലും!

രാജാ- കല്പനപോലെ ചെയ്യുവാൻ അടിയൻ സന്നദ്ധനാണു. എന്നാൽ, ആളീപാളികളാലും അനവധി ദ്വാരപാലകന്മാരാലും മററും നിറയപ്പെട്ട ആ രാജമന്ദിരത്തിൽ നിർവ്വിഘ്നമായികടന്നുചെന്നു എങ്ങിനെയാണു ദമയന്തിയെ കണ്ടു സംസാരിക്കുന്നതു?

ഇന്ദ്രൻ-അതിനു സൂത്രമുണ്ടു. തിരസ്കരണിവിദ്യ ഭവാനു ഉപദേശിക്കാം. എന്നാൽ ദമസോദരിയല്ലാതെ മററാരും ഭവാനെ ദർശിക്കയില്ല. (എന്നു ചെവിയിൽ ഉപദേശിക്കുന്നു)

രാജാ-അല്ലയോ ദേവന്മാരേ! എന്നാൽ സന്ദേശം അരുളിച്ചെയ്യാലും!

ഇന്ദ്രൻ- തോടി-രൂപകം

സാരസാക്ഷജാലമേലററ— എന്നമട്ടു.

പോയ്വരിക!വേഗത്തിൽ-നളനൃപതേ!കുണ്ഡിനത്തിൽ

അനുപല്ലവി

ദൂതനായിനമുക്കവേണ്ടി-എളുമേമടിച്ചിടാതെ

ചാതുര്യ്യവാനാംഭവാൻചെന്നുഭൈമിയെ-

സ്വാധീനയാക്കേണംനാലാലൊരുവൾക്ക പോ

രാജാ- ചരണം

പോയ്വരാംഞാൻതവദൂത്യവുംകൈക്കൊണ്ടു

കൈവശമായവർപരിപീടുംമാർഗ്ഗങ്ങൾ

ചെയ്യുതിലേതുമിനിക്കില്ലചാപല്യം

ദിവ്യജ്ഞന്മാരാംനിങ്ങളറിയാത്തതോ?

ഞാൻവണങ്ങിടുന്നിതാസദാ-ദയവേണമെന്നിൽ പോ

ഇന്ദ്രൻ-എന്നാൽ പോയാലും! ഭവാനു സർവ്വമംഗളവുംഭവിക്കട്ടെ. അങ്ങുന്നു മടങ്ങി വരുന്നതുവരെ ഞങ്ങൾ ഈ ഇലഞ്ഞിവൃക്ഷച്ചുവട്ടിൽ ഇരുന്നു ആശ്വസിക്കാം.

(എന്നു യമാദികളോടുകൂടെ പോയി)

രാജാ-(മനസ്താപത്തോടെഅന്തർഗ്ഗതം)

പണ്ടാഹംസംനിമിത്തംമനമൊട്ടുമനമൊ

ന്നിച്ചുനന്ദിച്ചുവാഴ്കം

ഖണ്ഡാർപ്പൂവേണിയാളുമവളുടയസമീ-
പത്തുചെന്നെത്തിമന്ദം
തണ്ടാരമ്പൻറെക്രൂരമ്പൊടുപൊരുതിജയം
നേടിയീട്ടുതകൃത്യം
കൊണ്ടാട്ടുംമട്ടനുഷ്ഠിപ്പതുമഹാവിഷമം
ഹന്ത!ഞാനെന്തുവേണ്ടൂ?

സർവ്വജ്ഞന്മാരായ ദിക്പാലന്മാരോടു നിഷ്കളങ്കമായി പെരുമാറിയില്ലെങ്കിൽ അവരുടെ കഠിനമായ കോപത്തിന്നും തന്മൂലം ശാപത്തിന്നും ഞാൻ പാത്രീഭവിക്കുന്നതാണു. ഏതായാലും ഭൈമിയുടെ സമീപത്തുചെന്നു എൻെറ അനുരാഗശക്തിയെ മറച്ചുവെച്ചു സന്ദേശം അറിയിക്കതന്നെ. (ചുററി നടക്കുന്നു) ഹാ! ഇതാ കുണ്ഡിനാലയം കാണപ്പെടുന്നു. ഇവിടെ ചെല്ലുകതന്നെ. (ഉള്ളിൽ പ്രവേശിക്കുന്നതായി ഭാവിക്കുന്നു)

ബാലാദിത്യൻെറതങ്കക്കരനിരതഴുകും
രമ്യഹർമ്മ്യങ്ങളാലും
ലീലാരാമങ്ങളാലുംഗജതുരഗസമൃ
ദ്ധാലയങ്ങളാലും
കാലാൾതൊട്ടുള്ളസേനാനിരയുടെകളശ-
ബ്ദങ്ങളാലുംവിളങ്ങും
പാലാഴിപ്പെണ്ണുമേളിപ്പൊരുവരപുരമാം
കുണ്ഡിനംവിണ്ണിനൊക്കും!

(അങ്ങുമിങ്ങും നടന്നു) ഇതാ മനോഹരമായ ഒരു ആരാമം കാണുന്നു! ഇതാണോ ഭൈമിയുടെ ലീലോദ്യാനം. ഏതായാലും പ്രവേശിച്ചു നോക്കാം. (ചുററി നടക്കുന്നു)

(അനന്തരം നവപല്ലവ നിർമ്മിതമായ ശയ്യയിൽ കിടന്നും കൊണ്ടു ഭൈമിയും ശീതോപചാരങ്ങളെ ചെയ്തുംകൊണ്ടു സഖിയും പ്രവേശിക്കുന്നു)

സഖി—

കുവലയമിഴിയാളെ! ചാരുശീതോപചാരം
അയിതനുവിനുനല്കുന്നില്ലയോനല്ലസൌഖ്യം?

ശിവ! ശിവ! മതിയാക്കു! മാലതീസായകൻതൻ
വിവശതകളശേഷം, കാമിനീമൌലിമാലേ!

രാജാ-(ചെവിചേൎത്തു) ആരുടെ സല്ലാപമാണാ ഈ കേൾക്കുന്നതു? കിളിമൊഴിതൻപോലെയുള്ള മാധുൎയ്യംകൊണ്ടും മാൎദ്ദവംകൊണ്ടും ഈ ശബ്ദം സ്ത്രീമുഖത്തിൽനിന്നു പുറപ്പെട്ടതായി തോന്നുന്നു. ദമയന്തി ഒരു സമയം ഇവിടെ തന്നെ ഉണ്ടായിരിക്കുമൊ? (പ്രാഗ്. നടന്നു ഭൈമിയേയും തോഴിയേയും ദൎശിച്ചു)

പല്ലവപദമൃദുശയ്യയിൽ
മല്ലശരൻചെയ്ത ദുസ്സഹശല്യത്താൽ
അല്ലലണഞ്ഞുശയിപ്പൊരു
മല്ലമിഴിതെല്ലാകമിവളാരൊ?

(ആലോചന നടിച്ചു) പ്രിയഹംസം വൎണ്ണിച്ചു കേട്ടിട്ടുള്ള അനന്യമായ അംഗലാവണ്യം കൊണ്ടും ആകൃതി സാമ്യംകൊണ്ടും ഇവൾ ഭൈമിയാണെന്നു തന്നെ തോന്നുന്നു. എന്തായാലും ഈ വൃക്ഷസമൂഹത്തിൽ ഒളിച്ചുനിന്നു ഇവരുടെ സല്ലാപത്തെ ശ്രവിക്കതന്നെ. (അപ്രകാരം ചെയ്യുന്നു)

സഖി- ഇഷ്ടസഖി! ഈ മാലേയാദിശീതള വസ്തുക്കൾ ഭവതിയ്ക്കു ദേഹസൌഖ്യത്തെ പ്രദാനം ചെയ്യുന്നില്ലേ? എന്താണു മൌനം ദീക്ഷിക്കുന്നതു?

ദമയന്തി- (നെടുവീൎപ്പിട്ടു)

നാഥനാമക്രിയ - ആദി

പല്ലവി.

പരിമളമായുള്ള സുമകിസലയാദികൾ

അനുപല്ലവി

ഘോരപാവകസമ്പൎക്കസാമ്യമെനിക്കെന്നാൎദ്ദേഹം പ.

ചരണം

ശീതോപചാരമിപ്പോൾ വിഫലമെൻപ്രിയസഖി!
മൃതശരാൎത്തിയെന്നു ചൊല്ലുന്നതിലുതപായമോ? പ

രാജ- (ആത്മഗതം) ഹാ! ഈ കോമളാംഗിയുടെ അനംഗതാപത്തിന്നു ഹേതുഭൂതൻ ഞാൻ തന്നെയായിരിക്കുമൊ?

സഖി-പ്രിയതോഴി! ഭവതിയുടെ കാമുകന്റെ മുഖചന്ദ്രനെ നമ്മെ സ്വയംവരമണ്ഡപത്തിൽ വെച്ചു കണ്ടു ആനന്ദിക്കാമല്ലൊ. അതു വരെ പ്രിയഹംസം തന്നിട്ടുള്ള ചിത്രപടത്തെ നോക്കി ആശ്വസിച്ചാലും!

രാജ- (ആത്മഗതം) ഹാ! ഈ സുന്ദരി ഞാൻ മൂലമാണു മദനതാപം അനുഭവിക്കുന്നതു. സംശയിപ്പാനില്ല. പ്രിയ ഭൈമി! ഭവതി അന്യാധീനയായിത്തീരുവാൻ പോകുന്നുവല്ലൊ!

ദമയന്തി—സഖി! എന്നാൽ നീ വേഗം പോയി ആ ചിത്രപടത്തെകൊണ്ടുവരു.

സഖി- അങ്ങിനെയാവാം (എന്നു പോയി)

രാജാ- (അന്തൎഗ്ഗതം) ഇവളുടെ അരികെ ചെല്ലുവാൻ തക്ക അവസരം ഇതു തന്നെയാണു. (അടുത്തു ചെല്ലുന്നു)

ദമയന്തി- (സംഭ്രമിച്ചെഴുനേററു ആത്മഗതം) ഹാ! പുരുഷപ്രവേശം കേവലം ദുസ്സാധ്യമായിട്ടുള്ള ഈ സ്ഥലത്തു നിൎഭയം കടന്നുവന്ന ഇയ്യാൾ ആരായിരിക്കാം? (സ്പഷ്ടം) ഭവാൻ ആരാണു?

രാജ- ഞാൻ ദേവദൂതനാണു.

ദമ- ഭവാൻ ഈ ആസനത്തിൽ ഉപവേശിച്ചാലും!

രാജ- (ആസനസ്ഥനായി) ഭവതിയും ഇരിക്കു!

ദമ—(ഇരുന്നു കൊണ്ടു ആത്മഗതം) ഹാ! ഇയാൾ ആകൃതി സാമ്യം കൊണ്ടു എന്റെ കാമുകനെപ്പോലെ ഇരിക്കുന്നുവല്ലൊ (ആലോചനാ ഭാവം നടിക്കുന്നു)

രാജ—(ഭൈമിയെ നോക്കി ആത്മഗതം) ഇവൾ ഇതാ ചിന്താനിമഗ്നയായിരിക്കുന്നു. അല്പം കഴിഞ്ഞതിന്റെ ശേഷം ദൂതസന്ദേശം അറിയിക്കാം.

(അനന്തരം വേറെ ഒരു ദിക്കിൽ ഇന്ദ്രാദികൾ അവതരണം ചെയ്യുന്നു)

വരുണൻ—(ഭൈമിയെ നോക്കി വിസ്മയത്തോടെ)

കണ്ണിന്നുംകരളിന്നുമേകസമയം
തന്നെസ്സുഖംനല്കുമീ-
പെണ്ണിന്നാംഗവിശേഷമെന്തുശിവനേ!
ചൊല്ലാവതല്ലേതുമെ
വിണ്ണിൻഭൂഷകളായരംഭമുതലാം
രമ്യാംഗിമാർക്കുപ്പുമീ-
യുണ്ണിപ്പെടമൃഗാക്ഷിമാരവിജയശ്രീടയാ
മഹാമായയോ!

കാലൻ—

1. മനസിജത്തിടമ്പാകുംമോഹിനിമണിയിവളാരോ
വാണിയോവാരിജത്തിൽവന്നുപിറന്നുള്ളവളാരൊ?

ചരണങ്ങൾ.

2. തരുണിമയുററിരിക്കുംതാമരാക്ഷിയുടെകോലം—അററമേലം—
ചാരവേവെച്ചുകൊണ്ടാൽചേരുന്നതെല്ലാംശുഭകാലം.

3. കരളിനെകട്ടനില്ക്കുംകാമിനീമണിയുടെനോട്ടം—
ഒരുവട്ടം—കൊണ്ടാൽ
മാലുകളൊക്കെതീൎന്നുപിന്നെവരുന്നതെല്ലാംനേട്ടം.

ഇന്ദ്രൻ— കാമകോമളജയകൊടിയാമി-
സ്സോമബിംബമുഖിമാർമണിമൌലി

ഭീമഭൂമിപനെഴുംപുരുപുണ്യ-
സ്തോമമായദമസോദരിയല്ലൊ.

ദമ—ഭവാൻ വാസ്തവത്തിൽ ദേവദൂതൻ തന്നെയൊ?

രാജാ—ഞാൻ ഇപ്പോൾ ദേവദൂതനാണെന്നു ഭവതിയോടു പറഞ്ഞുവല്ലൊ.

ദമ—ഭവാൻെറ ആഗമനോദ്ദേശ്യമെന്താണു?

രാജാ—ആൎയ്യെ! വൃന്ദാരകപതിയായ ഇന്ദ്രനും, മഹാതേജസ്വിയായ അഗ്നിഭഗവാനും, ഉഗ്രവീൎയ്യനായ ഭഗവാൻ ദണ്ഡധരനും, വാരിധീശനായ വരുണഭഗവാനും ഭവതിയുടെ പാണിപത്മത്തെ ഞാൻ മുഖേന അൎത്ഥിക്കുന്നു.

ദമ—(പുഞ്ചിരിയോടെ) അവർ നാലാളുകളും ഒരുമിച്ചൊ?

രാജാ—അല്ല, ഈ ദിവ്യന്മാരായ ദിക്പാലകന്മാരിൽ ആരിൽ ഭവതിക്കു അനുരാഗം ജനിക്കുന്നുവൊ ആയാളെ ഭവതി കാന്തനായി വരിച്ചാൽ കൊള്ളാമെന്നു അവർ ആഗ്രഹിക്കുന്നു.

ശുദ്ധമുഖാരി ആദിതാളം.

രാജാ— കണ്ണികൾ.

1. കമനികളഖിലംകഴൽകൂപ്പിടുംകളമൊഴിദമയന്തി!
സുമശരസുന്ദരനിന്ദ്രനെവേൾക്കുകശാരദചന്ദ്രമുഖി!

2. ഉൎവ്വശിമേനകരംഭതിലോത്തമതൊട്ടൊരുസുന്ദരിമാർ
സൎവ്വരുമിന്ദ്രനുദാസികളല്ലോസാരസദളനയനേ!

3. ചന്ദനശീതളമാരുതപോതംമന്ദംവീശിടും
നന്ദനവാടിയിൽചേടികളോടുംകേളികളാടിടാം.

4. മന്ദാകിനിയിൽസ്നാനവുമാടാമമൃതവുമുണ്ടിടാം
വൃന്ദാരകപതിതന്നെവരിച്ചാൽവാരണവരഗമനേ!

'ആരടിഇന്നേരത്തു'—എന്ന മട്ടു

ദമയന്തി—

1. വാനവേശനുമാനവനാരിയൊ
ശ്രീനിധേ!ഗുണവാരിധേ!

2. മല്ലികാക്ഷവാഹനത്തിലേറുന്നസി
ലേഖരോ—ഗ്നൻ—ദേവാധമോ?

3. ഇന്ദ്രനാണെന്നതാംഗിരാൽ പാർക്കിലി-
ന്ദ്രാണിയോ—നാരായണാഖ്യ?

4. ജംഭവൈരികശംഖുളിൽമാത്തി-
ട്ടുള്ളവോ.—നാണം—കേട്ടുവോ?

ഇന്ദ്രൻ—(ലജ്ജാകുലനായി നില്ക്കുന്നു.)

രാജാ— 1. ബാലികേ! നിനക്കിന്ദ്രനാവതെങ്കിൽ
കലാതപാണ്ഡവോദരൻ വിവേശം—
താലികൊണ്ടു ലോകമാന്യം!

2. അന്തകനെന്നിക്കാന്തനാണ്ടുനിന്നതാ-
ലന്തരമില്ലാകാമിനി!—ലേവർ—
ണ്ണാസ്യനാകില്ലാമന്നാ!

ദമ— 1. കാലനെന്നുഞാൻ ശ്മശാനത്തെ വന്നുന്നതോ
ചിത്രമേ!—ബാല്ല ചിത്രമേ.

2. അന്തകനേയുംകാമ കാംക്ഷിതി-
യുണ്ടാവോളം പാർ—കണ്ടുവോ?

കാലൻ—(ലജ്ജിച്ചു തലതാഴ്ത്തി നില്ക്കുന്നു)

രാജാ— 1. എങ്കിലഗ്നി തൽക്കരനായ്വന്നു!
തങ്കമേ!—ഗ്നൻ സഖേ മ!

2. കാമകാമലാഗ്നിനെ തോൾക്കലി
കാമിനീ—ശമനാമിനി!

വഹ്നി—(വിചാരം) ഇവൾ എന്നെ പറയുന്നുവോ ഞാനോ?

ദമ— ജാതവേദസ്സിനെ വരിക്കുന്നതും
ഭാഗമേ—ഗ്നനഹിതമേ!

രാജാ— വാരിധിപതിയെന്നവർ ജ്ജനി
യുത്തമേ!-എന്ന സത്തമേ!

ദമ— 1. പാശപാണിയെക്കാന്തനാക്കിടുവാ-
നാശയില്ലമേ-തെല്ലുമേ.

2. നൈഷധമഹാരാജനെമുന്നമേ
കേട്ടീപോയ്—മനംവേട്ടീപോയ്.
3. വൈരസേനിയാണെന്റെമനസ്സുക
ളോജനം—ഗുണഭാജനം.
4. വീരസേനജവൃത്താന്തംവല്ലതും
ചൊല്ലുക—നോചേൽ—ചെല്ലുക.
5. നില്ലൂനൈഷധഭൃത്യനെങ്കിൽപുണ്യ-
ശ്ലോകനീ!നോചേൽ-പോകനീ.

'ബട്ടവാകുന്തള'—എന്ന മട്ട്.

രാജാ—
1. നല്ലതോസുന്ദരിദേവേന്ദ്രനക്കാൾനൈഷധൻനിങ്കണാവൻ?
കേൾ-മാനവൻവാനവരേക്കാൾവന്ദ്യനോ ചന്ദ്രമുഖി!
2. അന്തകനേയുംകാന്തനാക്കാതെഹന്ത!നീ ചെട്ടിടല്ലേ-അന്തു-
ചന്തിയോപങ്കേരുഹാക്ഷി-ചിന്തനംചെയ്യുകനീ നല്ലതോ
3. പാവകദേവൻതന്നോടുകൂടിപാവനയാകാതെ-ബാഹു-
പാവംനീമർത്ത്യപ്പു?വിൻമേനിയെക്കാത്തിടുന്നോ? നല്ലതോ
4. വരുണനിവേനീപാശിയോടൊത്തിട്ടിങ്ങലകാറാതെ നര-
കണ്ടകനോടിടക്കൂടാൻകണ്ടതുചിത്രതരം! നല്ലതോസുന്ദരി

ദമ—ഇപ്രകാരമുള്ള കർണ്ണശൂലങ്ങളായ വാക്കുകളെക്കൊണ്ടു മനശ്ശല്യത്തെ ജനിപ്പിക്കുന്ന ഭവാന്റെ സഹവാസം ഞാൻ അനുഗ്രഹിക്കുന്നില്ല. (എന്ന് എണീറ്റു പോയി)

രാജാ—(അന്തർഗ്ഗതം) ഹാ! പ്രിയ ദമയന്തി എന്നിൽ ദൃഢമായ അനുരാഗത്തോടു കൂടിയവളാണു. ഈ ലോകൈകസുന്ദരിയുടെ ഭർത്തൃത്വം വഹിക്കുവാൻ എനിക്കു ഭാഗ്യമുണ്ടായാൽ എന്റെ ജന്മം സഫലമായി. ദിവ്യചക്ഷുസ്സുകളായ ദിക്പാലകന്മാർ എന്റെ ഈ ദൂതകൃത്യത്തെപ്പററി എന്തു ചിന്തിക്കുന്നുവെന്നു അറിഞ്ഞുകൂടാ. എന്തായാലും പോയി വൃത്താന്തം ധരിപ്പിക്കതന്നെ. (എണീറ്റു നടക്കുന്നു)

ഇന്ദ്രാദികൾ—(സമീപിച്ച്) ഹേ! നൃപാലോത്തമ! ഭവാൻ ഈ ദൂതകൃത്യം ഏത്രയും നിഷ്കളങ്കമായി നിർവ്വഹിച്ചതിനാൽ ഞങ്ങൾ പ്രീതന്മാരായിരിക്കുന്നു.

രാജാ—ദിവ്യന്മാരായ ഭവാന്മാരുടെ ആശിസ്സിനാലാണു ഞാൻ ഇത്രയും നിർവ്വഹിച്ചതു.

ഇന്ദ്രൻ—

‘കാശിവിശേഷശ’—എന്ന മട്ട്.

പല്ലവം

കൈരവവംശമണിയേ-വിജയിക്കനീ

അനുപല്ലവം

വീരസേനജ!മൽ കണ്മണിയേ!

ചരണങ്ങൾ

ചിന്തിക്കുന്നേരത്തിങ്കലന്തികമതിലെത്തി
യെല്ലാംസഹായിക്കുവൻഹന്ത! സന്ദേഹംവേണ്ട. കൈരവ

കാലൻ— നിശ്ശങ്കമാക്കിടുമന്നേ ചൊല്ലാം! സാധനങ്ങൾ
മായമില്ലെടോനല്ലപീയൂഷതുല്യമാകും. കൈരവ

വഹ്നി— കത്തിക്കാളുന്നതീയ്യിലെത്തി വന്നാലുംനിന്നെ
ചുട്ടലില്ലാതെവന്നുകാത്തു കൊള്ളുവനഹം. കൈരവ

വരുണൻ—ഘോരമായിട്ടുമണലാരണ്യത്തിലും ജല-
പൂരവുംമാല്യങ്ങളുംസാദരംഹന്ത! തരുവൻ. കൈരവ

രാജാ—ഭവാന്മാരുടെ അനുകമ്പ തന്നെയാണു അടിയനു എപ്പോഴും ആധാരം.

ഇന്ദ്രാദികൾ—സർവ്വമംഗളവും ഭവിക്കട്ടെ ഭവാൻ സ്വയംവരത്തിനു പോയാലും!

രാജാ—ഭവാന്മാർക്കു വന്ദനം (എന്നു പോയി)

വഹ്നി—എന്നാൽ നമുക്കും പോകുകയല്ലേ?

ഇന്ദ്രൻ—സ്വയംവരോത്സവത്തിന്നു നാം കൂടി സന്നിഹിതരാകണം. എന്തെന്നാൽ,

ത്താലേഞാൻതവകാന്തനായിത്തീരും.
ഗാക്ഷീകുലോത്തംസമേ!

എന്നാൽ,

'ബാലികമാർമാലികയാം'—എന്ന മട്ട്

വണ്ടണിക്കാർകുഴലി!നാംരണ്ടുപേരുമതിമോദം
പൂണ്ടിണങ്ങാൻവഴിപന്ത-പിഷ്ടിരം-മൃത്യു.
വാണ്ടുപോയികാലദോഷം-ദുഷ്കരം.
ക്ലേശദുഃഖാന്തരത്തിങ്കലാശയമൃതാല്യപോലെ
പേശലാംഗിചലിക്കുന്നതില്ലയോ-ഹംസ-
നാശദുഃഖംനമുക്കൊപ്പമല്ലയോ?

ദമ— ചെഞ്ചത്തുരമണിപ്പൂണ്ടുംപൊഞ്ചിറകമാമരാളം
കൊഞ്ചിടുംകോമളവാണീധാരയും-കൊണ്ടും
കാഞ്ചിതമാനസരാക്ഷമാരെയും.

രാ— അന്നരാജനില്ലയെങ്കിൽസന്നതാംഗീമണിയാകും
നിന്നപാംഗമിനിസ്സുഖംകിട്ടുമോ-നിന്റെ
പൊന്നണിക്കായമെൻകായേതട്ടുമോ.

ദമ— വീരനൈഷധനെന്നെത്തേടും-സാരസാക്ഷിജനംനിന്റെ
ദാരമാകുമെന്റെപുണ്യാപൂരമേ-ഹന്ത.
സാരസർവ്വസ്വത്തിനഗ്രഹാരമേ !

രാ— പന്തിടഞ്ഞമുലയാളേ!യെന്തിനേവംപറയുന്നു?
ദന്തിരാജഗതമാരിമ്പ് ഭൂതലേ-നിന്നോ-
ടെന്തുകൊണ്ടുംശരിയല്ലകോമളേ!

ദമ— ആര്യ്യ! ഭവാനെന്നെ ഹസിക്കയാണെന്നു തോന്നുന്നു.

രാജാ— പ്രിയേ! പരമാർത്ഥം പറയുമ്പോൾ ഭവതി ഇങ്ങിനെ തെറ്റിദ്ധരിക്കുന്നതു കഷ്ടമാണു. എന്നാൽ,

1. വേളിവരസ്സുള്ളതാകേ-ബത!നികേ-ളയി-
രാകേ-ന്ദുസമാനനകൾക്ക-പതാകേ!
വനജായതനയനേ!വരമുനിനാരദനൊരുനാൾ-തവ-

വൃത്തങ്ങളല്ലാതിന്നാൻ—ബാലേ—ഹംസലോലേ—അത്ര—
മാലേ—കിമാന്തളിർസായകനാലേ.

2. അംഗജമാലിനാൽവാടി—മലർവാടി—കയിൽ
കൂടി—പുഷ്പകുലകണ്ടുകൊണ്ടാടി
കളമൈഥിലികലളിതപ്രഭവിളയുംസുരുചിരവാപികയിൽ
വാഴുംമരാളത്തെകിട്ടി—അവൻനിന്നുടെയാശയംകാട്ടി.

3. കോകിലംപഞ്ചമാക്കുകി—മതിമാഴ്കി—നിന്നു
പുൽകി—ട്ടവൻകാമനെന്നിൽശരം—തൂകി
ഉടനേപടകടചാമരവടിവൊത്തൊരന്നടയിൽ
സുരനാഥാദികളെയുംകണ്ടുതവദൂത്യംമന്നനുകൈക്കൊണ്ടു.

ദമ— ഭവാൻ ഒരു പുരുഷനാണല്ലോ. കേവലം അസ്വാതന്ത്ര്യം അബലയും ആയ എന്റെ കഥ ആലോചിച്ചു നോക്കൂ!

യദുകുലകാംബോധി രൂപകം.

(അന്നമേനാൻപൊറാസപ്നമേ—എന്നമട്ടു)

ഖണ്ഡം

1. വിശ്വൈകവിശ്രുതവിക്രമനാംഭവ—ത്സന്നിധാന
ത്തിൽനിന്നും—വന്നരയന്നം, ഉരച്ചതൊന്നും—മറ
ക്കയില്ലിഞാനെന്നും—

2. അസ്വാതന്ത്ര്യാദികളാംപ്രതിബന്ധങ്ങളാം
ഏറെയെന്നെവലച്ചു—മാനംകുറച്ചു—അശ്രുപൊഴിച്ചു—
എൻപ്രാണവല്ലഭൻതാൻഭവാനെന്നുറച്ചു—

രാജാ— കഴിഞ്ഞ കാര്യങ്ങളെപ്പററിയുള്ള സല്ലാപം മതിയാക്കൂ! എന്തായാലും ജഗദീശ്വരകാരുണ്യംകൊണ്ടു നമ്മുടെ ആഗ്രഹം സഫലമായല്ലോ.

(അണിയറയിൽ)

എടാ! എടാ!

ബിലഹരി—ആദിതാളം

പല്ലവി

നൈഷധനരപാലാ! കശ്മല!

അനുപല്ലവി

വന്നുചൂതുപൊരുതീടുകജളവര! നൈഷധ

ചരണങ്ങൾ

1. ഭൂമിപാലന്മാരെല്ലാംകാമിച്ചുകൊണ്ടിരുന്ന
ഭൈമിയെവേളിചെയ്തുകേമനായ്‌വാഴ്കയോനീ
മന്നവാധമ!നിൻറമന്നിടംകീഴടക്കാൻ
മുന്നേഞാൻതരംനോക്കിത്തന്നെവസിച്ചിരുന്നു.
സത്യംഞാൻചൂതാട്ടത്തിലത്യന്തംതോററുപോയാൽ
നിത്യംനിന്നുടെഹീനഭൃത്യനായ്ത്താണുകൊള്ളാം
പുഷ്കലവീര്യമുള്ളമുഷ്കരനാകുമെന്നെ
പ്പുഷ്കരനെന്നറികദുഷ്കർമ്മിയായുള്ളനീ നൈഷധ

ദമയന്തി– (വിസ്മയഭാവത്തോടെ) പ്രാണേശ്വര! എന്താണു ഈ കേൾക്കുന്നതു?

രാജാ– പ്രിയേ! പരിഭ്രമിക്കുവാനില്ല. ദാസീ പുത്രനായ പുഷ്കരൻ ചൂതാടുവാൻ വിളിക്കുകയാണു. ആ നരാധമനെ ക്ഷണത്തിൽ തോല്പിച്ചു വരാം. ഭവതി അന്തഃപുരത്തിലേക്കു ഗമിച്ചാലും.

ദമയന്തി– പുഷ്കരൻ കേവലം സാരഹീനനാണെന്നു വിചാരിച്ചുകൂടാ. പിൻബലമില്ലാതെ അവൻ സധൈര്യം ഇതിനു കരുമ്പെടുന്നതല്ല.

രാജാ– അതൊന്നും സാരമില്ല. (എണീററു) പ്രാണേശ്വരി! ഹാ! എൻെറ കൈകാലുകൾ ചലിക്കുന്നു. നേത്രങ്ങൾ മങ്ങുന്നു! തലചുററുന്നു! എന്താണിതു? (എന്നു വേഗത്തിൽ സ്ഥിതി ചെയ്യുന്നു)

ദമയന്തി– (തഴുകിയിട്ടു) ജീവനാഥാ! ഭവാനെന്താണു? (എന്നു കരയുവാൻ ഭാവിക്കുന്നു)

(അണിയറയിൽ വീണ്ടും)

കമാശ് — ത്രൂപകം

പല്ലവി.

ദ്യൂതകേളിയാട്ടവാനഹോ-വിളിക്കുന്നു-
കേൾക്കൾ ഞങ്ങളവം ചേരുമോതവം

അനുപല്ലവി

ക്ഷിതിപാലകന്മാൎക്കു ചേരും-അതിവിതരണനിപുണതതരും-ദ്യൂത

ചരണം

പാത്രഭേദമാത്രം പാൎക്കിൽ-ബീജങ്ങൾമാറി
മറെറാന്നായിമുളക്കുമോ? ഭുവി-
ക്ഷത്രസംഭൃതനാം പുഷ്കരാഭിഖ്യൻ ഞാൻ
ചൂതിന്നെതൃത്തുവിളിക്കുന്നിതാ വന്നു- ദ്യൂത

രാജാ—(ക്ഷണത്തിൽ എഴുനീററ്) രേ! രേ! നരാധമ! ഞാൻ ഇതാ വരുന്നു! നാഥേ! ഞാൻ ഒരു നിമിഷത്തിന്നുള്ളിൽ ആ ജള്ളനെ തോല്പിച്ചു വരുന്നുണ്ടു.

ദമ—ഞാനും പോരാം.

രാജാ—എന്നാൽ വരു! ഭവതി കൂടെ ഉണ്ടായിരുന്നാൽ എനിക്കു അക്ഷകേളിക്കു അത്യുത്സാഹം ജനിക്കുന്നതാണു.

(രണ്ടാളും പോയി)

(അനന്തരം ഒരു കാളയുടെ കണ്ഠത്തിൽ കരം വെച്ചു ചൂതുപടം നിരത്തി പുഷ്കരൻ പ്രവേശിക്കുന്നു)

പുഷ്കരൻ—(വിചാരം) ഞാൻ എത്ര സാഹസകൎമ്മമാണു ഈ പ്രവൎത്തിക്കുന്നതു. ജ്യേഷ്ഠനായ നളനൃപാലനെ ഞാൻ എത്ര മനശ്ശല്യങ്ങളായ വാക്കുകൾ പറഞ്ഞു അധിക്ഷേപിച്ചു. കഷ്ടം! കഷ്ടം! അവരുടെ വാക്കു വിശ്വാസയോഗ്യമല്ല. ഏതായാലും ജ്യേഷ്ഠനെ പോയി നമസ്കരിച്ചു ക്ഷമായാചനം ചെയ്യട്ടെ! (എന്നു എണീററു കുറെ നടക്കുന്നു) എന്ത്! ഇത്രയൊന്നും വിചാരിപ്പാനില്ല. ആ ദുഷ്ടൻ എന്നെ വളരെ ബുദ്ധിമുട്ടിച്ചിട്ടുണ്ടു. അതുകൊണ്ടു,

വാരിജാക്ഷിമണിയായഭീമസുതയോടു
ചേൎന്നുസുമസായക
പ്പോരിനാലതിസുഖേനനാളുകൾനയിച്ചി
ട്ടംനളനരേന്ദ്രനായ്
ഭൂരികൈതവമൊടിന്നുചൂതുകളിയാടി
ഞാനഖിലവിത്തവും
പാരിടങ്ങളുമടക്കിട്ടുംകലിസഹായൻ
മുണ്ടുസകലത്തിനും.

അവൻെറ ആഗമനത്തെ പ്രതീക്ഷിച്ചു കുറെ നേരം ഇ
രിക്ക തന്നെ.

(പൂൎവ്വസ്ഥാനത്തിൽ ഉപവേശിക്കുന്നു)

(അനന്തരം നളനും ദമയന്തിയും പ്രവേശിക്കുന്നു)

രാജാ—(പുഷ്കരനെ നോക്കി ദമയന്തിയോടു)

ഗാംബോധി- ആദി-

പല്ലവി.

കണ്ണുകഠോരകടുരവം—കേൾക്കുന്നില്ലയോ?

അനുപല്ലവി-

പാൎവ്വണശശാങ്കാനനെ!ചൂതുകളിപ്പാൻവന്നോന്നേ
ദുൎവ്വിനീതനായിവിളിക്കുംപുഷ്കരപരുഷോൽത്ഭൂത-കണ്ണു

ചരണം

പൂജ്യരാകുംനരനാഥന്മാരെന്നപോലേതനിക്കും
രാജ്യഭാരംവഹിക്കേണമെന്നുനിനച്ചോരോമനൊ
രാജ്യഭാരംകൊണ്ടുത്ഭൂതവിഭ്രമമശേഷമ്മാററി
പൂജ്യനാക്കിവരാമരനിമിഷംസാരസേക്ഷണേ!-കണ്ണു

ദമ—ജീവനാഥ! അവനെ വധിക്കരുതെ! ബുദ്ധിശൂന്യനായ അ
വൻ പറഞ്ഞ ആക്ഷേപവാക്കുകളെ വാത്സല്യപൂൎവ്വം ക്ഷമിച്ചു
കളേണമേ!

രാജാ— ദുഷ്ടന്മാരുടെവാക്കുകേട്ടുദുരഹ
ങ്കാരത്തിനാലീവിധം
കഷ്ടം! പുഷ്കര! നീംവാദമുരചെ
യ്തെന്നാലുമെന്നോടുനീ!
ഇഷ്ടത്തോടതുഞാൻക്ഷമിച്ചുസകലം
മേലിൽസുഖത്തോടുനീ
ശിഷ്ടന്മാരുടെമട്ടുമൽപാദയുഗം
സേവിച്ചുമേവീടടോ!

പു—(എഴുനീറ്റു ഹാസ്യഭാവത്തോടെ)
ദ്യൂതായുധന്മാർകളിയെന്നുനിനച്ചുപോയോ
ദ്യൂതാട്ടമെന്നവരകർമ്മമധർമ്മിയാംനീ!
ഈതാമരാക്ഷിയൊടുകൂടിവിനോദപൂത്ത-
മോതാനിതല്പസമയംതവദുഷ്ടബുദ്ധേ!

രാജാ—(കോപരസമിശ്രമായ പുഞ്ചിരിയോടെ)
ഇന്നോളമാരുടയഭക്ഷണമാണശിച്ചു-
തെന്നോർമ്മയുള്ളിലൊരുലേശവുമില്ലയെന്നോ?
നന്നോനിനക്കിതു?കഴിഞ്ഞതുപോട്ടെ!മേലി-
ലെന്നോടുദാസനിലയിൽപെരുമാറിയാലും!

പു—(കോപാന്ധനായി) ഛേ! നൃപാലാധമ! മതി! മതി!
വിഷ്ടപങ്ങൾധനമെന്നിവയെല്ലാം
നഷ്ടമാകുമതിഭീതനമിത്ഥം
ഇഷ്ടനെന്നവധമിങ്ങിനെയെല്ലാം
കഷ്ടമോതുവതുപുഷ്കരനോടോ?

രാജാ—(രോഷാകുലനായി) എടാ നരാധമ! എന്നാൽ വാ!

പു—എന്നാൽ ആരംഭിക്കയല്ലേ?

രാജാ—അതെ.

പു— ഇക്കാണുന്നൊരുകാളയെ
വെക്കാംഞാൻപണയമായിനളനൃപതേ!

ഛെ! നിങ്ങൾ എന്താണു പണയമായി വെക്കുന്നതു?

രാജാ— ഊക്കേറുന്നൊരുഭടജന.

മൊക്കെനിനക്കാണെന്നീജയിച്ചെങ്കിൽ.

(ചൂക്കിണ്ണി കൊടുക്കുന്നു)

രാജാ—(വാങ്ങിച്ചു കളിച്ചു)

ഹാ! എന്താണു ഇങ്ങിനെ കാണുന്നതു? ഒന്നു കൂടി കളിച്ചു നോക്കട്ടെ! (എന്നു കളിക്കുന്നു)

പു—(നോക്കിയിട്ടു) ഇപ്പോഴും മുമ്പത്തെപ്പോലെ തന്നെ.

രാജാ—എന്നാൽ കളിക്കു (ചൂക്കിണ്ണി കൊടുക്കുന്നു)

പു—(കളിക്കുന്നു)

രാജാ—(നോക്കീട്ടു) പ്രിയേ! ഭൈമി! ഇതെന്തു കഥയാണു?

ദമ— നാഥാ! എന്നാൽ കളി മതിയാക്കു!

രാജാ—പാടില്ല. അതു നൃപാലധൎമ്മത്തിന്നു പററിയതല്ല. (പുഷ്കരനോടു) കളിച്ചോളൂ.

പു—(പിന്നെയും കളിച്ചു വിജയഭാവത്തോടു) സേനകളെല്ലാം എനിയ്ക്കായി. ഇനി എന്താണു പണയം?

രാജാ— പ്രിയേ!

കേണ്മണിയേഇന്നുറക്കമോ'—എന്നമട്ടു

പല്ലവം

കാലദോഷമോയിതൊക്കയുംകളഭഗതേ!
കാലദോഷമോയിതൊക്കയും-

ചരണങ്ങൾ

1. ബാലികേഞാൻകളിക്കുംതോറും
തോലിയല്ലാതിവിടെയില്ല
മാലുകളിൽപെട്ടുപോകുമോ-മധുരമിഴി— കാല

2. നാലുദേവന്മാർകൂടി
ജാലമെതാൻചെയ്കയാണോ?
ആലംബമന്യമില്ലമേ-തരളമൊഴി— കാല

ദമ— മുന്നമേഞാൻചൊല്ലിയില്ലേ?

മന്നവകുളിനിവൃത്താൻ
സന്നാഹമുണ്ടിപ്പോഴുംഹാകഷ്ടമയ്യോ (കാല

4. ഊഴിപാലനല്ലോരാപ-
ത്തേഴിലിതുമുഖ്യമല്ലെ
കേഴമാറാസ്സനിതുമൂലം—മൽപ്രാണനാഥ! (കാല

പു— പാരിടത്തിനധികാരികൾതമ്മിൽ
ഭൂരിമോദമൊടുചൂതുകളിസ്സേ
നാരിയെന്തിനിഹ? പൊന്നുപിടിസ്സും
നേരമെന്തിനൊരുപ്പവരുന്നു?

ഹേ! നൃപാധമ! ഞാൻ ജയിച്ചാൽ എന്താണു പണയം?

രാജാ—
നാലാഴിപ്പൊന്നരഞ്ഞാണുടയൊരുധരണി
ത്തയ്യലാളും, വിചാര-
ശ്രീലാളിക്കുന്നമന്ത്രിപ്രവരരുമതുപോ-
ലാനതേരശ്വജാലം
പാലാഴിക്കുട്ടിതങ്കത്തളിരൊളിചരണം
ചേൎത്തസൗധങ്ങളുംമ-
ല്ലീലാൎഥ്യപന്തയംവെച്ചിഹകളിതുടരാം
പുഷ്കരൻമുഷ്കരൻനീ!

പു— ആത്മാഭിമാനം മൂലം വെറുതെ അപകടത്തിൽ ചെന്നു ചാടേണ്ട. ഹേ! വിരസേനാത്മജ! ദമയന്തീ സമേതനായി സുഖേന വസിച്ചു കൊള്ളുക. രാജ്യഭാരം ഞാൻ കയ്യേറ്റു കൊള്ളാം.

രാജാ— എടാ! അഹങ്കാരി! നിൻെറ വീരവാദം മതിയാക്ക്! ഇപ്പോൾ കാണിച്ചു തരാം (എന്നു വീണ്ടും കളിക്കുന്നു.)

ദമയന്തി— (തടുത്ത്)

'തിപ്പാതിരുതിപ്പാതിരു'—എന്നമട്ട്

1. വേണ്ടാകളിസ്സുണ്ടാഗ്ഗുണ്ണ മുണ്ടാകയില്ലാസ്സ!
പണ്ടാരുമിചൂതിൽഗ്ഗുണം കണ്ടാളുകളില്ല

2. ചെന്താർശരതുല്യാകൃതേ! കാന്താകളിതോററാൽ
എന്താണൊരുപന്താട്ടിഹ കാന്താരമേശതിമേ
3. രണ്ടുണ്ണികളുണ്ടെന്നിനി വീണ്ടുംപറയേണോ?
വേണ്ടാകളിവേണ്ടാ കളിവേണ്ടാമതിയാക്കൂ!
4. പരിപന്ഥികൾപരിഹാസവാക്കരിയാടുകയില്ലേ
പരിവേദനപരിതോഷമിതരുതേവരനൃപതേ!

പു— കാന്തോന്നതിസ്തുകളഭാഷിണി!യേവമൊന്നും
ഓന്തോമനേ!പറയുവാനവകാശമില്ല
തന്തോലിയുംജയവുമൊക്കെനളർധാക്കം
താന്തോന്നിയായിടയിൽനിന്നിതടയാതിരിക്കൂ!

രാജാ— ഭീമക്ഷിതീശനുടെപാവനപുണ്യപൂര
സ്തോമത്തിനുള്ളഫലമേ!കരയാതിരിക്കൂ!
സോമപ്രഭാലളിതഗാത്രി!ധരേശരക്ഷ-
ദ്ദാമപ്രതാപമതിനിക്കളിവേണ്ടതല്ലോ.

പു— (വിജയഭാവത്തോടെ)
നാടകമൊക്കെയിടാനിം
കൂടലർകലകാലനാമെനിക്കായി
പേടമൃഗാക്ഷിയെയും, നൃ-
താടണമെന്നാകിൽചെയ്യൂപണയംനീ.

രാജാ— (നമ്രമുഖനായി നില്ക്കുന്നു.)

ദമ—

'ഇന്തവിധിയെന്തലയിൽ എഴുതി
നാനോപാപിബ്രഹ്മർ' എന്നമട്ടു

1. എന്തിചണ്ണംസംഭവിപ്പാൻ എന്തലയിലേവിധിയോ?
കാന്തനേവംസംഭവിപ്പാൻ അന്തകാരേ! നൽകിയോനീ!
2. ദൈവമേനീയെന്തലയിൽ ഈവിധിയോവെച്ചിരുന്നു!
ഭൂവരനാംകാന്തനുംനീ ഈവരമോനൽകിവിട്ടു
3. ആഴികളുംദ്വീപുകളും ഊഴികളുംനഷ്ടമായി
വാഴ്വാനുള്ളില്ലംകൂടി പാഴിലായിക്കഴിഞ്ഞല്ലോ!

4. ശങ്കര നീ കടാക്ഷിക്ക! തിങ്കൾമൌലേ! കടാക്ഷിക്ക!
സങ്കടങ്ങളഖിലവും സംഹരിക്കൂ ദേവദേവ!
(എന്നു വിലപിക്കുന്നു)

രാജാ — (ആത്മഗതം)

നാടയ്യോ! നഷ്ടമായീ നിഖിലധനവുമീപ്പുഷ്കരൻ കയ്യിലായീ
കോടക്കാർവേണിയാളാം മമ ദയിതയുമീ ഗാത്രവും മാത്രമായി
കാടല്ലാതിന്നു മറ്റെന്തൊരു ശരണമെനിക്കേവമുള്ളോരു കഷ്ട-
പ്പാടയ്യോ! സംഭവിപ്പാനൊരു പിഴയുമിവൻ ചെയ്തതില്ലീശനാണേ

ഹാ! ഹാ! ഞാൻ എന്തു ചെയ്യട്ടെ!

'ദൈവഗതിക്കു ഫലാഭുവനേസ്മിൻ
നൈവ കവാടനിരോധമൊരേടം'

എന്നുണ്ടല്ലോ. കോമളാംഗിയായ പ്രിയഭൈമിയും കൂടി ഇതാ കണ്ണീർ തൂകുന്നു! എല്ലാംകൊണ്ടും ഞാൻ മഹാപാപി തന്നെ.

(ഭൈമിയോടായിട്ട്)

ഇഷ്ടപ്രേയസി! ഭീമരാജതനയേ! നീയെന്നോടൊന്നിക്കയാൽ
പുഷ്ടക്ലേശമഹാർണ്ണവത്തിരകളിൽ കേണീടുമാറായിതോ?
കഷ്ടം! ദിക്പതിമാരിലന്നൊരുവനേപ്പോലെ! വരിച്ചെങ്കിലി-
ക്കഷ്ടപ്പാട് സഹിക്കുവാനിടവരില്ലല്ലോ നിനക്കോമനേ!

(ദമയന്തിയെ ചാരിനിന്നു വിലപിക്കുന്നു)

പു — ആരവിടെ?

(തവണക്കാരൻ പ്രവേശിച്ചു) സ്വാമിൻ!

പു — മന്ത്രിയെ വേഗം വിളിച്ചുകൊണ്ടു വരൂ!

തവണ — ആജ്ഞപോലെ (പോയി)

പു — (എഴുനീറ്റു)

പന്തുവരാടി — ഏകം

പല്ലവി

നാട്ടകമിതെൻറയായി ഭവാൻ — പോകിന്നു തന്നെ.

നാടിതുവെടിഞ്ഞുവേഗം-പോകരാജ്യാഞാൻമരിക്കാം നാട

ചരണം

കാനനങ്ങൾതോറുംചെന്നു-കനികിഴങ്ങുകളുംതിന്നു
മാനസെഖേദമിയന്നു-മാനിനിയോടൊത്തുചേൻ നാട

മന്ത്രി—(പ്രവേശിച്ചു രാജാവിനേയും ദമയന്തിയേയും നോക്കി ആത്മഗതം)

ആലംബംതെല്ലുമില്ലാതതിവികലമന
സ്സായൊരിസ്സാധുഭൂമീ-
പാലൻഹാഹന്ത! ചിന്താഗ്നിയിലതികഠിനം
കത്തിനീറായിടുന്നു!
പാലഞ്ചുംവാണിയാളാംദമഭഗിനിയിതാ!
കണ്ണുനീർത്തൂകിടുന്നു!
കാലക്കേടിൻകടുപ്പം! ശിവശിവശിവനേ!
കണ്ടുനില്പാൻപ്രയാസം!

(പുഷ്കരനെനോക്കി)ഈ നിഷ്ഠുരനെന്നാണോ ഇവരെ പാലിക്കുന്നു(എന്നു മനസ്താപത്തോടെ നില്ക്കുന്നു)

രാജാ—(ഭൂഷണങ്ങളെല്ലാം അഴിച്ചു വെച്ചു)

പാക്കേപഞ്ചമാകുതയ്യോ! എന്നമട്ടു

കണ്ണികൾ

1 ഭൈമീഗുണഭൂമിബതനാമീവിധമയ്യോ
വാണീടുവൊനാണീവിധിയേണീമിഴിയാളേ!
2 നാടുംമമവീടുംമതിവാട്ടംപെടിവിട്ടേൻ
കാട്ടംകമലാക്ഷിയുമായ്ക്കൂട്ടംവിധമായി
3 തള്ളിമെത്തോരുതനുവുള്ളോരുനളിനായതമിഴിയാൾ
കള്ളിയുണ്ണിവഴിട്ടെങ്ങിനെകഴിയുന്നിതുഗമനേ
4 ശിവനേപെരുവിപിനേപരമിവനെങ്ങിനെതാനേ
ഭവനേമരുവീടുംപെടിളവനേശിവസിപ്പു!

(എന്നു കഠിന സന്താപത്തോടെ ചുററിനടന്നു ദൈമിയോടു കൂടെ പോയി.)

മന്ത്രി—(സമീപത്തു ചെന്നു) സ്വാമിൻ ജയിച്ചാലും.

പു—(ഗൌരവത്തോടെ) ഹേ! സചിവ! ഇപ്രകാരം രാജ്യത്തെല്ലാം വിളംബരം ചെയ്യണം.

നളനുംദമയന്തിക്കും
തെളിവൊടുവസ്ത്രങ്ങളന്നമെന്നിവയെ
കളവില്ലേകുന്നവരുടെ
ഗളവിച്ഛേദംവരുത്തുമോർത്താലും.

മന്ത്രി—(വിചാരം) ഈശ്വര! ഈ നഷ്ടകർമ്മം കൂടി ഞാൻ അനുഷ്ഠിക്കേണ്ടി വന്നുവല്ലൊ. (പ്രകാശം) ആജ്ഞപോലെ.

പു—എന്നാൽ ക്ഷണത്തിൽ വിളംബരപ്പെടുത്തുക. ഞാൻ എന്റെ ദിനകൃത്യങ്ങൾക്കായി പോകുന്നു. (എന്നു എണീററ) ഹാ! നേരം സന്ധ്യയായെന്നു തോന്നുന്നു. ഇതാ,

പൂർവ്വാദ്രിപ്പെണ്ണുപെററുള്ളൊരുചെറുശിശുവാം
ഭാസ്കരൻദിവ്യശോഭാ-
പൂർവ്വംതാരുണ്യമേന്തിക്കുവലയപരിതാ
പത്തെയേററംവളർത്തി
ഗർവ്വോടപ്പത്മിനിപ്പെൺമണിയുടെസഹവാ
സത്തിനാലുള്ളവീര്യം
സർവ്വംപോയ്‌വൃദ്ധനായിച്ചരമദശസമീ
പിച്ചപോൽതോന്നിടുന്നു!

(രണ്ടാളും പോയി)

മൂന്നാമങ്കം സമാപ്തം.

സംഗീത

നൈഷധം.

ഭാഷാനാടകം.

നാലാമങ്കം.

(അനന്തരം ഓരോ വസ്ത്രം മാത്രം ധരിച്ചും കൊണ്ടു രാജാവും ദമയന്തിയും പ്രവേശിക്കുന്നു)

രാജാ — (ദമയന്തിയുടെ നേരെ നോക്കിയിട്ട്)

ഹാ!ഹാ!പൂമെത്തപോയിക്കഠിനശിലശയി-
ച്ചീടുവാനായിനല്ലോ-
രാഹാരംഭീമകന്യേ!പലവിധഫലമൂ-
ലങ്ങളായ്മംഗളാംഗി!
ദാഹാവേശംശമിപ്പിപ്പതിന്നുചളിജലം;
വീടുവൻകാടുമായി
ഹാ!ഹാ!ഞാനെന്തുചെയ്വൂ!മമതലയിലെഴു-
ത്തിന്റെക്കൂത്താട്ടമെല്ലാം.

എന്നാലും ഞാൻ ഒരു പുരുഷനായതു നിമിത്തം അല്പകാലമെങ്കിലും ഇതിനെ കഴിച്ചു കൂട്ടിയെന്നു വരാം; പക്ഷെ,

നാഥനാമക്രി — ആദിതാളം

പല്ലവം

രാജാ — പ്രേമഭാജനമേ!ഭൈമീ!കാമകലസുഗുണഭൂമീ!

അനുപല്ലവം

പൂമധുരമിഴി!നാമീയാമയംകണ്ടുനയാമി   പ്രേമഭാജ

ചരണങ്ങൾ

1. പങ്കജപരിമൃദുലംനിങ്കഴലിക്കപഥത്തിൽ
സംഘടിപ്പിക്കുമ്പോളേറ്റംസങ്കടമില്ലയോധന്യേ!   പ്രേമ

2. പൊമ്പവിഴമണിച്ചുണ്ടിൽകമ്പവുംകണ്ണീർധാരയും
അമ്പരത്തിടുന്നിവനെ ചമ്പകാംഗിമൌലിമണേ. പ്രേമ
3. പേടിയുണ്ടാകരുതൊട്ടും പേടമാൻകണ്ണിമാർമണേ!
കാടിതിലുംനിന്റെഭവ്യം തേടുമീഞാൻകാവലില്ലേ? പ്രേമ

ദമ— സന്താപത്തിലുമൊന്നുപോലെസതതം
സന്തോഷകാലത്തിലും
ചെന്താർബാണസമാകൃതേ!മമപതേ!
ഞാൻപങ്കുകൊള്ളേണ്ടയോ?
കാന്താധർമ്മമിതല്ലയോ?ഗുണനിധേ!
സർവ്വജ്ഞനാകുംഭവാ-
നെന്താണിങ്ങനെചൊല്ലിടുന്നതു!മന-
ത്തിന്നുപൊട്ടുന്നുമേ!

(കാട്ടിൻ നടുവിലേയ്ക്കു നോക്കി)

'അയ്യോഞാനെന്തുചെയ്‌വേൻ' എന്നമട്ടു

പല്ലവം

രാജാ— കാന്താരത്തിങ്കൽപോലുംകാന്തേസന്തോഷം

ചരണങ്ങൾ

നോക്കുണോയുന്നൊരുനമ്മളെയൊന്നെതിരേല്ക്കുവതിന്നാണോ
തോക്കുപിടിച്ചൊരുഭടരെപ്പോലിഹതേക്കുകൾനില്ക്കുന്നു. കാന്താ
പറവികളിൽ,കുയിൽ,കേകികളെന്നിവപാട്ടുകളാട്ടങ്ങൾ
ചിറകടിമദ്ദളമിങ്ങിനെതൌര്യത്രികരസമേകുന്നു. കാന്താര

എന്നാൽ പ്രിയേ! എന്നെ ക്ഷുത്തു വല്ലാതെ വലയ്ക്കുന്നു. ഭവതിക്കും അത്യധികമായ ക്ഷീണവും വിശപ്പും ഉണ്ടായിരിക്കും. ഞാൻ എന്തു ചെയ്യട്ടെ! രാത്രി സമീപിച്ചതിനാൽ വല്ല ഫലമൂലങ്ങളും പറിച്ചു ഭക്ഷിക്കുന്നതിനു സൌകര്യവുമില്ല. ഹാ! ഇതാ! സുവർണ്ണകായങ്ങളോടു കൂടിയ രണ്ടു പക്ഷികൾ പറന്നു വരുന്നു! ഇവയെ വല വെച്ചു പിടിച്ചു ഇന്നു ഒരു വിധം കഴിച്ചു കൂട്ടാം. ജീവസന്ധാരണത്തിനു എന്തും ചെയ്കയല്ലാതെ ഗത്യന്തരമില്ല.

(വസ്ത്രമഴിച്ചു വെച്ചു മാറി അനങ്ങാതെ നില്ക്കുന്നു.)

ദമ— പ്രാണനാഥ! ഈ പക്ഷികൾ ദിനാന്തമായതിനാൽ തങ്ങളുടെ കോടരങ്ങളിലേക്കു അതിശീഘ്രം ഗമിക്കുകയാണെന്നു തോന്നുന്നു.

രാജാ— നാഥേ! മിണ്ടാതിരിക്കു! പക്ഷികൾ ഇതാ ഇങ്ങോട്ടു തന്നെ പറന്നു വരുന്നുണ്ടു.

(രണ്ടു പക്ഷികൾ പ്രവേശിച്ചു വലകൊത്തി മേല്പോട്ടു പറക്കുന്നു.

പക്ഷികൾ—

'ചേരിയിലൊരുചേല'—എന്നമട്ടു.

തന്തിന്നതിനനാനേതാനിന-ഏ-താനിന-
തന്തിന്നതനനേതനാനേ—

കണ്ണികൾ.

1. നൈഷധഭൂമിപതേപാരിൽ
ഘോഷതപംബഹുചിത്രതരം.
2. കൊന്നുകഴിപ്പാനിങ്ങളെ
വന്നുപിടിച്ചതുമതിചതുരം.
3. ആരാണിവരെന്നുംചൊല്ലാം
മാരമനോഹര-മതിശാലിൻ.
4. വികടൻപുഷ്കരനാച്ചൂതിൽ
പകടകളായവർഞങ്ങളെടോ!

(എന്നു പറന്നു പോയി).

രാജാ— ഹാ! ജഗദീശ്വര! രാജ്യവും സകലരാജ ചിഹ്നങ്ങളും പുഷ്കരനു കൊടുത്തു ഓരോ വസ്ത്രം മാത്രം ധരിച്ചു കാന്താരത്തിൽ സഞ്ചരിക്കുമ്പോൾ ഇങ്ങിനെയുള്ള ആപത്തു സംഭവിച്ചുവല്ലോ. ഹാ ദുരദൃഷ്ടമേ! ഞാൻ എന്തു ചെയ്യട്ടെ-

(എന്നു വിലപിക്കുന്നു)

ദമ— ജീവനാഥ! എന്തിനു വെറുതെ സന്തപിക്കുന്നു. മററുള്ളതെല്ലാം ആലോചിച്ചാൽ ഇതു എത്ര നിസ്സാരമാണു?

രാജാ — (മിഴിതുടച്ചു) ആത്മേശ്വരി! ഇതാ തെളിഞ്ഞ മാൎഗ്ഗങ്ങൾ കാണുന്നു. ഈ മാൎഗ്ഗത്തിൽ കൂടി നേരെ കിഴക്കോട്ടുക്കു പോകുന്നതായാൽ പയോഷ്ണിനദി കാണാവുന്നതാണ്. ആ പുഴ കടന്നു ചെല്ലുന്നതു ഭവതിയുടെ ജന്മദേശമായ കുണ്ഡിനത്തിലേയ്ക്കാണു. (വേറൊരു ദിക്കിലേക്കു നോക്കി) ഇതാ ഗന്ധമാദന പൎവ്വതം കാണപ്പെടുന്നു. ഇതു കടന്നു ചെന്നാൽ ഭവതിയുടെ മാതാവിന്റെ രാജ്യമായ ചേദിയിൽ എത്താം. (വേറൊരു വഴി കാണിച്ചു) ഈമാൎഗ്ഗത്തിൽ കൂടി ഒരു ദിവസം യാത്രചെയ്താൽ അവന്തിയിൽ ചെന്നു ചേരാം. നടക്കാവു വൃക്ഷങ്ങളാൽ ഇരുട്ടു പിടിച്ചു കാണപ്പെടുന്ന ഈ വഴിയിൽ കൂടി നേരെ വടക്കോട്ടു പോയാൽ പൂജ്യനായ ഋതുപൎണ്ണൻ വാഴുന്ന സാകേത പുരിയിലെത്താം. അതിനാൽ,

ഹനുമതോടി — ആദി —

പല്ലവി —

കേൾക്കുകെന്മൊഴിമാന്മിഴിയാളെ! പരിതാപമരുതേതുംതവ.

അനുപല്ലവി.

ജന്മാന്തരങ്ങളിൽചെയ്തകന്മഷകൎമ്മഗതിയാൽ
സന്മാൎഗ്ഗംവെടിഞ്ഞുചൂതുകളിച്ചെപ്പേരുംതോറ്റുഞാൻ — കേൾ

ചരണം.

കാന്താരസഞ്ചാരംചെയ്തു — കായ്കിഴങ്ങുകളെൻകൈയ്യാൽ
ഹന്ത! ഞാൻപറിച്ചുഭുജിച്ചെങ്ങിനെദിനംകഴിക്കും —
കാന്തേ! ദമയന്തി! എന്നോടൊന്നിച്ചുവരാതെതന്നെ
ചെന്നുചേരുകനിൻതാതമന്ദിരത്തിൽമന്ദേതരം. കേൾക്കു

(എന്നു പാടിപ്പോകുവാൻ ഭാവിക്കുന്നു)

ദമ — നാഥാ! പോകരുതേ! പോകരുതേ! (എന്നു പാടിച്ചെന്നു തഴുകുന്നു.)

രാജാ — (പ്രേമത്തോടെ ആശ്ലേഷം ചെയ്തിട്ട്)

സാവേരി-രൂപകം

പല്ലവി

ത്വൽപ്രിയതവദേഹമേററവും-ക്ഷീണിച്ചുവെങ്കിൽ
ചൊല്ലുയെന്നോടാകുലേക്ഷണേ!

അനുപല്ലവി

അപ്രിയശങ്കയശേഷംനിനക്കുവേണ്ട-
ത്വൽപ്രിയമെന്തെന്നശങ്കാഹീനംചൊല്ലുക

ചരണം

പങ്കജതുല്യമാംപാദങ്ങളിൽകല്ലും മുള്ളുംതറച്ചതിസങ്കടമേകുന്നോ
എൻകരമേന്തിനടന്നാലുമിക്കാണുംവന്മരമൂട്ടിലിരുന്നുശ്രമംതീർക്കാം

ദമ — 'ബാലാവനം തന്നിൽ' — എന്നമട്ടു

1. ചെന്താർശരോപമ-കാന്താഗുണാംബുധേ!
നിന്തിരുപദസേവയാ-ലന്തരായമില്ലമമ

2 കല്ലിലുംമുള്ളിലുംകട്ടത്തപാറപ്പുറത്തും
വല്ലഭനോടുകൂടി-വലയുന്നോർവനങ്ങളിൽ

3 മാന്തളിർകോമളമാം-നിന്തിരുമേനിയിഹ
താന്തമാകുന്നതോർത്തന്തരമുരുകുന്നു.

രാജാ — 'കാനകത്തിൽനാമലെഞ്ഞു' — എന്നമട്ടു

1 കാന്തനാകുമെന്നെയോർത്തുകാതരയായ്ക്കേണിടൊലാ
കാതിന്നുവീണാരവമേ-കണ്ണുകൾക്കുകർപ്പൂരമേ!
കാതരയായിടൊലാനീകാമിനികുലമണിയേ!

2 നാവിന്നമൃതേ!ചന്ദ്രബിംബതുല്യാനനേ!
മന്ദനോലതയിലാട്ടുംമഹിമയുള്ളപൈങ്കിളിയേ!

3 ചഞ്ചലാക്ഷി!നിന്നോടൊത്തു-സഞ്ചരിച്ചീടുമ്പോളെന്നും
ചഞ്ചലമില്ലുള്ളിലൊട്ടുംചകിതകുരംഗാക്ഷിയാളേ!

ടിമട്ടു

ദമ— സേനകൾമന്ത്രികൾമററുംമാനചിഹ്നമൊന്നുമെന്ന്യേ
മാനവേന്ദ്ര! നിന്നെക്കണ്ടുമാനസമുഴുകുന്നുമേ
കൌമുദിക്കൂടാതെചന്ദ്രൻകാണപ്പെട്ടുംനേരത്തിങ്കൽ
ശേമുഷിയ്ക്കുല്ലാസമുണ്ടോ? സോമവംശമൌലിമണേ!

രാജാ—പ്രിയതമേ! ഭവതി ഖേദിക്കേണ്ട! (ആത്മഗതം)

ഏതായാലും ഇവൾക്കു ഇപ്പോൾ തന്നെ സംശയം അങ്കുരിപ്പിക്കുന്നതായാൽ എന്റെ ഉദ്ദേശ്യം സാദ്ധ്യമാകുവാൻ പ്രയാസമാണു. അതുകൊണ്ടു ഇപ്രകാരം പറക തന്നെ. (പ്രകാശം)

എണ്ണീടാവാചനയാത്തമൽപ്രിയതമേ! നിന്നെപ്പിരിഞ്ഞിനളൻ
വാണീടാൻവഴിയില്ലെടോമൃതിഭവിച്ചീടുന്നനേരംവരെ
ക്ഷോണീപാലസുതേ! സുചന്ദ്രികയൊഴിഞ്ഞുണ്ടോകലാനായകൻ
വാണീടുന്നു? ദിവാകരൻനളിനിയെക്കൈവിട്ടുമേവീടുമോ?

ദമ—പ്രിയതമ! ഞാൻ വളരെ ക്ഷീണിച്ചിരിക്കുന്നു. അതുകൊണ്ടു നമുക്കു ഇവിടെ തന്നെ ശയിക്കയല്ലേ?

രാജാ— കാട്ടാനക്കൂട്ടമെത്തിത്തരുനിരകൾപുഴ-
ക്കുന്നാശർപ്പൂത്തങ്ങളാലും
കാട്ടാളന്മാർമുഴക്കുംകേളികളനിനദ-
ത്താലുമെൻപ്രാണനാഥേ!
പൊട്ടിപ്പൊങ്ങുന്നപഞ്ചാനനപടലികൾതൻ
ഗർജ്ജനത്താലുമാരും
ഞെട്ടീടുംകാട്ടിൽവാഴുന്നതുവലിയവിപ-
ത്തല്ലയോമല്ലനേത്രേ!

അതുകൊണ്ടു ഭവതി എന്റെ കരമവലംബിച്ചു മന്ദമന്ദം നടന്നാലും! സൌകൎയ്യമുള്ള വല്ല പ്രദേശവുമുണ്ടോ എന്നു അന്വേഷിച്ചു നോക്കാം. (ചുററി നടന്നു)

ഇതാ! ഒരു വഴിയമ്പലം കാണപ്പെടുന്നു! അവിടെ കിടന്നു രാത്രി ഒരു വിധം കഴിച്ചുകൂട്ടാം.

(ചുററി നടന്നു അതിൽ പ്രവേശിക്കുന്നതായി ഭാവിക്കുന്നു)

ഭൈമീ—ജീവനാഥ! ഗാഢനിദ്ര എന്നെ ബാധിക്കുന്നു.

രാജാ—എന്നാൽ എന്റെ മടിയിൽ ശിരസ്സു വെച്ചു കിടന്നോളൂ.

ഭൈമീ—യാത്രാശ്രമത്താലും മററും ഭവാനും നിദ്ര വരുന്നുണ്ടായിരിക്കും.

രാജാ—ഇല്ല. എനിക്കു ലേശം നിദ്ര വരുന്നില്ല. ഘോരജന്തുക്കളുടെ നിവാസസ്ഥലമായ ഇവിടെ രണ്ടു പേരും നിദ്രയെ പ്രാപിക്കുന്നതു ആപൽക്കരമാണു.

ഭൈമീ—എന്നാൽ ഞാൻ കിടക്കട്ടെ. (നളന്റെ അങ്കത്തിൽ ശിരസ്സു വെച്ചു ശയിക്കുന്നു)

രാജാ—(ഭൈമിയെ നോക്കി) ഹാ! ഭൈമി ഇത്ര വേഗം ഉറങ്ങിപ്പോയോ?

മാലേയാദിമനോജ്ഞവസ്തുനിരയെ
പ്പൂശിപ്പുരംപല്ലവ-
ത്താലേതീർത്തൊരുമെത്തമേലനുദിനം
കേറിക്കിടന്നീടിലും
കാലേനിദ്രവരാത്തൊരിക്കമനിയാ
ളുയ്യോവെറുംമണ്ണിലോ
മാലേകംവിധമിന്നഹന്ത!ശിവനേ!
നന്നായുറങ്ങുന്നതും?

അല്ലെങ്കിൽ ഇതിൽ എന്താണു ആശ്ചര്യപ്പെടുവാനുള്ളതു? എല്ലാവക്കും അവരവരുടെ അവസ്ഥാനുസരണമായ സുഖമുണ്ടെന്നു പറയുന്നതു ഇതുകൊണ്ടാണു.

ഭൈമീ—നാഥ! ഭവാൻ എവിടെയ്ക്കാണു ഗമിക്കുന്നതു?

രാജാ—ഹാ! ഭൈമിയ്ക്കു എന്നിലുള്ള അവിശ്വാസം മൂലമാണു ഇങ്ങിനെ നിദ്രയിൽ ഉറക്കെ പറയുന്നതു! ഒരു സമയം ചെട്ടന്നു ഉണന്നേക്കാം. അതിന്നു മുമ്പായി എന്റെ ഉദ്ദേശ്യത്തെ നിറവേററണം. (മന്ദം മന്ദം നടന്നു വീണ്ടും തിരിച്ചു വന്നു ഭൈമിയുടെ അരികത്തു ചെന്നു ഗൽഗദത്തോടെ)

മുഖാരി—ആദി

പല്ലവി

ഭീമഭൂപാല സുകൃതംകൊണ്ടുള്ളവായ—ജീവിതാ
ധാരമേമമം ഭീമ

അനുപല്ലവി.

ഘോരവിപത്തിലുംവേർപിരിയാത്തനിന്നേ
ക്രൂരനാംഞാൻപരിത്യജിക്കുന്നുകാനനേ ഭീമ

ചരണം

1. ഇന്ദ്രാദിദേവന്മാരുംമറ്റുഭൂപാലന്മാരും
കന്ദശരാത്ത്യാവന്നുനിർസ്വയംവരത്തിന്നു
അന്നവരെല്ലാരെയുംനിരസിച്ചുനീമേവന്നു
സാന്ദ്രാനന്ദമെൻഗളേഹാരധാരണംചെയ്തു ഭീമ

2. സ്വർഗ്ഗഭോഗങ്ങൾതുച്ഛംഎന്നുറച്ചുമനുഷ്യ—
വർഗ്ഗജാതനാമെന്നെ—അമിതാദരംവരിച്ച
നിന്നെമഹാവനെനിസ്സംശയംവെടിയും
പാതകശരിതമാമപരാധംക്ഷമിക്കുമേ ഭീമ

വേഷമ്മാററി ജനപദങ്ങളിൽ സഞ്ചരിക്കുന്നതു പുരുഷന്മാക്ക ചേച്ചയായിരിക്കും എന്നല്ലാതേ സവ്വഗുണസമ്പന്നയും സൌന്ദയ്യസംപൂണ്ണയും ആയ ഭൈമിക്കു പററുന്നതല്ല. അതിനാൽ ഞാൻ മുമ്പുകാണിച്ചിട്ടുള്ള മാൎഗ്ഗങ്ങളിലൊന്നായ വിദൎഭപുരിയിലേക്കു തന്നെ ചെന്നുചേൎന്നുകൊള്ളും ഭൈമി എന്നു സമാധാനിച്ചു വല്ല വഴിക്കും പോകുകതന്നെ. നഗ്നനായി നഗരങ്ങളിൽ ചെല്ലുന്നതെങ്ങിനേ (എന്ന് നാലുവശവും നോക്കി ആശ്ചയ്യത്തോടേ) അത്ഭുതം! ഈ അരണ്യമദ്ധ്യത്തിൽ ഇതാ ഒരു വസ്ത്രം കാണപ്പെടുന്നു (എന്നു കൈയ്യിലെടുത്തു) മനുഷ്യൎക്കു സംഭവിക്കാവുന്ന സമ്പത്തും വിപത്തും ഗുണത്തിനുവേണ്ടിയാകുന്നുവെന്നാണെല്ലോ വി

ശേഷമത്തെന്നാർ പറയുന്നതു. ഇവിടെ ഈ വാളും വസ്ത്രമില്ലാതെ കഴങ്ങുന്ന എനിക്കു ദേവിയുടെ വസ്ത്രത്തിൽനിന്നു ഒരു അംശം ഛേദിച്ചെടുക്കുന്നതിലേക്കുപയുക്തമായി തീൎന്നിരിക്കുന്നു. (എന്നു പറഞ്ഞതുപോലെ ചെയ്തിട്ടു ആപാദചൂഡം ദമയന്തിയേ നോക്കി.)

ശ്രീമാനാം ഭീമഭൂപാലകനിവനെമഹാ
 വീൎയ്യശൌൎയ്യാബ്ധിയാകും
ജാമാതാവെന്നു ചിന്തിച്ചനുദിനമധികം
 ഹന്ത ! മാനിച്ചപോന്നു;
പ്രേമാലീനൈമിയാളോംഗ്രന്ധമിവനെമഹാ-
 ലംബമായ്‌വിശ്വസിച്ചു
ഹാ! മാനംകെട്ടോരിക്കശ്ശലനിവരെയിതാ!
 ധിക്കരിച്ചു ! ചതിച്ചു !

(ദമയന്തി ക്രമത്തിൽ ഉണൎന്നു ചുററുംനോക്കി) എന്താണു ആൎയ്യപുത്രനെ സമീപത്തിലെങ്ങും കാണാത്തതു. ഇതാ ദക്ഷിണദിക്കിൽ വളൎന്നു നില്ക്കുന്ന ചെറുചെടികളും വല്ലികളും തൃണാദികളും ഒരു ഭാഗത്തേക്കു മടങ്ങിക്കിടക്കുന്നതിനാൽ ഈ വഴിക്കു ആൎയ്യപുത്രൻ പോയതായി വിചാരിക്കണം. അങ്ങിനെയാണെന്നുവരികിലും ഇതൊരു പരീക്ഷാൎത്ഥമല്ലാതെ പരമാൎത്ഥമാകയില്ല.

സാവേരി — ആദി

പല്ലവി

എന്തുചെയ്‌വതു്ഞാ-നിക്കാനനമദ്ധ്യത്തിൽ
വിവശതയോടെ വിലപിക്കയല്ലാ തെന്തു

അനുപല്ലവി

ദൈവയോഗമേവംവിധമെന്നുവന്നാൽ
വിവിധദുഃഖങ്ങൾസഹിക്കുകയല്ലാ തെന്തു

ഹാ! കഷ്ടം! ഇതിനുമുമ്പുതന്നെ ആര്യപുത്രൻ മാഹേന്ദ്രനഗരങ്ങളിലേക്കു പോകുന്നമാർഗ്ഗങ്ങളെ വിവരിച്ചതും മററും മാക്കന്നേയം എന്നെ പിരിഞ്ഞുപോകേണം എന്നു ആദ്യമെ അദ്ദേഹം കരുതിയിട്ടുള്ളതായി വിചാരിക്കണം. എന്നാൽ വസ്ത്രമില്ലാതെ (എന്നു പറഞ്ഞു തൻെറ വസ്ത്രത്തിൽനിന്നു മുറിച്ചതായി അറിഞ്ഞു) എൻെറ വസ്ത്രത്തിൻനിന്നു ഏതാനും ഭാഗം മുറിച്ചെടുത്തിരിക്കുന്നുവല്ലൊ. നിരായുധനായ ആര്യപുത്രനു നിഷ്പ്രയാസം മുറിക്കത്തക്ക മൂർച്ചയോടുകൂടിയ ഖഡ്ഗം എങ്ങിനെ കിട്ടി? ദൈവയോഗത്തിനു കാരണം കാണ്മാൻ കഴിയുന്നതോ? ഹാ! നാഥ!

കമാശ് — രൂപകം.

ഖണ്ഡങ്ങൾ.

ദുഷ്ടസത്വസഞ്ചയങ്ങൾ സഞ്ചരിക്കും ഘോരാരണ്യ
വിട്ടുപോയതോർത്തുഭീതിപാരം വളർക്കുന്നു നാഥാ.
എന്മനം ചെങ്കനൽപോലെ സന്തപിച്ചു ജ്വലിക്കുന്നു
നിൻതിരുചേവടിയല്ലാതില്ലവലംബമിനിക്കു.

ബിഹാക്

ചന്ദ്ര — രൂപകം.

1. ആര്യപുത്രൻ സ്വമേധയാലെന്നെ വഞ്ചിക്കയി
ല്ലൊരുനാളും — ഇതുമായാവിയായൊരു നീ
ചൻതൻെറ ദുശ്ചേഷ്ടിതമെന്നോർക്കുന്നു.

2. ആരെന്നാലുമവനെൻെറ ശാപമേററു
വേണുവനം തീയ്യാൽ വെന്തു പോവതുപോ
ലൊരുമുഷ്ടി ചാമ്പലാകട്ടെയിക്ഷണം തന്നെ.

സാവേരി.

ചരണം

ഒരുപൊഴുതും നാം വേർവെട്ടിടാതേ—
ചന്ദ്രനും നിലാവും ചേർന്നിരിക്കുംപോലേ

വാഴ്കയെന്നാശ്ശംസപഥങ്ങൾചെയ്തു
ശോകഭാജനമായിതപിപ്പിപ്പതോർത്താൽ എന്തു

എന്തായാലും ആൎയ്യപുത്രന്റെ അഭിപ്രായമനുസരിച്ച കുണ്ഡിനത്തിൽ ചെന്നു അച്ഛനെ കാണുകതന്നെ. എന്നല്ലാതെ ഏകാകിനിയായി വിപിനാവാസം ചെയ്യുന്നതു അബലാജനങ്ങൾക്കു വിധേയമല്ലല്ലോ. എന്താണു എന്റെ കാലിന്നു ദുസ്സഹമായ തണുപ്പു തോന്നുന്നതു? (നോക്കീട്ട്) അഹോ! എന്റെ പാദം അജഗരത്താൽ ആക്രമിക്കപ്പെടുന്നുവല്ലോ.

ഭൂരികല്യാണി—ആദി

പല്ലവി.

പോയതെങ്ങുമൽപ്രാണേശഭവാൻ
മയങ്ങിമനംമദ്ദേഹവുംതളരുന്നു പോയ

ചരണം

ഭീമാകാരനാംപെരുംപാമ്പെൻപാദം
ഗ്രഹിച്ചുക്രമത്തിൽവിഴുങ്ങുന്നിതയ്യോ
സത്തമന്മാർദീനരക്ഷാപരരല്ലോ
പാൎത്ഥിവരത്നമേപാലിക്കവേണമേ പോയ

(അനന്തരം ചാപബാണങ്ങൾ ധരിച്ച കിരാതൻ പ്രവേശിച്ച്)

കിരാതൻ.

ചാവൽ പാട്ട

ഘോരകാനനാന്തരത്തിൽ—
ആരവമുണ്ടൊന്നുകേൾപ്പൂ!
ആരതെന്നുചെന്നുവേഗാ—
ലറിക്കട്ടെഞാൻതിരക്കട്ടെഞാൻ.
തില്ലാലലാലലാലേ-തില്ലാലാല്ലേ.
2, ക്രൂരിരുട്ടിൽകൊടിയകാട്ടിൽ
ഘോരനാദംകേട്ടതാലും

ആരണ്യമവനം ചെയ്യാൻ

ആകട്ടൊന്നുപോകട്ടെഞാൻ തില്ല

ദമയന്തി— കല്യാണി—ആദി

പ്രാണനിൽപ്രിയം—ഇല്ലിനിക്കതെല്ലാം

പ്രാണേശവിരഹംതാനെയെന്നെകൊല്ലും

പ്രണതാവനതല്പരദീനബന്ധോ!

ചിന്മയാനന്ദമേദേഹിനിർവ്വാണമേ പോയ്

കിരാതൻ—

3. പച്ചക്കിളിരവമോപവിഴക്കിളിരവമോ

പിച്ചകാംഗിതൻവിളിയോ

പരിമളമുംകേട്ടിടുന്നു. തില്ലാല

(കാട്ടാളൻ ദമയന്തിയെകണ്ടാശ്ചര്യത്തോടെ) അമ്പൊ എന്തു സൌന്ദര്യം! (എന്നു പറഞ്ഞു ഭ്രമിച്ചുനില്ക്കുന്നു) (ദമയന്തി കിരാതനെകണ്ടു പൂർവ്വാധികം ഭയന്നുനില്ക്കുന്നു) കിരാതൻ—ഭയപ്പെടരുതെ! ഭയപ്പെടരുതെ!

വീണാലാപിനി! ഞാനി-
ക്കാണാകുംകാട്ടിലുള്ളൊരുകിരാതൻ
എണാക്ഷി! ജാതിഭേദം
പ്രാണാപായംവരുന്നനേരത്തോ.

ഈ പെരുമ്പാമ്പിനെ ഞാൻ ഉടൻതന്നെ വധിക്കുന്നുണ്ടു. ധൈര്യമായിരുന്നാലും. (എന്നു പറഞ്ഞു ബാണം പ്രയോഗിച്ചു പെരുമ്പാമ്പിനെ വധിച്ചിട്ട്) ഹേ സുന്ദരീ! നിന്നെ ഉപദ്രവിച്ചിരുന്ന മലമ്പാമ്പിന്റെ കഥ കഴിഞ്ഞിരിക്കുന്നതിനാൽ ധൈര്യത്തോടെ ആശ്വസിച്ചാലും.

ദമയന്തി—(കിരാതനോടായിട്ടു)

കന്നട—ആദി

ഖണ്ഡം

പരമാപത്തിലെന്നെപാലനം ചെയ്തതിന്നു

പരമേശ്വരനരുളുംമേല്ക്കുമേൽസന്മംഗളം,

കാട്ടാളൻ (ആത്മഗതം) വരുവാൻ പോകുന്ന സുഖത്തെ അടിസ്ഥാനപ്പെടുത്തി കൈവശം കിട്ടിയതുപേക്ഷിക്കുക എന്നു പറയുന്നതു എന്നോടു പറയുകയില്ല.

"യോഗം തിഥിവാരമെല്ലാം" എന്നമട്ടു്.

ഓരടിപ്പദം:

1. തൊണ്ടിമതാരുമചുണ്ടുകളെകണ്ടുകണ്മണിമയ!
അഴൽപൂണ്ടുപെണ്മണിമയ!
വരികയെന്നുടെയരികിലൊന്നുതരികതേന്മൊഴി!
മടിച്ചുടങ്ങരുതേ—സുരതേ

2. നോക്കുമോനീഎന്നെപട്ടറയിലാക്കുമോ-പിന്നെ
സുഖംചേർക്കുമോ—ധന്യേ!
തിരിയുന്നില്ലകണ്ണേറിയുന്നുള്ളവും—വരികബാലികേ
തരികനിന്നധരം—മധുരം

3. ഹന്തകോടിനിന്നേൻചന്തകോടിക്കുംപെണ്മണിവരിക
കുചപ്പൊങ്കുടംതരിക (എരട്ടി)
പാടീരക്കുഴമ്പതിക്കേകട്ടയോ—പലവഴി
ആടീടുംചികുരഭരം—ചീകട്ടയോ—തവകുച
ശാടീമൽകൈകൊണ്ടുനീക്കട്ടയോ—മധുരിമ-
വീടീരസംപാർത്തുനോക്കട്ടയോ—കാമിനി—സ്വാമിനീ!

ദമയന്തി— കന്നഡ—അടി

ഖണ്ഡം

കൃത്യാകൃത്യവിവേകംവനചരന്മാർക്കുണ്ടാകുമോ
സത്യമരചെസ്സാലുംതാനറിഞ്ഞീടുമോ?

ഹേ! വനചരവര! സന്താപം നിമിത്തം നിന്നാൽ ചെയ്യപ്പെട്ട ഉപകാരം ഞാൻ സ്വീകരിച്ചു എന്നല്ലാതെ പ്രാണനാ

ദികളിൽ പ്രിയമിനിക്കില്ല. അതിനാൽ പെരുമ്പാമ്പിനാൽ പീഡിതയായിട്ട എന്നെ കണ്ടസമയം നിനക്കുണ്ടായ ധമ്മബുദ്ധിയെമാത്രം അടിസ്ഥാനപ്പെടുത്തി കൃതാൎത്ഥനായി ഭവിച്ചാലും.

കിരാതൻ— കാവടിചിന്തു—രൂപകം

ഘനസ്തനികലമാലികേ-നിന്നെ
കാമിച്ചിട്ടന്നേൻഞാൻബാലികേ

2. നിനക്കൊരുലേശമില്ലയോ-ദയാ
പ്രാണപ്രിയനിവനല്ലയോ.

3. മൊഴിയുവിനൊരുവാചകം-മമ
ഭാവിശുഭഫലസൂചകം.

എന്നു പറഞ്ഞു അടുക്കുന്നു. (ദമയന്തി കോപത്തോടെ.)

ഉശേനി—ചാപ്പു.

ഖണ്ഡങ്ങൾ.

ധൎമ്മതേല്ലരത്തുമാറിനില്ലാതെന്നെപററി
വന്നാൽനാശമെത്തുംവേഗത്തിൽപോ.

കിരാതൻ

പോപോഎന്നുചൊല്ലിഭീഷണികാട്ടിയാൽ
പേടിപൂണ്ടോടിയൊളിപ്പവനല്ലഞാൻ

ദമയന്തി.

സാന്ത്വനവാചകമേതും ശ്രാവിക്കാത്ത-നിൻ
ദേഹംചാമ്പലാകട്ടെഎൻശാപത്താൽ.

(എന്നു ശപിക്കുന്നു) കിരാതദാഹാനന്തരം ദമയന്തി—

ധൈൎയ്യത്തിന്റെ മാററു ആപത്താകുന്ന ഉരകല്ലിൽ ഉരച്ചറിയേണ്ടതാണെ എന്നാണല്ലൊ ആപ്തവാക്യം. (അല്പം ആലോചിച്ചു) ഏങ്ങിനെതന്നെ ഉറപ്പിച്ചാലും മനശ്ചാഞ്ചല്യം മാറുന്നില്ലല്ലോ. (എന്നു പോയി.)

(ആയുധപാണികളായി അനേകം നായാട്ടുകാർ പ്രവേശിച്ചു.

ചിന്തു – അടി

1-ാമൻ — കാനനത്തിൽകടന്നുവേട്ടയാടുവതിന്നു
കൂട്ടമായ്തേതുമെൻകൂട്ടുകാരേ.

2-ാമൻ — മതിമതിആരാരോടോതെന്റെകൂട്ടുകാര് ?
മാനംകെട്ടവരാകകൊണ്ടെന്നെപറവതിന്നു
നാണംവിട്ടവരില്ലനിണക്കുസമം.

3-ാമൻ — മാനംനടിച്ചുകൈയ്യിൽവാളുംപിടിച്ചു
വേഗമോടിവരുംശൂരനെയാരറിയും.

1-ാമൻ — ചത്തമൃഗാദികളെക്കുത്തിമലത്തീടുവാൻ
ധാടിയേറുമിവനെന്താനറിയും.

4-ാമൻ — (അടുത്തുവന്നു) എന്തെട നിയ്യറിയുന്നത് ?

1-ാമൻ — നിന്റെ ശൌര്യം.

4-ാമൻ — എന്താണു താൻ കണ്ടിട്ടുള്ളത?

2-ാമൻ — അതു ഞാൻ പറയാം: വേണ്ടം വേണോ?

4-ാമൻ — ഉം ഒന്നു പറയു കേൾക്കട്ടെ.

1-ാമൻ — മുമ്പു ഒരു ദിവസം ഗോസായി ചാവടിയുടെ നേരെയു
ള്ള റോട്ടിലിട്ടു ചെന്നൻ നിന്നെചവിട്ടിയില്ലെ. അന്നാ
ന്ന നിന്റെ ശൌര്യം ഞാൻ കണ്ടത്. അവൻ എ
ത്ര ചവിട്ടീട്ടും ഒരു ഞരക്കംപോലുമുണ്ടായില്ലതന്നിക്ക്.

4-ാമൻ — അവൻ മാത്രമേ ചവിട്ടിയുള്ളു എന്നെ? ഞാൻഅവനേ
യും തട്ടിയില്ലെ ?

1-ാമൻ — അതു അന്നല്ലായിരിക്കും.

4-ാമൻ — അതേ വേറെ ഒരു ദിവസമാണ്.

1-ാമൻ — അതു ഞാൻ കണ്ടിട്ടില്ല. എങ്കിലും ഈ കൂട്ടത്തിൽ ചേ
ന്നവരും ഉണ്ടു അവനെ വിളിച്ചുചോദിച്ചാലറിയാം.

4-ാമൻ — എന്നാലെന്താ പേടിയുണ്ടോ? എനിക്കു പേടി. വി
ളിച്ചോ കാണട്ടെ ഉം ഒന്നുവിളിക്ക് (എന്നു പറഞ്ഞ് ക്ര
മത്തിൽ പുറകോട്ടു നടന്നു കടന്നു ഓടിപ്പോയി)

൨-ാമൻ- നേരമ്പോക്കുകൾ മതി. നമ്മുടെ മഹാരാജാവും ഇതാ
അടുത്തെത്തിയിരിക്കുന്നു.

(ഭീമരാജാവും സുതനും രഥത്തിൽ കയറി പ്രവേശിച്ചു)

രാജാ. മോഹനം- ആദി

ഓരടി കീർത്തനം.

നായാട്ടെത്രയും പരി- തോഷകരം താ-
നെന്നു- ചൊൽവതിലില്ലേതും സംശയം.

ചരണം

സിംഹശാർദ്ദൂലശരഭഭല്ലൂകകീശമാതംഗ
മഹിഷസൂകരാദ്യനവധിമൃഗനിവഹ
ങ്ങൾനിറഞ്ഞതിഭീകരമാമിടചേർന്നവ
നങ്ങളിൽ (നായാട്ടെത്രയും)

തോടി- രൂപകം

ദമയന്തി- ഖണ്ഡാ

ശോകമേവമനുപദാഗതമെങ്ങിനെ സഹിക്കേണ്ടതും
പോകുവാൻപുറപ്പെട്ടർകണ്ഠത്തിൽതട്ടിനില്ക്കുന്നജീവനും
ഭൂമിപാലകരത്നമാകുമെൻവല്ലഭനെയീജന്മത്തിൽ
കാണ്മാൻപോലും തരം വരാത്ത വിധത്തിൽ മൃത്യുവടുത്തുമേ
(എന്നു ചാറിനടക്കുന്നു) (അണിയറയിൽ) ഹാ! ഭീമഭൂപാല
പുത്രി!

ദമയന്തി- ആരുടെ ശബ്ദമാണിപ്പോൾ ഞാൻ കേട്ടതു് പ്രശാന്തഗാംഭീര്യാദി ഗുണങ്ങളോടുകൂടിയ ഈ ശബ്ദം ചിരപരിചിതംപോലെ തോന്നുന്നു.

(രണ്ടാമതും അണിയറയിൽ)

തുമ്പില്ലാതൊരുഞാനരണ്യമദ്ധ്യവിൽ
പെട്ടനുകാട്ടാനതൻ-

കൊമ്പിൽകോരിമെയടുത്തുകാട്ടുമിവനെ
കൊണ്ടങ്ങുവണ്ടിട്ടവേ
മുമ്പിൽകാനനചാരിമാരുടെമഹാ
കോലാഹലംകേട്ടടൻ
വമ്പിക്കുംതവഭാഗ്യവൈഭവവശാ-
ലിട്ടോടി ഭീമാത്മജ!

ദമയന്തി- എന്താണു? പ്രിയതമൻ ഈ വനത്തിൽതന്നെ ജീവിച്ചിരിപ്പുണ്ട എന്നോ? (ആലോചിച്ചു) ദൈവഗതി മനുഷ്യബുദ്ധിക്കൊതുങ്ങിയതല്ലല്ലോ.

(അണിയറയിൽ) ഭൈമി! ഭവതി എവിടെയാണു. ഗജഭയാക്രാന്തനായ ഞാൻ ഭവതിയേ അന്വേഷിച്ചു പിന്നേയും പരവശനായിത്തീന്നിരിക്കുന്നു.

ദമയന്തി- അദ്ദേഹത്തിൻെറ ശബ്ദമാത്രം കേൾക്കുന്നു. എന്നല്ലാതെ ഇവിടെ ഒരിടത്തും കാണുന്നില്ലല്ലോ. (എന്നു ചാറുന്നു)

അനന്തരം നളവേഷധാരിയായി കലി പ്രവേശിച്ചു (ദമയന്തിയെ നോക്കി)

ദേവി! ഭവതിയുടെ മാംഗല്യ ബലത്താൽ ഞാൻ ജീവിച്ചു.

ദമയന്തി (ആത്മഗതം) അംപത്തിങ്കൽ അതിധൈയ്യവനായ ആയ്യപുത്രൻ ഇത്ര ഭീരുവായി തീന്നതു എങ്ങിനെ? (എന്നു ചിന്താമഗ്നയായി നില്ക്കുന്നു)

കലി- (സ്വാഗതം) എന്താണിവളിങ്ങിനെ സ്തംഭിച്ചു നില്ക്കുന്നതു? ഈ വിധമായിരിക്കാം ഇവളുടെ പതിവ്. (പ്രകാശം) ഭൈമി! പരമാപത്തിൽനിന്നു ദൈവഗത്യാ തിരിച്ചു വന്നിരിക്കുന്ന എന്നിൽ ഇത്ര ഉദാസീനയായി നില്ക്കുന്നതു എന്താണ്?

ദമയന്തി- (ആത്മഗതം) ശബ്ദസാമ്യംകൊണ്ടു ആയ്യപുത്രൻ

തന്നെ എന്നു വിചാരിക്കാം എങ്കിലും സ്വഭാവവ്യത്യാസം പലതും കാണുന്നതിനാൽ സംശയം വർദ്ധിക്കുന്നു.

കലി- (ചാരിത്രഭംഗത്തിന്നു ശക്തിയില്ലാത്തവനായി അശക്യത്തോടെ)

കൈലാസം കൈയിലാക്കിക്കലിതമദമിവൻ
നിത്യമമ്മാനമാടാം;
നാലാഴിക്കെട്ടുപൊട്ടിപ്പുരണ്ടൊടിയിടയിൽ
ഭൂമിവെള്ളത്തിൽമുക്കാം;
കാലാഗ്നിജ്വാലയുണ്ണാം;ഖരകിരണനെയും
മൽക്കരത്താൽപിടിക്കാ-
മീലാവണ്യാംഗിയാളെപ്പുണ്ണി!പണിതൊട്ടവാൻ
പോലുമേന്നോ?വിചിത്രം!

(പ്രകാശം) ദേവി! എന്റെ ദേഹത്തിന്നു അസാമാന്യമായ തളച്ച തോന്നുന്നതിനാൽ സമയോചിതമായ ശുശ്രൂഷാദികളെ ചെയ്യാലും.

ദമയന്തി-(സ്വാഗതം) ഭഗവതി പർവ്വതരാജ കന്യേ! ഭ്രാന്തചിത്തയായ എനിക്കു പരമാർത്ഥബോധമരുളേണമേ. (വീണു പ്രാർത്ഥിക്കുന്നു. മായാരൂപം മറഞ്ഞു കലി പ്രത്യക്ഷപ്പെട്ടതുകണ്ടു ഭയപ്പെട്ടു)

ദമയന്തി- അയ്യോ! മുൻ കണ്ടറിവില്ലാത്ത ഇതു എന്തു സത്വമാണു? (എന്നു നടുങ്ങുന്നു)

കലി-(ആത്മഗതം) എന്താന്നിവൾ നടുങ്ങുന്നതു. (മായാരൂപം മറഞ്ഞതറിഞ്ഞു) എപ്പോഴാണു ഞാനീവിധം വികൃതരൂപനായതു. ഇനി ഏതായാലും പരമാർത്ഥം തന്നെ പറയാം. ഏതുവിധമെങ്കിലും ഇവളെ സ്വാധീനയാക്കണം എന്നല്ലാതെ കിട്ടിയതക്കം വിട്ടു കളയാമൊ?

ബിഹാക്-ഏകം

ഝമ്പാ

മാന്മിഴികലിന്താനെന്നുമാനസേധരിച്ചു
കൊണ്ടെൻ ചാരേവന്നിരിക്കകമ്പാലേ

ദമയന്തി-

പാപകമ്മങ്ങൾക്കുമൂലകാരണനാംഭവാനേ
വമെന്നൊടുരചാൽവതനുചിതം.

കലി-

അനുചിതമെന്നു ചൊല്ലുന്നവയെല്ലാം
മുചിതമാമെനിക്കെന്നുധരിച്ചു കൊൾക.

(എന്നു പറഞ്ഞുകൊണ്ടെടുത്തു ചെല്ലുന്നു)

ദമയന്തി- ചാരത്തണയാതേ മാറിപ്പോ

കലി- പോകനാമിരുവരുമായ് വാ.

ദമയന്തി-

ചാരിത്രഭംഗംവരുത്താനൊരുമ്പെട്ടിടുമിവനെ
തടുത്തുരക്ഷിപ്പതാരെന്നഹാ!
പ്രണേശ്വര!വീരസേനാത്മജ!താതൻഭീമമഹാരാജൻ!

(എന്നു മോഹാലസ്യപ്പെട്ടു വീഴുന്നു)

(അണിയറയിൽ)

പാരെങ്ങുംപാണിവീര്യാൽക്കടവിജയപതാ-
കാളിപാറിച്ചുകൊണ്ടി-
പ്പോരേവുംഭീമഭൂപാലകനവനിതലം
കാത്തുപോരുന്നകാലം
നേരേനിന്നുങ്കമിന്നീവിധമപനയമേറം
കർമ്മമാരാചരിപ്പൂ!
രേ! രേ! ദുർമ്മാർഗ്ഗചാരിൻ!തവഗളമിരയായ്
തീരുമെൻവാളിനിപ്പോൾ.

കലി–(നിരാശയോടെ ആത്മഗതം) നായാട്ടിന്നായി സൈന്യസമേതം വന്നിട്ടുള്ള ഭീമരാജാവിന്റെ ശബ്ദമാണിതു. ഇനിയിവിടെ നിന്നാൽ അവന്റെ കരചരിമർദ്ദനത്തിന്നു പാത്രമാകേണ്ടിവരും. അതിനാൽ വേഗത്തിൽ കതിച്ചു മണ്ടുകതന്നെ (എന്നു പോയി)

(അനന്തരം ഭീമരാജാവും സൂതനും തേരിൽ കയറി പ്രവേശിച്ചു താഴെയിറങ്ങി ശൈത്യോപചാരാദികളാൽ ദമയന്തിയുടെ മൂർഛ തെളിയിച്ചിട്ട്)

ഭീമൻ–– മകളേ! സമാശ്വസിച്ചാലും.

ദമയന്തി– അഹോ! അച്ഛനോ? ഭാഗ്യഹീനയായ പുത്രിയിതാ! നമസ്കരിക്കുന്നു.

ഭീമൻ– മകളേ! വ്യസനിക്കരുത്. കേൾക്ക! കഴിഞ്ഞുപോയതും മേലാൽ വരുവാൻ പോകുന്നതുമായ അവസ്ഥാവിശേഷങ്ങളെല്ലാം വിസ്താരമായി ശ്രീ നാരദ മഹർഷി പറഞ്ഞു ഞാൻ ധരിച്ചിരിക്കുന്നു. അതിനാൽ തേരിൽ കയറുക. കുണ്ഡിനത്തിൽ ചെന്നു സകല ദിക്കുകളിലേക്കും ചാരന്മാരെ അയച്ചു നൈഷധനെ കണ്ടു പിടിക്കാം.

ദമയന്തി– പിതാവേ! പരിണയാനന്തരം സംഭവിച്ചിട്ടുള്ള പല സംഗതികൾക്കും സാക്ഷിയായി വിളങ്ങുന്ന ഒരു പ്രദേശം സർവ്വധാ എന്നെ തപിപ്പിച്ചുകൊണ്ടുതന്നെയിരിക്കും.

ഭീമൻ– അങ്ങിനെ ശങ്കിപ്പാനില്ല. എല്ലാം ഈശ്വരേച്ഛപോലെയിരിക്കും.

എന്നെല്ലാവരും രഥത്തിൽ കയറിപോയി.

നാലാമങ്കം സമാപ്തം.

സംഗീത

നൈഷധം

ഭാഷാനാടകം.

അഞ്ചാമങ്കം.

(നളൻ പ്രകൃതസ്വരൂപനായി പ്രവേശിച്ചു)

കേദാരഗൌള-രൂപകം

പല്ലവി

മാന്മിഴിരമാസോദരിയേ—കാണ്മതിന്നുണ്ടാമോ യോഗം

അനുപല്ലവി

നിർമ്മലഹൃദയേ! പ്രിയേ! നീ എന്മൊഴിയേതും കേൾക്കുന്നില്ലയോ
മാന്മി

രാജാവു- ഇതാ! വിശേഷമായ ഒരു തടാകം. ഇതിലാകട്ടെ

ചരണം

നിർമ്മലതോയം നിറഞ്ഞു—നീല-നിറവും കലർന്നു
പങ്കേരുഹങ്ങൾ വിടർന്നു-പരഭൃതാദികൾ പാടിടുന്നു മാന്മി

(ആകാശത്തിൽ ലക്ഷ്യം വച്ചു കേട്ടതായി നടിച്ചു)

രാജാ-ഭവതി പറയുന്നതു എന്താണ്? "മുള്ളുകളാലും ദർഭാഗ്രങ്ങളാലും മുറിവേറ്റു ഒരു വിധത്തിലും നടപ്പാൻ വഹിയാതെ കുഴങ്ങുന്നതിനാൽ ആര്യപുത്രൻ വേഗത്തിൽ വന്നു എന്നെ രക്ഷിക്കേണം." എന്നോ? (ഉത്സാഹത്തോടെ) ഇതാ ഞാൻ വരുന്നു. (എന്നു ഒരു തേന്മാവിൻ ചുവട്ടിലേക്കു ചെന്നു സൂക്ഷിച്ചു നോക്കി) ഈ വൃക്ഷത്തിന്മുകളിൽ നിന്നാണല്ലോ ദേവിയുടെ ശബ്ദം കേട്ടതു

(നല്ലവണ്ണം ആലോചിച്ച് മനസ്സിലായതായി നടിച്ച്) ശബ്ദസാദൃശ്യംകൊണ്ട് എന്നെ ഭ്രാന്തനാക്കിയത് ഈ കോകിലത്തിന്റെ ധ്വനിയാണ്. (ദുഃഖത്തോടെ)

യദുകുലകാംബോധി- ചിന്തു-ശാസ്ത്രനട

ഖണ്ഡത്രം

എണ്ണമിഴിയാളെക്കാണ്മതിന്നുണ്ടോ മോഹം-ഭോ
ഗമിനിക്കെന്നോർത്തു ചല-ദിക്കിലുമോടിവല
ഞ്ഞു വശംകെട്ടു ഞാനേറ്റവും തളർന്നു.

(നാലുപുറവും നോക്കി)

2. കാനനക്കാറ്റുകൊണ്ടാടിയുലഞ്ഞിടും വൃക്ഷലതാദികളേ
നിങ്ങൾ-എൻ പ്രാണവല്ലഭയാം ദമയന്തിയേ
എങ്ങാനുമുണ്ടോ കണ്ടു-(ലജ്ജയോടെ വിരഹാന്ധഭാവത്തിൽ)

3. ഇസ്ഥിതിവല്ലേറാം ദീനനായ് കാനനംതോ
റുമലയുമെന്നെ-ക്കണ്ടു-സുസ്ഥിതന്മാരാമിവ
ർമിണ്ടിടാത്തതിലത്ഭുതമില്ലതെല്ലും.

പരദുഃഖത്തിൽ അനുകമ്പയില്ലാത്ത ഈ വൃക്ഷക്കൂട്ടരോടു ഞാൻ ഇനി മിണ്ടുകയില്ല. (മറ്റൊരേടത്തു നോക്കി) ആപത്തിനാൽ അസ്തമിത പ്രകാശനായ എന്നോടു തുല്യം ഈ പർവ്വതവും മേഘങ്ങളാൽ മൂടപ്പെട്ടു വിവരമില്ലാതായിരിക്കുന്നു.

(ആലോചിച്ച്) അതിനെയല്ല.

ദേവി! ഭൈരി!

നാഗവരാളി-ശാസ്ത്രനട

ചിന്ത

നീലനിറമിടങ്ങൾനിൻ ചികുരഭംഗി കണ്ടു-
ശൈലശിഖരങ്ങൾതോറും ചെന്നിതാ-എന്നാറം-
ആടൽപൂണ്ടൊളിച്ചുമേവുന്നു സദാ.

ചന്ദ്രികാസമാനമന്ദഹാസവദനാരവിന്ദ
നിഷ്കളങ്കംകണ്ടുശീതഭാനുവും-ക്ഷയ-വൃദ്ധി
മാനായ്യന്ദിട്ടെന്നെല്ലാടവും.
(എന്നുവിചാരശോകാദികളാൽ പീഡിതനായി ഇരിക്കുന്നു)
(അണിയറയിൽ കാട്ടുതീയിൽ പെട്ട കാർക്കോടകൻ)

നാട്ടകുറുഞ്ഞി-ആദി

പല്ലവി

നിഷധരാജ്യാധിപതേ-നളനൃപതേ
വന്നാലുമെൻസവിധേ

അനുപല്ലവി

വിഷമസ്ഥിതിയിലായഞാൻവനദഹനത്തിൽപെട്ട
രക്ഷിക്കേണംനീ എന്നെകൈതൊഴുന്നേൻകമ്പിട്ടു നിഷ

ചരണം

ദേവനേതാരുവന-വാസംതുടങ്ങിയതും-
ചിവശയായുറങ്ങുമ്പോൾ-സതിയേവേർപിരിഞ്ഞതും
മായിയാവുള്ളനിൻെറചരിതങ്ങളഖിലവും
നന്മയിലറിയുംഞാൻ-അവശതയതിനി നിഷ
കദ്രുസംഭൂതനായകാർക്കോടൻഭവാനെശരണം
പ്രാപിക്കുന്നുവേഗത്തിൽവന്നുരക്ഷിക്കേണമേ,

ശങ്കരാഭരണം.ശാപ്പു

പല്ലവി

നളൻ- ഭീതിയരുതേതുമേ-ഭുജംഗമവംശശിരോമണേ

അനുപല്ലവി

ക്ലേശദവാഗ്നിയേ-തെല്ലുംനമുക്കില്ല
ചതിയരുതെൻകരതാരിൽ കയറിടുക ഭീതി

എന്നുപറഞ്ഞു അഗ്നിമദ്ധ്യത്തിൽ ചാടി അടുക്കുന്നു.

കാൎക്കോടകൻ- അഹോ! എന്താശ്ചൎയ്യം! നളൻപ്രവേശിച്ചഉടനെ തന്നെ പാവകൻ പ്രശാന്തനായി ഭവിച്ചു. അങ്ങിനെയാണല്ലൊ വരബലം!

(നളൻ അടുത്തുചെന്നു കാൎക്കോടകനെ താങ്ങിഎടുക്കുകയും ചുമലിൽ കാൎക്കോടകൻ കടിക്കുകയും ചെയ്യുന്നു)

നളൻ-

ശ്രീരാഗം-ആടി.

ഖണ്ഡം

ഏറ്റം തളൎന്നിടുന്നെൻദേഹം-പരവശമായ്-

കാൎക്കോടകൻ- (രാഗംമേൽ)

വാട്ടമകന്നുശ്രദ്ധയോടെശ്രവിച്ചീടുക
ദംശനമിതും നിണക്കശ്രേയോൎത്ഥമായ്ഭവിക്കും
ഖേദിക്കരുതേലവലേശം-കണ്ടുനിൻവേഷം
അനൎത്ഥങ്ങൾഅനവധി-വിളയിക്കുന്നവൻകലി
നിന്നകതാരിലുണ്ടവൻനിറട്ടേ-എൻവിഷംകൊണ്ടു ഖേദി

ഗോപികാവസന്തം— ത്രിപുടം

പല്ലവി

ദിവ്യ,നാംഭുജഗാധിപമൌലിമണേ-എൻ
ഭാവിശുഭാശുഭങ്ങളുരക്കേണമേ ദിവ്യ

അനുപല്ലവി

ദേഹമാത്രപരിചാരകനായ്ക്കാട്ടിൽ
കാടികാടിവലയുന്നേനേറ്റവും ദിവ്യ

ചരണം

കാൎക്കോടകൻ—

എന്തിനേറെപ്പറയുന്നുഞാൻവെറുതേ-വേഗം
സ്വന്തനാടുനഗരാദിയുംനൃപതേ-

വന്നുഭേചയും ചിരതാമസംകൂടാതെ
സന്ദേഹമേതുമില്ലഞാനുരപ്പതിൽ
ഭീമബാഹുപരാക്രമനല്ലോഭവാൻ-ഇനി
ക്ഷേമമായ്വരുംസമ്മതംപോലേതവം

തല്ക്കാലം ഭവാൻ—
കുസലേതുമണയാതെഭാസനിലയാൻതുണ്ണുമുതുപണ്ണനാം
കോസലാധിപതിയെബ്‌ഭജിച്ചിടുകബാഹുകാഖ്യയൊടുഭ്രപതേ!
ഹാ! സമസ്തകലിദോഷമസ്തമിതമാക!'മക്ഷഹൃദയം' ഉണാ-
വാസമേ!തവലഭിപ്പുമേലിലതിമേദുരംശുഭമേദിക്കമേ,

(എന്നു പറഞ്ഞു കാൎക്കോടകൻ മറയുന്നു)

നളൻ— അല്ലാ ഇത്ര ക്ഷണത്തിൽ പൊയ്ക്കളഞ്ഞുവോ. കഷ്ടം! കൈവിട്ടുപോയ എന്റെ രാജ്യാദികൾ തിരിയെ കിട്ടുന്നതിലേക്ക ഇനി എത്ര കാലം വേണ്ടിവരും എന്നും പ്രിയാസമാഗമം എപ്പോഴാണ സംഭവിക്കുക എന്നും മറവും ചോദിച്ചു അറിയേണമെന്നു ആഗ്രഹിച്ചിരുന്നു. അത് ഇപ്പോൾ ദുസ്സാധ്യമായയ്തീൎന്നു(ആലോചിച്ചു) ഏതായാലും ഉരഗനാഥന്റെ അഭിപ്രായംപോലെ സാകേതാധിപനെ ചെന്നുകാണുകതന്നെ. ദുഷ്ടമൃഗങ്ങൾ നിൎഭയം സഞ്ചരിക്കുന്ന ഈ വനപ്രദേശത്തിൽ തന്നെയാണല്ലോ എന്റെ പ്രാണേശ്വരിയെ ഞാൻ വിട്ടുപോന്നതു.

ഉത്തരഭൈരവം—മിശ്രം.
ഖണ്ഡങ്ങൾ

ക്ഷീണംപൂണ്ടുറങ്ങുന്നനേരമുപേക്ഷിച്ചോ
ടിയശേഷമെ-
യാമിനീശസമാനനേ! സഖിയായതാർ
തവകാനനേ-എവം-
മന്മനതാരിലോൎത്തുമാലേററവുംവ
ളരുന്നിതാ-

കഷ്ടം! അവളുടെ അവസ്ഥയിപ്പോളെന്തായിരിക്കും. (ആലോചിച്ചു) നിൎഭാഗ്യദശയിൽ സംഭവിച്ചതായ കഷ്ടാവസ്ഥകളെ

ഠാത്തും ഭക്ഷ്യപേയാദികളുടെ ദുർഭിക്ഷതയാൽ ഏററവും മെലിഞ്ഞും ദുഷ്ടമൃഗ കടുധ്വനി കേട്ടു ഭയന്നുംകൊണ്ടു അതി ദുഃഖിതയായ ഭൈമി ഇപ്പോഴും തന്വംഗി എന്ന പേരിന്റെ പരമാവസ്ഥയിലെത്തിയിരിക്കും. (എന്നു ചുററിനടന്നു ഒരുഭാഗത്തിൽ ചെന്നു) ഈ പുഴയും എന്റെ അവസ്ഥയെ അനുഗമിക്കുന്നതുപോലെ തോന്നുന്നു.

മോഹനം—അടി

പല്ലവി

നദിയിവളതിശാന്തയായി-ഒരുവശ
മായി-ഒഴുകീടുന്നുകൃശാംഗിയായി

അനുപല്ലവി

മോദംകുറഞ്ഞുനിജകുന്തലാംശൈവാലക
സ്സ്നേഹമകന്നുനാലുപാടുംചിതറീടുന്നു   നദി

ചരണം

തീരസ്ഥലംതകൎത്തുവൃക്ഷലതാദികളെ
ദ്ദൂരത്തിലാക്കിനിജപ്രൌഢപ്രവാഹംകൊണ്ടു
പ്രിയതമനെപിരിഞ്ഞുദേഹമേററംമെലിഞ്ഞു
പ്രിയവിരഹത്താൽമേഘവരൻവെണ്മയായ്ചമഞ്ഞു   നദി

ഈ ചെറുപുഴ സരയൂനദിയിലാണല്ലൊ ചെന്നുചേരുന്നത്. അതുകൊണ്ടു ഈ മാൎഗ്ഗത്തൂടെ ചെന്നാൽ വേഗത്തിൽ സാകേതനഗരത്തിലെത്താം. (എന്നു പറഞ്ഞു പോയി)

(അഞ്ചാമങ്കം സമാപ്തം)

സംഗീത

നൈഷധം

ഭാഷാനാടകം.

ആറാമങ്കം.

വൃദ്ധകഞ്ചുകി പ്രവേശിക്കുന്നു

കഞ്ചുകി—വാൎദ്ധക്യദശ മോശന്തന്നെ. ഇപ്പോഴത്തെ ചെറുപ്പ

ക്കാരാരും നമ്മോട്ട മിണ്ടുകയില്ലെന്നുമാത്രമല്ല നമ്മൾക്ക വല്ലതും സംഗതിവശാൽ സംസാരിക്കേണ്ടതായി വന്നാൽ ചെറുക്കന്മാക്കും ചെറുക്കികൾക്കും വലിയ നീരസവുംമുകറുവിളിപ്പും. അതുകട്ടെ, ഇപ്പോഴത്തെ എൻെറ അധികാരം കണക്കിൽകൊണ്ടിട്ടുണ്ടു. ആരായാലും എൻെറ അനുമതികൂടാതെ കൊട്ടാരത്തിനകത്തു കടപ്പാൻ സാധിക്കയില്ലല്ലൊ. ഏതായാലും വത്തമാനം പറയുവാൻ ഒരു മനുഷ്യനേയും കിട്ടാത്തതിനാൽ വല്ലാതെ മുഷിച്ചിൽ തോന്നുന്നു (എന്ന് നാലടി നടന്നു ഒരു മൂലയിൽ ചെന്നു നിന്നുറങ്ങുന്നു)

(ഒരു ബ്രാഹ്മണൻ പ്രവേശിച്ചു)

ഭീമരാജാവിൻെറ കല്പനപ്രകാരം ഭൈമിയിൽനിന്നു ഗ്രഹിട്ടുള്ള പ്രശ്നവും ധരിച്ചു അനേകരാജ്യങ്ങളിലെല്ലാം സഞ്ചരിച്ചുകഴിഞ്ഞു. ഒരു ദിക്കിലും നളമഹാരാജാവുള്ളതായി യാതൊരു സംശയവും തോന്നീട്ടില്ല. ഈ ഋതുപൎണ്ണരാജധാനിയിലും ഒന്നു തിരക്കിനോക്കാം. പററിയില്ലെങ്കിൽ നൈഷധൻ നാട്ടിലെങ്ങുമില്ലെന്നും തീൎച്ചപ്പെടുത്താം. (എന്നു പറഞ്ഞു ഗോപുരദ്വാരത്തിൽകടന്നു) ഹോ! ആരാണവിടെ? (വൃദ്ധൻെറ നിന്നുറക്കം കണ്ടു) ഇവൻ ഉറക്കമാണു. വിളിച്ചുണത്തി അനുവാദം വാങ്ങുവാനും പ്രയാസം. സമയവും അതിക്രമിച്ചു തുടങ്ങി. (എന്നു വയറു തലോടിക്കൊണ്ടു നീളെ നടക്കുന്നു. കഞ്ചുകി പെട്ടെന്നുണന്നു) ഹേ! ആരാത്? ഇത്ര ധൃതിയിൽ കടന്നു കാട്ടുന്നത്? നില്ക്കണം.

ബ്രാ—അതല്ല, ഞാൻ വേഗം വരാം. സമയം പത്തുനാഴിക കഴിഞ്ഞുപോയി. (എന്നു പറഞ്ഞുകൊണ്ടു മുമ്പോട്ടുതന്നെ നടക്കുന്നു)

കഞ്ചു—ഇങ്ങോട്ടുക്കവരണം എന്നാണ് പറഞ്ഞത്.

ബ്രാ—വരുന്നില്ലാ എങ്കിലോ?

കഞ്ചു—പിടിച്ചു തള്ളിയിഞ്ഞു കൊണ്ടുവരും.

ബ്രാ—(ആത്മഗതം) ഈ പൺണ്ടാരനെ ഇവൻ നല്ലവണ്ണം അറിയുകയില്ല. (പ്രകാശം) അതു ഏതായാലും വേണ്ടാ. (എന്നു തിരിയേ വരുന്നു)

കഞ്ചു—(സൂക്ഷിച്ചുനോക്കിമനസ്സിലായതായിനടിച്ചു) ഓഹോ! നമ്മുടെ സാമികളൊ?

ബ്രാ—അല്ല! വൃദ്ധ കഞ്ചുകിയോ?

കഞ്ചുകി—(കോപത്തോടെ) വൃദ്ധൻ എന്നു പറഞ്ഞാൽ ഞാൻ കല്ലെടുത്തു എറിയും, മുമ്പുതന്നെ പറഞ്ഞേക്കാം. അവിടത്തെ വിശേഷമെന്താണ്?

ബ്രാ—പറയത്തക്കതായൊന്നുമില്ല. ഇവിടെയൊ?

കഞ്ചു—ഇവിടെ ഇയ്യിടെ ബാഹുകൻ എന്നു ഒരു വെപ്പുകാരൻ വന്നിട്ടുണ്ട്. അദ്ദേഹത്തിന്നുസമം ഭക്ഷണപദാൎത്ഥങ്ങൾ ഉണ്ടാക്കുന്നതിന്നു ഭൂലോകത്തിൽ ആരും ഇല്ലെന്നു എല്ലാവരും പറയുന്നുണ്ടു. ഈ പ്രശംസ ശരിതന്നെ എന്നു എനിക്കും തോന്നിട്ടുണ്ട്; എന്നുമാത്രമല്ല ഈ ബാഹുകന്നു അസാമാന്യ സാരഥ്യചാതുൎയ്യവും ഉണ്ടത്രെ. സ്വാമികൾ ഇദ്ദേഹത്തെ അറിയുമൊ?

ബ്രാ—അറിയുമൊ എന്നൊ? നിഷധപുരിയിൽ വസിച്ചിരുന്നഅദ്ദേഹത്തിന്റെ കൈകൊണ്ടു പാകം ചെയ്തിട്ടുള്ള സദ്യകൾ എത്രയാണ ഞാനുണ്ടിട്ടുള്ളതു കണക്കുണ്ടൊ. എന്നു തന്നെയല്ല മഹാരാജാവിന്റെ അരമനയിൽ വെപ്പുകാരനമായിരുന്നു ഈ ബാഹുകൻ.

കഞ്ചു—നളമഹാരാജാവിന്റെ കാലവ്യത്യാസം തന്നെയായിരിക്കും ഇദ്ദേഹം ഇവിടെ വന്നു ചേരുവാനിടയാക്കിയതു.

ബ്രാ—ഏകദേശം അങ്ങിനെതന്നെയാവണം.

കഞ്ചു—എന്നാൽ സ്വാമിക്കു പഴയ ബാഹുകപാകരുചി ഇന്നു ഒന്നു പുതുപ്പിക്കാമല്ലൊ.

ബ്രാ—എന്തു സംശയം?

കഞ്ചു—സ്വാമി എന്നാൽ പോണം. സാപ്പാടുകഴിഞ്ഞു ഈ വഴിയായി തന്നെ വന്നേക്കണം.

ബ്രാ—അങ്ങിനെയാകട്ടെ. (എന്നു നടന്നുകൊണ്ടു സ്വഗതം) ഈ ബാഹുകൻ ഒരുവേള നൈഷധൻ തന്നെയായിരിക്കുമോ? എന്തൊ! (എന്നു വിചാരത്തോടെ പോയി)

(കൊട്ടാരത്തിലെ ഭോജനശാലക്കഭിമുഖനായി വരുന്ന ബ്രാഹ്മണനെക്കണ്ടു ബാഹുകൻ ആത്മഗതം)

ഈ വരുന്നതു ഭീമരാജാവിന്റെ പുരോഹിതൻ പർണ്ണാദൻ അല്ലെ? (സൂക്ഷിച്ചുനോക്കി) അതേ സംശയമില്ല. ഇദ്ദേഹത്തിന്റെ ദർശനം എന്റെ ദേഹേന്ദ്രിയാദികൾക്കു അനല്പ സുഖപ്രദമായിരിക്കുന്നു. ഭൈമീവൃത്തം വല്ലതും ഇദ്ദേഹത്തിൽനിന്നു ഗ്രഹിക്കുകയും ചെയ്യാം. (അടുത്തെത്തിയ പർണ്ണാദനോടായിട്ട്)

ചെഞ്ചുരുട്ടി—മിശ്രനട.

ഖണ്ഡങ്ങൾ

സ്വാഗതംഭൂസുരതേ-പർണ്ണാദ-വന്നീടുക
എൻസവിധെ
ഏതൊരുദിക്കിൽനിന്നുവരുന്നെന്നു-
ചൊല്ലുഞാൻകേൾപ്പതിന്നു-

പർണ്ണാദൻ

2 നൈഷധൻനാടുവിട്ടുവിപിനത്തിൽ
പോയദിവസംതൊട്ടു-ഞാനും
മാനാഭിമാനംവിട്ടുസഞ്ചാരംചെയ്തു
ന്നെങ്ങുംഭിക്ഷയേറ്റും.

ബാഹുകൻ-

3 ദേശങ്ങളിലെങ്ങാനും നിഷധേശ
വൃത്തംശ്രവിച്ചിട്ടുണ്ടോ?നൃപൻ
ഭൈമിയോടൊത്തുവനെചെയ്തിടുന്നതെ
ന്തെന്നുകേൾവിയുണ്ടോ?

പർണ്ണ—(ആത്മഗതം) ഈ ബാഹുകന്റെ പുറപ്പാടു ഭൈമീചരിതം അറിയുവാനാണു എന്നു ഞാൻ ഊഹിക്കുന്നു. ഇരിക്കട്ടെ. (പ്രകാശം) പ്രിയവിയോഗം ദുസ്സഹമാകുന്നു എന്നു സർവ്വപ്രാണികളും പ്രവൃത്തിമൂലം പ്രത്യപ്പെടുത്തിക്കൊണ്ടിരിക്കെ ആ രാജാവു ഘോരാരണ്യമദ്ധ്യത്തിൽ ചെയ്ത ഭാര്യാപരിത്യാഗം

അത്യന്തം നിന്ദ്യം എന്നുള്ളതു നിൎവ്വിവാദമാകയാൽ അതു പ്രസംഗയോഗ്യമല്ല.

ബാഹു – (ആത്മഗതം) അഹൊ! ഞാനീവിധം സൎവ്വപ്രാണികൾക്കും നിന്ദിതമായപ്രവൃത്തി ചെയ്തുവല്ലൊ(പ്രകാശം) അങ്ങിനെ പറയരുതു. ചക്രേശ്വരനായ രാജാവിന്റെ ആശയം എന്തെന്നു നമുക്കറിയാമൊ?

പൎണ്ണ—എനിക്കറിയാം.

4 ഭൈമിയുറങ്ങുന്നേരം-അവളുടെവസ്ത്രംമുറി
ച്ചെടുത്തു-നളൻദുഷ്ട-വ്യാഘ്രാദികൾ
നിറഞ്ഞവിപിനത്തിൽവിട്ടോടിപ്പോയൊളിച്ചു.

ബാഹു—ഇതു ലോകപവാദത്തിയല്ലെ? ഈ വിധം അങ്ങുന്നു ഇനിമേൽ ഒരു ദിക്കിലും പറയരുതു.

"യദീച്ഛസിവശീകൎത്തുംജഗദേകേനകൎമ്മണാ—
പരാപവാദസസ്യേഭ്യോഗാംചരന്തീംനിവാരയ."

എന്നു പറയുന്ന പ്രാചീനാൎയ്യവചനം അസ്മാദൃശന്മാർസൎവ്വദാ സ്മരിക്കേണ്ടതാണു.

പൎണ്ണ—ഞാൻ ചീത്തപറഞ്ഞുകൊണ്ടു നടക്കുന്നതായി നിങ്ങൾ വിചാരിക്കരുതു. ഭൈമിക്കു മറ്റൊരു സ്വയംവരവുംകൂടി തീൎച്ചപ്പെടുത്തി ദിഗന്തനിലയനന്മാരായ രാജാക്കന്മാൎക്കും മറ്റും അറിവുകൊടുത്തിട്ടുള്ളതായും മറ്റന്നാളാണു സ്വയംവരം എന്നും കേട്ടതു മുതൽ നളചക്രവൎത്തിയിലുള്ള എന്റെ സ്നേഹബഹുമാനാദികൾ ഏതാദൃശവാഗ്രൂപമായി പരിണമിച്ചു എന്നെയുള്ളു.

(അണിയറയിൽ മണിനാദം കേട്ട് ബാഷ്പപരിപൂൎണ്ണമായ നേത്രങ്ങളെ തുടച്ചുകൊണ്ടു)

ബാഹു—അങ്ങിനെ പൂൎണ്ണഹൃദയത്തോടെ ചക്രവൎത്തി ?രിക്കലും ചെയ്യുകയില്ല. മറ്റുവല്ല കാരണംകൊണ്ടും വന്നതായിരിക്കും. അതെന്തെങ്കിലും ആകട്ടെ മഹാരാജാവിന്റെ എഴു

ന്നൊള്ളത് സമയം സമീപിച്ചിരിക്കുന്നു. അതിനാൽ അങ്ങും മാദ്ധ്യാഹ്നികാദികൾ കഴിച്ചു വരിക.

പർണ്ണ—അങ്ങിനെതന്നെ (പോയി ഭക്ഷണവും കഴിഞ്ഞ ഭാവത്തിൽ പ്രവേശിച്ചു)

എന്തു സമാരാധനയാണു ഇവിടെ കഴിയുന്നതു? പണ്ടു നളചക്രവർത്തിയുടെ അരമനയിൽ അനുഭവിച്ചിട്ടുള്ള സ്വാദു ഇതാ ഇപ്പോഴും എന്റെ ഓർമ്മയിൽവരുന്നു. ഇതിലെന്താണു ആശ്ചര്യപ്പെടുവാനുള്ളത്. അക്കാലത്തെ നിഷധാധിപന്റെ വെപ്പുകാരനല്ലെ ഈ ബാഹുകൻ. (എന്നു ആലോചനയോടെ) ബാഹുകനുമായി സംസാരിച്ചതിൽ പലസംശയങ്ങളും ജനിക്കുന്നുണ്ടു. എതായാലും സമയോചിതമായ ചൊടിക്കൈകളേയും പ്രയോഗിച്ചിട്ടുണ്ടു. ഇനിയത്തെ പുറപ്പാടു കണ്ടാൽ കാണാം. (എന്നു പോയി)

(ബാഹുകൻ പ്രവേശിച്ചു)

ബാഹു-ഭൂസുരോത്തമനായ പർണ്ണാദൻ സത്യമായിപറഞ്ഞതായിരിക്കും എന്നു വിചാരിക്കുക. പന്ത്രണ്ടുദിവസത്തെ വഴി മൂന്നുദിവസംകൊണ്ടു എത്തുന്നതു എങ്ങിനെ. ഇതുകളെല്ലാം ആലോചിക്കുന്തോറും എന്റെ മനസ്സിന്നുഅസ്വസ്ഥതം ഭവിക്കുന്നു. ഹാ! പ്രിയ ഭാമിനി! ദമയന്തി!

ധന്ന്യാശി — മിശ്രനട

മാതകിനീവനതഃതനോടികാനനത്തിൽ എന്നമട്ട്

ഖണ്ഡങ്ങൾ

ഞാൻപിരിഞ്ഞുപോന്നതിൽപിന്നെ
നിർദ്ദയനെന്നു-ചെയ്തതെന്തുനീവനെ
താനെ-കുണ്ഡിനേശപുരത്തിലൊന്നിജ
മാതുലനഗരത്തിലോബത ഞാൻ
2 ഭീതിയാൽമോഹിച്ചുവീണിതോ-ഞാൻ
ചെയ്ത ഘോരവഞ്ചനയോർത്തോർത്തു

കേണിതൊകണ്ടമേടകൾകല്ലുമുള്ളുകൾ
കണ്ടിടാതെതാതക്കുരിരുട്ടിൽ ഞാൻ

3 വീണുവീണുകേണുകേണേററം
ക്ഷീണിച്ചുദേഹംജീവനുംപോയിചേൎന്നിതോനാകം
കാടികടുവാകാട്ടുപോത്തുകൾ
പേടിവിട്ടുനടന്നിടുംവനെ ഞാൻ

വാർഷ്ണേയൻ— സഖേ! ബാഹുക! (എന്നു വിളിച്ചുംകൊണ്ടു പ്രവേശിച്ചു)

ഒയിൽ ചിന്തു — ആദി

കാട്ടിമൂത്ത മിട കല്ലായി-എന്ന മട്ടു.

ചിന്തയിലോൎത്തിന്നിഴൽതേടുന്നുവൃഥാഎല്ലാം—
അന്ധകാരിവിലാസമെന്നോൎക്കസദാ-തവ

2 ആനതാംഗിയാരെന്നുരചെയ്കബാഹുക-
മാനസേമാൽചേൎക്കുന്നവൾനാമധേയവും.

ബാഹു—സഖേ!വാർഷ്ണേയ!നൈഷധ പരിത്യാഗാനന്തരം ദമയന്തി ദേവിയുടെ സ്ഥിതി എന്തായിരിക്കും? എന്നു ഓൎത്തു കൊണ്ടുണ്ടായ അനുകമ്പജന്യ വിധം വിലാപവാഗ്രൂപേണ പുറത്തേക്കു വന്നുപോയതാണു.

വാ—അതിരിക്കട്ടെ—മഹാരാജാവു കല്പിക്കുന്നു, "മററന്നാളത്തെ സ്വയംവരാൎത്ഥം കുണ്ഡിനത്തിലേക്കു പോകേണം എന്നു നിശ്ചയിച്ചിരിക്കുന്നതിനാൽ രഥം സജ്ജമാക്കണം" എന്നു—

ബാഹു—എല്ലാസമയത്തും സജ്ജീകൃത സ്വഭാവനാണു ഞാൻ. അതിനാൽ അവിടത്തെ എഴുന്നള്ളത്തു കാലമായാൽ രഥാരോഹണം ചെയ്യാം എന്നു മഹാ രാജാവിനെ ഉണൎത്തിച്ചു കൊള്ളു.
വാ—അങ്ങിനെതന്നെ(എന്നുപോയി)

ബാഹുകൻ—

പാരംസന്താപമാനക്ഷയജനിതവികാം

രോല്പൂരംകുട്ടിമട്ടും

നേരംതാനേമറന്നാസ്സതികുലതിലകം

വല്ലതുംചൊല്ലിയേക്കാം.

സാരംകെട്ടുള്ളക്കുട്ടക്കുമതി;ശരിയെ-

ന്നോത്തുപാരിൽപരത്തും;

സാരംഗക്കണ്ണിയാൾതൻമതിഗതിയറിവോൻ-

സംശയംലേശമില്ലം.

എന്നുതന്നെയല്ല-

വേകട-രൂപകം

പല്ലവി.

ഭീമഭൂമിപനില്ലതെല്ലം-

ശ്രുതിനിഗദിതചലനവൈകല്യം-

അനുപല്ലവി-

ഭൂമിദേവൻചൊന്നതും-

ബാഹുവാക്യമെന്നുമാത്രമല്ലോ- ഭീമ

ഭൈമിയുടെ സ്വഭാവഗാംഭീര്യാദികൾ സതീകുലാനുസൃത മാണെന്നും എനിക്കറിയാം.

ചരണം.

സുകൃതപരിപാകതുല്ല്യമായി-സിദ്ധിക്കുംസ്വൎഗ്ഗാദിസുഖങ്ങൾ

ശോകമേററമേകും പുണ്യകമ്മശക്തിനാശത്തിങ്കൽ

പിന്നെയുംജന്മജരാമരണാദ്യപായസഹിതം ജനിക്കുംജീവൻ

എന്നുള്ള പരമാത്ഥബോധമുണ്ടവൾക്കെന്നു ഞാനറിയും-ഭീമ

പ്രാണികളുടെ ഉല്പത്തി സ്ഥിതിലയഹേതുക്കളുടെ പരി ണാമ വിസ്താരങ്ങളേയും നിർവ്വാണ പ്രാപ്തിയാലുള്ള ശാശ-

താനന്ദത്തേയും നല്ലവണ്ണം പഠിച്ചറിഞ്ഞു സ്വാനുഭവമുള്ള ഭൈമി ഈ പുനർവ്വിവാഹ കാൎയ്യത്തിന്നു ഒരുങ്ങും എന്നു വിചാരിക്കുവാൻ എനിക്കു ധൈൎയ്യം വരുന്നില്ല. കേവലം പൎണ്ണാദവാക്കിനെ അടിസ്ഥാനപ്പെടുത്തി മഹാരാജാ ഋതുപൎണ്ണൻ പുറപ്പെടുന്നതു ശോഭനമായി ഭവിക്കുമൊ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. (ആലോചനയോടെ ദീൎഘശ്വാസം വിട്ടു) അഹോ! ദശാനാഥന്മാരുടെ വിപരീതാവസ്ഥയിൽ വന്നു ചേരുന്നതായ അനൎത്ഥപരമ്പരകൾക്കു അറുതിയില്ല.

സേനാവൃന്ദംതുടങ്ങിസ്സകലവിധമഹാ
രാജചിഹ്നങ്ങളോടും
ഞാനാഭൈമീവിവാഹോത്സവകുതുകിയാ-
യെങ്ങുമന്നംഗമിച്ചു?
ദീനാത്മാവായിവാഴുംജളനിവനധുനാ
സൂതനായങ്ങുചെൽവൂ!
ഹാ!നാനാമട്ടുസൎവ്വേശ്വരമതിഗതിയീ
മൎത്ത്യർനാമെന്തറിഞ്ഞു?

(അണിയറയിൽ മഹാരാജാവു ഇതിലെ എഴുന്നെള്ളാം)

ബാഹുകൻ—(കേട്ടതായി നടിച്ചു) ഓഹോ! മഹാരാജാവിൻെറ എഴുന്നെള്ളത്തായി. അശ്വഹൃദയം സ്വാധീനമുള്ള എനിക്കു രഥം സന്നദ്ധമാക്കുവാനെന്താണു പ്രയാസം? ഏതായാലും മനോരാജ്യത്തിൽനിന്നു വിരമിക്കട്ടെ.

(ഋതുപൎണ്ണനും വാൎഷ്ണേയനും പ്രവേശിച്ചു)

ഋതു—ബാഹുക! രഥം തയ്യാറായോ?

ബാഹു—സ്വാമി! രഥം സജ്ജമായിരിക്കുന്നു. ആരോഹണം ചെയ്യാം.

ഋതു—വാൎഷ്ണേയ! രഥത്തിൽ കയറുക (എല്ലാവരും തേരിൽ കയറി)

ജൈ - വേഗത്തിൽ രഥം നടത്തുക.

ബാഹു — സ്വാമി (എന്നപ്രകാരം ചെയ്യുന്നു)

ജൈ — സാരഥേ! പണ്ടു ഭൈമീകാമുകന്മാരായി സ്വയംവരത്തിന്നു പുറപ്പെട്ടു പോയ രാജാക്കന്മാരുടെ കൂട്ടത്തിൽ നമുക്കും അല്പം ഇഛാഭംഗം നേരിട്ടിട്ടുള്ളതിപ്പോൾ പുനര്വിവാഹം കൊണ്ടു ഉപശാന്തി വരുത്താം.

ബാഹു —(ആത്മഗതം) ഇതെന്താണു ഇദ്ദേഹമിങ്ങിനെ പറയുന്നതു? നീതിജ്ഞനായ ഋതുപൎണ്ണന്റെ സ്വഭാവം തൃതീയ പുരുഷാൎത്ഥ പരമായി തിൎന്നിരിക്കുന്നു എന്നുള്ളു എനിക്കത്യാശ്ചൎയ്യജനകമായിരിക്കുന്നു.

ജൈ — ഗോപികാവസന്തം — രൂപകം.

പല്ലവി.

കേൾക്ക ബാഹുക! മാമകവചനം-
കുണ്ഡിനാലയത്തിന്നുഞാൻപോയകഥാസാരം

അനുപല്ലവി.

മുന്നമെഭൈമിയേകാമിച്ചു ചെന്നുഞാ-
നന്നുനിഷധേശനെവരിച്ചിടിനാൾ

ചരണം.

രാജരാജൻചെയ്തുപുണ്യപൂരംദേവ
രാജാദികൾക്കുമാശ്ചൎയ്യമായിതോന്നിപരം.
രാജീവലോചനയുംനളുകണ്ഠത്തിൽ
മാലചേൎക്കുന്നതുംകണ്ടുതിരിച്ചുഞാൻ

അതുകൊണ്ടു ഇപ്പോഴത്തെ യാത്രയിൽ യഥാകാലം അവിടെ ചെന്നുചേൎന്നാൽ നിരാശക്കവകാശമില്ലെന്നു തന്നെയാണു തോന്നുന്നതു.

ബാഹു-അവിടെ ചെന്നു ചേരേണ്ട സമയത്തെപ്പറ്റി മഹാരാ

ജാവിന്നു സംശയം വേണ്ട- മുറസ്സുവിടെ എത്തിച്ചുകൊള്ളാം.
(ആത്മഗതം) അവിടുന്നത്തോട്ടുള്ള കാൎയ്യം എങ്ങിനെയാണു
കലാശിക്കുക എന്നതു കണ്ടാലറിയാം.

ഋതു- മോഹനം-ആദി

പല്ലവി

സാരഥ്യചാതുൎയ്യം-ഹേ!ബാഹുക!കാക്കന്തോറുമാശ്ചൎയ്യം

അനുപല്ലവി

തുരഗഗതിവേഗത്താലിനിക്കസമീപസ്ഥമായി

ഒരുസാധനവുംകാണ്മാനില്ലുനിമിഷംപോലും സാരഥ്യ

വാ-(ആത്മഗതം) രഥവേഗവും അശ്വങ്ങളുടേയും സാരഥിയുടെ
യും മനസ്സിൻെറ ഐക്യവും കൂടി കാക്കുമ്പോൾ നിഷധാധി
പസ്മരണയുണ്ടാകുന്നു.

ഋ-ബാഹുക! രഥം അല്പനേരം നിറുത്തുക, ക്ഷണനേരംമുമ്പു എ
ൻെറ ചുമലിൽനിന്നു വീണുപോയ വസ്ത്രം വാൎഷ്ണേയൻ പോ
യി എടുത്തുകൊണ്ടു വരട്ടെ.

ബാ-സ്വാമി ഇതത്ര എളുപ്പത്തിൽ സാധിക്കുന്നതല്ല. ഉത്തരീ
യം വീണസ്ഥലത്തേക്ക ഇവിടുന്നു ഒരു യോജനയുണ്ടു.

ഋ-നമുക്ക തൻെറ സാരഥ്യസാമൎത്ഥ്യംകണ്ടു അധികം പ്രീതി വ
ൎദ്ധിച്ചിരിക്കയാൽ തനിക്ക ഒരു ആശ്ചൎയ്യകരമായ വിദ്യാനൈ
പുണ്യം കാണിച്ചുതരാം.

ബാ-എന്നാലിതാ അടിയൻ രഥം ഉറപ്പിച്ചിരിക്കുന്നു.

ഋ-അതാ ആ നില്ക്കുന്ന താന്നിമരത്തെ ലക്ഷ്യമാക്കി ഞാൻ ഒരു
അസ്ത്രം അഭിമന്ത്രിച്ചു അയച്ചിട്ടുണ്ടു. അതു ഫലിച്ചുവൊ എന്നു
അവിടെചെന്നു നോക്കിവരണം.

ബാ-സ്വാമി! (വാൎഷ്ണേയനോടു) സഖേ! വാൎഷ്ണേയ!ഭവാൻ അ
ശ്വങ്ങളെ ആശ്വസിപ്പിച്ചാലും.

വാ-അങ്ങിനെയാകട്ടെ (ബാഹുകൻ പോയി വൃക്ഷം കണ്ടു വിസ്മയാവിഷ്ട ചിത്തനായിട്ടു)

ബാ- അഹോ! എന്താശ്ചര്യം! ഈ വൃക്ഷത്തിലുള്ള എല്ലാഇലകളും ഫലങ്ങളും തുളഞ്ഞിരിക്കുന്നു. ഉപദേശമാഹാത്മ്യം അങ്ങിനെയാണല്ലോ. (എന്നു വൃക്ഷച്ചുവട്ടിൽ നില്ക്കുകയും കലിപ്രത്യക്ഷപ്പെടുകയും ചെയ്യുന്നു)

ബാ-ഇതാ പ്രാണികളുടെ പരമദ്രോഹിയായ കലി.എടാ,

സമസ്തസജ്ജനാവലിക്കനർത്ഥമേകിടുന്നാദു-
സ്സമത്ഥനായ്മഹീതലേമദിച്ചിടുന്നഹോ! കലേ!
അമത്തിനിന്റെദപ്പമിന്നടക്കികൊസ്ഥിടുംവിധം
പ്രമത്ത!നിന്റെകണ്ഠനാളിവാളിനാലറുത്തിടും.

(എന്നു കുപിതനായി നില്ക്കുന്നു)

കലി-അല്ലേ വീരസേനാത്മജാ! അങ്ങെന്താണീവിധംവിവേകശൂന്യന്മാരേപ്പോലെ പറയുന്നതു?

"പ്രാണികളുടെ ദുഷ്കർമ്മാനുസാരമായ ഫലം കാരാഗൃഹത്തേയും അനുഭവിപ്പിച്ചു പാപോപശാന്തി വരുത്തുക" എന്നതു എന്റെ ധർമ്മമാണു; ഇതിലെത്രമാത്രം തെററുണ്ടെന്നു ആലോചിച്ചാലും.

ബാ-ശമിതകോപനായി. ഹേ! കലേ! അങ്ങയുടെ ആജ്ഞാവശഗനായ എന്റെ അനുഭവം ലോകസീമാതിക്രാന്തമായി ഭവിക്കയാൽ വിവേകംവിട്ടു പറഞ്ഞുപോയ അപരാധം ക്ഷമിക്കേണമെ.

കലി- അല്ലയൊ നളമഹാരാജാവെ! എന്റെ ബാധകൊണ്ടു അങ്ങും അതികഷ്ടമനുഭവിച്ചു എന്നു വരികിലും ധർമ്മൈകപരനായി കൃത്യനിഷ്ഠനായിരുന്നതിൽ ഞാൻ വളരെ വളരെ സന്തോഷിക്കുന്നു. അങ്ങയുടെ എന്തഭീഷ്ടമാണു ഞാൻ സാധിക്കേണ്ടതായിട്ടുള്ളതു?

ബാ—കാർക്കോടകൻ, ദമയന്തി, നളൻ, ഋതുപർണ്ണൻ എന്നിനാലു പേരെ സ്മരിക്കുന്ന ദിക്കുകളിൽ അങ്ങുന്നു ബാധിക്കയില്ലെന്നു ശപഥം ചെയ്യാലും!

കലി—അങ്ങിനെതന്നെ.

സോമവംശഭവനായനൈഷധ!ഭവാനെയുംസതികാമൌലിയാം
ഭീമഭൂമിപവരപുത്രിയേയുമൃതുപർണ്ണകദ്രുവരേയുമെ
ഈമഹീവലയവാസിവർഗ്ഗമനുവാസരംസ്മരണചെയ്കിലെ-
ന്നാമയങ്ങളുണ്ടായില്ലശങ്കരപദങ്ങളാണെയിതുസത്യമാം.

ബാ—ഇന്നു ഭവാനെ ഞാൻ പ്രത്യക്ഷത്തിൽകണ്ട താന്നി എന്ന വൃക്ഷവിശേഷങ്ങളിൽ സർവ്വദാ അങ്ങു ഇരുന്നരുളേണമേ!

കലി–അങ്ങിനെയാകട്ടെ-മഹാ രാജാവും വേഗത്തിൽ കുണ്ഡിനത്തിൽ ചെന്നു പത്നി പുത്രന്മാരോടു കൂടി നിഷധത്തിലെത്തി പുനർദ്യൂത കൃത്യത്തിൽ പുഷ്കരനെ ജയിച്ച പൂർവ്വസ്ഥിതിയേ പ്രാപിച്ചാലും-ഞാൻ പോയ്ക്കൊള്ളാം-സർവ്വമംഗളവും അങ്ങേക്കുണ്ടാകട്ടെ-(എന്നു പോയി)

ബാ—(ആത്മഗതം) കാര്യാദികളെല്ലാം കാർക്കോടകന്റെ ദീർഘദർശനാനുസാരിയായിതന്നെയാണ വരുന്നതു. ഇതുകൊണ്ടു ഭൈമീ പരിണയവും ദോഷ്ഠതന്നെ എന്നു തീർച്ചപ്പെടുത്താം, (എന്നു ഋതുപർണ്ണസമീപത്തിൽ വന്നു വണങ്ങി നില്ക്കുന്നു)

ഋ—എന്താണു?

ബാ—സ്വാമി! അസ്ത്രപ്രയോഗം വിസ്മയനീയംതന്നെ.

ഋ—എന്നാൽ ആ വൃക്ഷത്തിന്റെ സർവ്വാവയവങ്ങളുടെ സംഖ്യയും ഗണിക്കാം.

ബാ—അതെങ്ങിനെ?

ഋ—'അക്ഷഹൃദയം' എന്ന വിദ്യാവൈഭവം കൊണ്ടു അറിയാം.

ബാ—ഈ വിദ്യ അടിയനു ഗ്രഹിക്കത്തക്കതാണെങ്കിൽ അറി ഞ്ഞാൽകൊള്ളാമെന്നുണ്ടു.

ഋ-വിരോധമില്ല. മറെറാരു വിദ്യ പകരം ഗ്രഹിച്ചല്ലാതെ ഇതു ഉപദേശിക്കരുതെന്നു ഗുരു നിയമിച്ചിട്ടുണ്ടു.

ബാ-എന്നാൽ 'അശ്വഹൃദയം' അടിയനറിയാം.

ഋ-കൊള്ളാം. അങ്ങിനെതന്നെ.

(എന്നു രണ്ടുപേരും വിദ്യ ഗ്രഹിച്ചു പുറപ്പെടുന്നു)

ഋ—ബാഹുക!ഈ പ്രദേശം കാണുമ്പോൾ കുണ്ഡിനം സമീപി ച്ചെന്നു തോന്നുന്നു.

ബാ—സ്വാമി അവിടുന്നിപ്പോൾ കുണ്ഡിനോത്തര ഗോപുര സ മീപത്തിലെത്തിയിരിക്കുന്നു.

ഋ—എന്നാൽ രഥംനിറുത്തുക(ആലോചനയോടെ ആത്മഗതം) കഷ്ടം! ദമയന്തിയുടെ രണ്ടാം സ്വയംബര വൃത്തം വിപ്രമുഖ ത്തിൽനിന്നു കേട്ടതുമുതൽ ഇതേവരെ എനിക്കുണ്ടായ വിഭ്രമം അത്ഭുതം തന്നെ-വിധിയുടെ ഘടനാശക്തി മനുഷ്യമാനസാ നുസാരിയല്ലല്ലോ- എന്തായാലും ഭീമ മഹാരാജാവിനെ ചെ ന്നു കാണുകതന്നെ-

ബാ—സ്വാമികല്പനപോലെ രഥം നിറുത്തിയിരിക്കുന്നു(രാജാവും വാർഷ്ണേയനും താഴേയിറങ്ങിട്ടു)

ഋതു—ബാഹുക!താൻ സല്ക്കാരരാജമന്ദിരത്തിൽ പോയി വേണ്ടു ന്ന ഏർപ്പാടുകളെല്ലാം ചെയ്തുകൊൾക(എന്നുപോയി)

ബാഹു—നമുക്കു രഥശാലയിൽചെന്നു വേണ്ടുന്ന കാര്യാദികൾ നടത്തുകതന്നെ (എന്നുപോയി)

ആറാമങ്കം സമാപ്തം.

സംഗീത

നൈഷധം

ഭാഷാനാടകം

ഏഴാമങ്കം

(ഒരു സഖി പ്രവേശിച്ച് ആത്മഗതം) വിദ്യാമാതാവായ ദമയന്തീദേവിയുടെ സംശയ നിവൃത്തിക്കവേണ്ടിയാണല്ലൊ ഋതുപർണ്ണമഹാരാജാവിനെ സൂത്രത്തിലിവിടെക്ക വരുത്തിയതു. മേൽ വേണ്ടുന്ന കാര്യാന്വേഷണാദികൾ ചാതുര്യമായി നടത്തണമെന്നു പ്രിയസഖി മുമ്പുതന്നെ എന്നെ ഏല്പിച്ചിട്ടുള്ളതിനാൽ ഒന്നാമതായി ബാഹുകനെ തന്നെ ഒന്നു തിരക്കിനോക്കാം (എന്നു പറഞ്ഞു ചുററി നടന്നു ബാഹുകൻെറ നേരെ ചെല്ലുന്നു)

ബാഹു — ആരാണു അതാ ഒരു സ്ത്രീ വരുന്നതു. (സൂക്ഷിച്ചുനോക്കി) ദമയന്തിയുടെ ഇഷ്ടസഖി കേശിനിയാണു അതാ വരുന്നതു. ഇവളുടെ കാഴ്ചയിൽനിന്നു പൂർവ്വാനുഭവങ്ങളിൽ ചിലതെല്ലാം ഓർമ്മവരുന്നു. (എന്നുമനോരാജ്യത്തോടെ നില്ക്കുന്നു. കേശിനി അടുത്തുചെന്നു)

കേശിനി — ആര്യ! പരിചയമൊന്നുമില്ലാതെ നിസ്സംശയം സംസാരിപ്പാനൊരുങ്ങു നതിൽനീരസംതോന്നാതിരിപ്പാൻ അപേക്ഷിക്കുന്നു. ആശ്ചര്യജനകമായ ചേഷ്ടയാദികളുടെ ദർശനകൌതുകം നിമിത്തം ചില സംഗതികൾ ഗ്രഹിച്ചാൽ കൊള്ളാമെന്നു കരുതി പ്രാർത്ഥനാപൂർവ്വകം ചോദിച്ചുകൊള്ളുന്നു.

ബാഹു — കേൾക്കട്ടെ.

കേശിനി —

ജവാലിവിടെയാഗതംഭവാനിതാരുടേതാണെടൊ
ഭവാനുടയനാമമെന്തധികദൂരമോദേശവും

ദിവാപതിമറഞ്ഞിട്ടു നളവിലെന്തു വന്നിട്ടവാം
നവോദമിതിന്നുത്തരം തരികസാരഥേ! സത്വരം

ബാഹു — ഭൂരികല്യാണി — ഏകം-മിശ്രനട
നീമാട്ടലേമായന്നു. എന്നമട്ട.

പല്ലവി

കോസലേശസാരഥിയഹം-ബാഹുകാഭിധ്യനാകുന്ന
ഞാനെന്നു ധരിക്ക

അനുപല്ലവി

ഭൈമീപുനർവ്വിവാഹ-വൃത്തംകേട്ടു ഞാൻ വന്നൂ നൃപൻ കോ

ചരണം

കേ. വാർത്തയിതിവിടങ്ങളി-ലെങ്ങുമേ ഞാൻ കേൾക്കുന്നില്ല
ബാ. സത്യവ്രതയല്ലോ സതീ-രത്നമാകും ദമയന്തി കോ

കേശിനി-ആര്യ! മുമ്പൊരിക്കൽ കോസലത്തിൽവച്ചു പർണ്ണാദൻ പറഞ്ഞതിന്നുത്തരം പറഞ്ഞതാരാണു.

ബാഹു-ഇത്തരം വർത്തമാനങ്ങൾ പറഞ്ഞു സമയം പോക്കുവാൻ എനിക്കു തരമില്ലാത്തതിനാൽ ഭവതിയേ മറ്റൊരു സന്ദർഭത്തിൽ സാവധാനമായി സന്ദർശിച്ചുകൊള്ളാം.

കേശി-ആര്യന്റെ മാധുര്യഗാംഭീര്യാദി രസങ്ങളോടു കൂടിയ വാക്കുകളുടെ സാരം ഏതാനും ഞാൻ ഗ്രഹിച്ചു. ഞാനിപ്പോൾ പോകുന്നു. അടുത്തു കണ്ടുകൊള്ളാം. (എന്നു പോയി)

ബാഹു-ഓരോ സംഭവങ്ങളും മഹാനായ കാർക്കോടകന്റെ വാക്കനുസരിച്ചുതന്നെയാണു വരുന്നതും. അല്ലെങ്കിൽ ധർമ്മവിവേകജ്ഞാനം സിദ്ധിച്ചിട്ടുള്ള സതിമാരിൽ ശങ്കയാർക്കാണു ജനിക്കുക. (എന്നുചുറ്റിനടന്നു ഒരുഭാഗത്തുനോക്കി) അഹോ! എന്റെ പ്രാണപ്രിയ ഭൈമിയിതാ വരുന്നു. ഇവളാകട്ടെ.

യദുകുലഗാംബോധി-രൂപകം.

അന്നമേറാൻപൊററ-എന്നപോലെ.

ഖണ്ഡങ്ങൾ

1. എൻവിരഹവ്രതനിഷ്ഠയാൽദേഹംചടച്ചേററവുംമെലിഞ്ഞു
കൈകാൽകഴഞ്ഞു-ഗതിയുലഞ്ഞു
വന്നീടുംഭൈമിയേകണ്ടുമതിഭ്രമംപൂണ്ടുഞാനുംവലഞ്ഞു.

2. ദമ-ത്രൂപംവികൃതമെന്നാലുംനിഷധേശസാമ്യ-
ഈബാഹുകനിൽ-കാണുന്നെന്നു
സഖിയിന്നു-ഓടിവന്നു-ചൊന്നതുകേട്ടെൻെറ
കഷ്ടകാലമിന്നുതീരുമെന്നോത്തീടുന്നു.

ബാഹു-സ്വരൂപഗ്രഹണാവസരം സമീപിച്ചിരിക്കുമ്പോൾ എ ന്തിനാണു ഞാനിവളെ ദുഃഖിപ്പിക്കുന്നതു. (എന്നു പറഞ്ഞു പൂർവ്വരൂപം ഗ്രഹിക്കുന്നു)

ദമയന്തി-അഹോ! ഇതെൻെറ പ്രാണപതിതന്നെ.

കാറവടിചിന്തു-ആരമുക എന്നപോലെ.

ശോകമൊഴിച്ചെന്നെപാലിക്കേണം
പ്രാണനാഥ!നമിക്കുന്നുഞാൻ

നളൻ- ശോകമോഹാദികളെല്ലാമൊഴിഞ്ഞേൻ
പ്രിയേ!നിന്നെകാണുകയാൽ

ദമയന്തി-കാട്ടിൽവെച്ചു പെരുമ്പാമ്പിനാലെൻെറ പാദംവിഴുങ്ങ പ്പെടുകയും, ഒരു വ്യാധൻ എന്നെ രക്ഷപ്പെടുത്തുകയും ചെ യ്തു. പിന്നീടു പ്രകൃതവിരുദ്ധമായ കിരാതാഭിപ്രായങ്ങൾക്കു മാററമുണ്ടാകയില്ലെന്നു തീച്ചയായപ്പോൾ അവനെ ശപിച്ചു നാശപ്പെടുത്തേണ്ടതായും വന്നു.

രാജാ—ആപത്തുകളെല്ലാം ഒരേസമയത്താണല്ലോ വന്നുചേരുക എന്നിട്ടോ?

ദമ-പിന്നീടു കലി അങ്ങയുടെ രൂപം ധരിച്ചു എൻെറ മുമ്പിൽ വരികയും സംശയ നിവൃത്തിക്കായി കാത്ത്യായിനീദേവിയേ ഞാ

ൻ പ്രാൎത്ഥിച്ചപ്പോൾ കലിയുടെ സ്വരൂപം വെളിപ്പെടുകയുംചെ യ്തു-

നളൻ— പിന്നീട സംഭവിച്ചതു എന്താണ?

ദമ— ഏകദേശം ഇതേ സമയത്തിൽ തന്നെ നായാട്ടിന്നായി കാട്ടിൽ വന്നിരുന്ന പിതാവു ആൎത്തയായി കേഴുന്ന എന്റെ മുമ്പിലെത്തുകയും കലി അപ്രത്യക്ഷനാകുകയും ചെയ്തു.

നളൻ-പിന്നത്തെ സ്ഥിതി പ്രത്യക്ഷം തന്നെ- പ്രിയേ! എന്റെ അനുഭവത്തിന്നും ഇതിലൊട്ടും കുറവില്ല. അവയെല്ലാം സാവധാനമായി പറഞ്ഞു കൊള്ളാം.(എന്നുഗൽഗദത്തോടെ പറഞ്ഞു രണ്ടുപേരുംപോയി)

(വാൎഷ്ണേയൻപ്രവേശിച്ചു)

എന്താശ്ചൎയ്യം! ബാഹുകരൂപം ധരിച്ചു കോസലേശസന്നിധിയിൽ താമസിച്ചിരുന്നതു നളമഹാരാജാവാണെന്നുമറ്റും പ്രത്യക്ഷപ്പെട്ടതു മുതൽ എനിക്കുണ്ടായിട്ടുള്ള സന്തോഷം അതിരററതായിരിക്കുന്നു.

ഇന്നു നിഷധരാജ്യത്തിലേക്കു പോറകേണം എന്നും തേർവേഗത്തിൽ തയ്യാറാക്കണം എന്നും എന്നോട കല്പിച്ചിട്ടുള്ളതിനാൽ വേണ്ടുന്ന ഒരുക്കങ്ങളെല്ലാം വേഗത്തിൽ ചെയ്യുകതന്നെ (എന്നുപോയി)

അനന്തരം തേരിൽ കയറി നളനും ദമയന്തിയും സാരഥിവാൎഷ്ണേയനും പ്രവേശിക്കുന്നു.)

സൂതൻ- മഹാരാജാവേ! അശ്വങ്ങൾ അത്യുത്സാഹത്തോടേ അതിവേഗത്തിൽ ഗമിക്കുന്നതിനാൽ വിചാരിച്ച സമയത്തിന്നെത്രയോ മുമ്പു തന്നെ മഹാരാജാവു നിഷധ ദേശത്തിലെത്തും,

നളൻ-ശരിതന്നെ അശ്വഗതി അതിശയിക്കേണ്ടതായി തന്നെയിരിക്കുന്നു.

ദമ-നാഥ! നാം നിഷധത്തിലെത്തുമ്പോഴത്തെ അവസ്ഥ എന്തായിരിക്കും എന്നോക്കുമ്പോൾ എന്റെ മനസ്സിന്നു ഒരു പതച്ചയുണ്ടാകുന്നു.

നളൻ- പ്രിയേ! ഇതിന്നു കാരണം സുഖം കിട്ടണം എന്നുള്ള പ്രാർത്ഥനയും ദുഃഖം വരാതിരിക്കേണം എന്നുള്ള വെറുപ്പുമാണു. എന്തെന്നാൽ,

ആനന്ദഭൈരവി-രൂപകം

പല്ലവി.

പങ്കജദളകല്പിതമെത്തും-മാറാവതോ?മൽപ്രിയേ!

അനുപല്ലവി.

സങ്കടങ്ങളേകിയേററം-സന്തപിക്കേണമിവനിന്നിപ്പോഴെന്നു- പ

ചരണം

ചക്രവർത്തികളായിഅനേകംപേർ-മുൻവാണപൃത്ഥ്വീ
ചക്രവാളംതന്നെയന്നിതു-
അന്നുമുതൽക്കുള്ളകാലവ്യത്യാസങ്ങ
ളെല്ലാംവിധികൃതമെന്നുധരിച്ചാലും- പ

ദമ-ആര്യപുത്രൻ പറയുന്നതു ശരിതന്നെ- ഈ തത്വബോധമുറച്ചു നിൽക്കുവാനാണു പ്രയാസം.

പാ-മഹാരാജാവേ! അവിടുന്നിപ്പോൾ നിഷധോത്തര ഗോപുര സമീപസ്ഥമായ ഉദ്യാനത്തിലെത്തിയിരിക്കുന്നു.

നള-ശരിതന്നെ-ദേവി!നമുക്കിവിടെ ഇറങ്ങിയല്പം വിശ്രമിക്കാം. വാർഷ്ണേയൻ പോയി പുഷ്കരനേ കണ്ടു "ക്ഷത്രിയ ധർമ്മത്തിന്നു വിരുദ്ധമല്ലാത്ത ഏതു കൃത്യം പുഷ്കരന്നു ബോധ്യമാ അതിൽ മത്സരിച്ചു ജയിച്ചു എന്റെ രാജ്യാദികളേ വീണ്ടും ഗ്രഹിപ്പാൻ ഞാൻ സന്നദ്ധനായി വന്നിരിക്കുന്നതിനാൽ ഉടനെ ഒരുങ്ങിവരേണം" എന്നു ഞാൻ പറയുന്നതായി പുഷ്കരന്നറിവു കൊടുത്തു വേഗം വരണം.

വാ-സ്വാമി കല്പനപോലെ (പോയി)

(ആസ്ഥാന മണ്ഡപത്തിൽ പുഷ്കരനും മന്ത്രിയും പുരോഹിതനും ആസനസ്ഥന്മാരായി പ്രവേശിക്കുന്നു)

പുരോ- മഹാരാജാവേ! എന്താണിന്നു അവിടെക്കു ഒരു വ്യസനമാവാൻ?

പു- സ്വാമിൻ! ദേവേന്ദ്ര സദൃശനും സകല ശാസ്ത്രാർത്ഥ സമ്പ്രദായജ്ഞനും മഹാ പരാക്രമിയുമായ ഭ്രാതാവിന്റെ നേരെ ഞാൻ ചെയ്ത ക്രൂരകൃത്യം നിമിത്തം അദ്ദേഹത്തിനു സംഭവിക്കാവുന്ന കഷ്ടാദികളോൎക്കുന്തോറും ക്രൂരനായ എന്റെഹൃദയം ഇതാതകരുന്നു.

മന്ത്രി-അങ്ങിനെ വിചാരിച്ചു ദുഃഖിക്കുന്നതിലെന്താണു പ്രയോജനം? ദൈവാധീനംകൊണ്ടു ഒരുസമയംഏറെ താമസിയാതെ ചക്രവൎത്തിയെ ദൎശിപ്പാനും മറ്റും തരം വരും എന്നു വിചാരിച്ചു സമാധാനിക്കുകയാണു വേണ്ടതു.

(അണിയറയിൽ)കണ്ഡിനത്തിൽ നിന്നൊരു ദൂതൻ തിരുമനസ്സിലേ കാണ്മാൻ സമയം പാൎത്തു നിൽക്കുന്നു.

പു-വരുവാൻ പറയു-(വാർഷ്ണേയൻ പ്രവേശിച്ചു)

വാ- നളമഹാരാജാവു ദൂതനായ ഞാൻ മുഖേന നിങ്ങളെ അറിയിക്കുന്നു.

(പുഷ്കരൻ ഭക്തിയോടെ എഴുനേററു)എന്താണു ചക്രവൎത്തി കല്പിക്കുന്നതു?

വാ- "ക്ഷത്രിയ ധൎമ്മാനുസാരം നാം തമ്മിലുള്ള ജയാപജയങ്ങളെ ഇന്നു പുതുതാക്കേണം" എന്നു

പുഷ്ക- ജ്യേഷ്ഠൻ എവിടെയാണെഴുന്നള്ളി പാൎക്കുന്നതു?

വാ- നഗരോത്തരഭാഗത്തുള്ള ഉദ്യാനത്തിൽ

പു- എന്നാൽ വാർഷ്ണേയൻ പൊയ്ക്കൊള്ളു. ഞാനിതാവരുന്നു. (വാർഷ്ണേയൻ പോയി)

പു- മന്ത്രിവര! ഭവാൻ വേഗത്തിൽ ചക്രവൎത്തിയുടെ എതിരേല്പി

നു വേണ്ടുന്നോരുക്കങ്ങളെല്ലാംകൂട്ടി വരികം ഞാൻ മുമ്പുചെ നു ജ്യേഷ്ഠന്റെ തൃപ്പാദങ്ങളിൽ വീണു വന്ദിച്ച് എന്റെ മാ ലിന്യം കളഞ്ഞു കാത്തു നില്ക്കാം.

മന്ത്രി-എല്ലാം അവിടത്തെ ഹിതംപോലെ. (എല്ലാവരും പോയി)

(ഉദ്യാനത്തിൽ നളനും ദമയന്തിയും ഇരിക്കുന്നു)

(പുഷ്കരൻ പ്രവേശിച്ചു വിനയത്തോടെ)

പു- നാട്ടക്കുറിഞ്ഞി-ആദി.

പല്ലവി

ഞാനറിവേതുമില്ലാതെ-ചെയ്തപിഴകൾ-പൊറുത്തരുളുകമാനസേ

അനുപല്ലവി

ജ്ഞാനനിധിയാംഭവാൻകോപംകൊള്ളാതെന്നുടെ
പാപമകററിപരിപാലിച്ചിടേണംമേലിൽ ഞാനറി

ചരണം

ന-കാലഗതിക്കമററംവരുത്താവതോനമുക്കപോത്താൽ-അത്രയുമല്ല
കലിബാധിക്കശാന്തിവരുത്തുവതിന്നുവഴിയില്ല ത്രിമൂർത്തി
എന്നുള്ളപരമാർത്ഥമറിഞ്ഞുപദേശംതരും (കാർക്കം
മാന്യന്മാരുടെവാക്യമേതുംപിഴക്കയില്ല.

പുഷ്കരൻ- ഞാനറിവേതുമില്ലാതെ-ചെയ്തപിഴകൾ
പൊറുത്തരുളുകമാനസേ

(എന്നു പുഷ്കരൻ വീണ്ടും നമസ്കരിക്കുന്നു) (നാരദമഹർഷിയും ഭീമരാജാവും ഋതുപർണ്ണനും പ്രവേശിക്കുന്നു) നളൻ കണ്ടു വിസ്മയാദികളോടുകൂടി)

നളൻ- ഹേ! ഋഷിസത്തമ! അടിയനിതാ ഭവൽപാദാരവിന്ദങ്ങളിൽ ഭക്തിപൂർവ്വം നമസ്കരിക്കുന്നു. (ഭീമരാജാവോടായിട്ട്) മഹാരാജാവേ! ഞാനിതാ! നമസ്കരിക്കുന്നു.

നാരദൻ- അങ്ങേക്ക സർവ്വാഭീഷ്ടസിദ്ധിഭവിക്കട്ടെ. (എന്നെല്ലാവരും യഥോചിതമിരിക്കുന്നു) നളനാരദാദികളെപുഷ്കരൻ വന്ദിച്ചു നില്ക്കുന്നു. മന്ത്രിപുരോഹിതപരിവാരപുരവാസികളും പ്രവേശിക്കുന്നു)

നാരദ— നളമഹാരാജാവേ! അങ്ങയുടെ ഗ്രഹചാരോപശാന്തിക്കുവേണ്ടുന്ന ക്രിയാദികളെല്ലാം നടത്തിയതു ഞാൻ തന്നെയാണെന്നറിഞ്ഞാലും. പുഷ്കരൻ നിരപരാധിയാണെന്നും മറ്റുമുള്ള യഥാൎത്ഥജ്ഞാനം അങ്ങേക്കുള്ളതിനാൽ ഞാനധികം പറയുന്നില്ല.

പുഷ്കരൻ—രാജ്യാഭിഷേകസുമുഹൂൎത്തം സമീപിച്ചിരിക്കയാൽ പുരപ്രവേശത്തിനു താമസിക്കരുതു.

ഭീമൻ— സ്വപ്നേപി വിചാരിക്കാത്ത വിധത്തിൽ വന്നുചേൎന്നതായ ഈ അഭ്യുദയം എനിക്കു അത്യന്തം രുചിയുള്ളതായിരിക്കുന്നു. (എന്നെല്ലാവരും ഘോഷത്തോടെ അഭിഷേക മണ്ഡപത്തിൽ പ്രവേശിച്ച പീഠോപരി നളനെയിരുത്തി ശ്രീ നാരദമഹൎഷി അഭിഷേകം കഴിക്കകയും സൎവ്വജനങ്ങളും ഗൽഗദാനന്ദരോമാഞ്ചനിലയന്മാരാകകയും ചെയ്തു)

നാരദ— ഇനി എന്തഭീഷ്ടമാണു അങ്ങേക്കു സാധിക്കേണ്ടതു?

നളൻ— ഭഗവൻ! അവിടുത്തെ അനുഗ്രഹംകൊണ്ടു സൎവ്വേഷ്ടസിദ്ധി എനിക്കുണ്ടായിരിക്കുന്നു. ഇനിയുമങ്ങുന്നു അനുഗ്രഹിക്കുന്നുവെങ്കിൽ,

ഭരതവാക്യം

ലോകത്തിൽ സൌഖ്യദുഃഖാദികളിടതൂടരെ
കാലചക്രത്തിരിപ്പാൽ
പാകംപോലുത്ഭവിക്കാമതിൽ മതി പതറാ-
തേവരും മേവിടേണം;
ആകല്പം സാദ്ധ്വിമാരായ് സരസിജമിഴിമാർ
വാഴണം; മാനുഷന്മാ-
രാകസ്സൽകൎമ്മചിന്താരതിയൊടുവിജയി-
ക്കേണമക്ഷീണസൌഖ്യം!

അഭിനവ
സംഗീതനൈഷധം

സമാപ്തം.